എം.എം അക്ബർ

# ബൈബിളിൽ
# പ്രവചിക്കപ്പെട്ട പ്രവാചകൻ

നിച്ച് ഓഫ് ട്രൂത്ത്

**NICHE OF TRUTH**

Malayalam | Study | Bibilil Pravachikkapetta Pravachakan
ബൈബിളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ
Author: M.M. Akbar
Third Edition: June 2006
**Price: Rs. 30.00**

Publishers:
Niche of Truth | P.B. No:1981| Vyttila | Kochi-19 | Kerala | India
www.nicheoftruth.org | Email: islam@nicheoftruth.org
Distribution:
Da'wa Books | Salafi Cultural Complex | Vyttila | Kochi-19
Cover: Primrose
Type Setting: Creative Media
Printing: Screen Offset, Kochi-18

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publisher.

**ഈ** ലോകത്തിനൊരു സ്രഷ്ടാവുണ്ട്- ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ്. നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിൻെറ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിൻെറ കണക്ക് മരണശേഷം നാം സ്രഷ്ടാവിൻെറ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തൻെറ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യൻെറ രക്ഷാമാർഗം.

നമുക്ക് ലോകസ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ്നബി(ﷺ)യിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിൻെറ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് 'നിച്ച് ഓഫ് ട്രൂത്ത്'.

നാഥാ, സത്യമത സന്ദേശപ്രചരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിൻെറ നിർവഹണത്തിനു വേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**ഡയറക്ടർ**

## വായനക്ക് മുമ്പ്........

പരമകാരുണ്യകന്റെ നാമത്തിൽ
ബൈബിൾ പുസ്തകങ്ങളിലൂടെ കടന്നു പോകുമ്പോൾ
ഒരു ഭാവി പ്രവാചകനെകുറിച്ച പ്രതീക്ഷ
അവയിൽ നിറഞ്ഞു നിൽക്കുന്നതായി കാണാനാവും.
ആ പ്രവാചകൻ കഴിഞ്ഞു പോയോ?
എങ്കിൽ ആര്?
ബൈബിളിലെ സാങ്കേതിക ശബ്ദങ്ങളുടെ വെളിച്ചത്തിൽ
ഇത് പരിശോധിക്കുകയാണ് ഈ പുസ്തകത്തിൽ.
ഇതിന്റെ രചനയിൽ നേരിട്ടല്ലാതെ എന്നെ സഹായിച്ച
ഒരാളുണ്ട്. കൊച്ചിയിലെ യഹൂദപണ്ഡിതനും സുഹൃത്തുമായ
ജി.എച്ച്. ഹലേഗുവ.
പഴയ നിയമത്തെകുറിച്ച് പുസ്തകങ്ങളിൽ നിന്ന്
ലഭിക്കാത്ത പല വിവരങ്ങളും പറഞ്ഞു തന്നതും
ഹിബ്രു അക്ഷരങ്ങൾ പഠിപ്പിച്ചു തന്നതും അദ്ദേഹമാണ്.
സ്നേഹിതൻ മുഹമ്മദലി മാസ്റ്ററുടെ നിർദ്ദേശങ്ങളും
പുസ്തക രചനക്ക് സഹായകമായിട്ടുണ്ട്.
രണ്ടു പേരോടുമുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.
നാഥാ..... ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി
സ്വീകരിക്കേണമേ. (ആമീൻ)

**എം.എം. അക്ബർ**

## താളുകളിൽ


| | |
|---|---|
| ബൈബിളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ | 11 |
| സമാധാനത്തിൻെറ പ്രവാചകൻ | 19 |
| മോശെയെപോലുള്ള പ്രവാചകൻ | 23 |
| അവകാശി | 32 |
| തെരഞ്ഞെടുക്കപ്പെട്ട ദാസൻ | 37 |
| വെളിച്ചത്തിൻെറ ദൂതൻ | 43 |
| ദാവീദിൻെറ പ്രഭു | 47 |
| ആ പ്രവാചകൻ | 52 |
| യേശുവിൻെറ പിൻഗാമി | 56 |

# ഒന്ന്

## ബൈബിളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ

ബൈബിൾ പഴയതും പുതിയതുമായ നിയമ പുസ്തകങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് അതിലെ പ്രവചനങ്ങൾ ശ്രദ്ധിക്കാതിരിക്കാനാവില്ല. പ്രവാചകന്മാർ നടത്തിയ പലതരം പ്രവചനങ്ങൾ! അവയിൽ പലതും പൂർത്തീകരിക്കപ്പെട്ടതായി നാം ബൈബിളിൽ തന്നെ വായിക്കുന്നു. പൂർത്തീകരിക്കപ്പെടാത്തവ ഇന്നല്ലെങ്കിൽ നാളെ പൂർത്തീകരിക്കപ്പെടുമെന്ന് ക്രൈസ്തവ സമൂഹം വിശ്വസിക്കുന്നു.

ബൈബിൾ പുസ്തകങ്ങളിലെല്ലാം പരന്നുകിടക്കുന്ന ഒരു പ്രതീക്ഷയുണ്ട്. ഒരു മഹാ പ്രവാചകനെക്കുറിച്ച പ്രതീക്ഷ. പഴയ നിയമ ബൈബിളിലെ ഏറ്റവും പുരാതനമായ രചനയെന്ന് കരുതപ്പെടുന്ന പഞ്ച പുസ്തകം (തോറ) മുതൽ ഈ പ്രതീക്ഷ നമുക്ക് കാണാവുന്നതാണ്. മോശയെപോലെയുള്ള ഒരു പ്രവാചകനെകുറിച്ച പ്രതീക്ഷ.

ലോകർക്ക് മുഴുവൻ സ്വീകരിക്കാൻ സാധിക്കത്തക്ക തരത്തിലുള്ള ദൈവിക വചനങ്ങളുമായി പ്രത്യക്ഷപ്പെടാനിരിക്കുന്ന ഒരു മഹാപ്രവാചകനെകുറിച്ച പ്രവചനങ്ങൾ.

യഹൂദർ ആ പ്രവാചകനെ പ്രതീക്ഷിച്ചു. ദൈവദൂതന്മാരെന്ന് അവകാശപ്പെട്ടുകൊണ്ട് തങ്ങളുടെ മുമ്പിൽ വന്നവരോടെല്ലാം അവർ ചോദിച്ചു: 'നീ ആ പ്രവാചകനാണോ?' (യോഹന്നാൻ 1:19-22)

യഹൂദന്മാർ കാത്തുകൊണ്ടിരിക്കുന്ന ആ പ്രവാചകൻ ആരാണ്? അദ്ദേഹം കഴിഞ്ഞുപോയോ? അതോ.......?

പഴയ നിയമത്തിന്റെ പൂർത്തീകരണമാണ് പുതിയ നിയമമെന്നാണ് ക്രൈസ്തവ വിശ്വാസം. യഹൂദർ കാത്തിരുന്ന പ്രവാചകൻ യേശുക്രിസ്തുവാണെന്ന് ക്രിസ്ത്യാനികൾ വാദിക്കുന്നു.

ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. യഹൂദർ കാത്തുകൊണ്ടിരിക്കുന്ന പ്രവാചകൻ താനാണെന്ന് യേശു എപ്പോഴെങ്കിലും അവകാശപ്പെട്ടിട്ടുണ്ടോ?

'ഇല്ല'യെന്നാണുത്തരം.

പിന്നെ......?

പുതിയ നിയമത്തിലെ പുസ്തകങ്ങളുടെ കർത്താക്കളിൽ പലരും യഹൂദർ കാത്തിരുന്ന മഹാൻ യേശുവാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി ശ്രമിച്ചിട്ടുണ്ടെന്നത് ശരിയാണ്. യഹൂദർക്കിടയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുവേണ്ടി സുവിശേഷമെഴുതിയ മത്തായിയെപ്പോലെയുള്ളവർ പഴയ നിയമ പ്രവചനങ്ങൾക്ക് അനുസൃതമായി ക്രിസ്തുചരിത്രത്തെ മാറ്റിയെഴുതിയിട്ടുണ്ടെന്ന വസ്തുത ബൈബിൾ പണ്ഡിതന്മാർ ഇന്ന് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പഴയ നിയമത്തിലെ പ്രവചനങ്ങൾ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്ന പുതിയ നിയമ ലേഖകരുടെ അവകാശവാദം നിരുപാധികം അംഗീകരിച്ചുകൂടാ.

പിന്നെയെന്തു ചെയ്യണം?

മുൻ പ്രവാചകന്മാർ പ്രവചിച്ചതുപ്രകാരം ലോകത്തിലേക്ക് അയക്കപ്പെട്ട അവസാനത്തെ പ്രവാചകനാണ് താനെന്ന് യേശുക്രിസ്തു അവകാശപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടണം. ബൈബിളിലെ യേശുവചനങ്ങളിലൂടെ കടന്നുപോകുന്ന ഒരാൾക്ക് എവിടെയും





അത്തരമൊരു അവകാശവാദം കാണുവാനാവുകയില്ല. ഇസ്രാഈൽ ജനങ്ങളിലേക്ക് അയക്കപ്പെട്ട ഒരു ദൈവദൂതൻ മാത്രമാണ് താനെന്നാണ് അദ്ദേഹം സ്വയം പരിചയപ്പെടുത്തിയത്. യേശു പറഞ്ഞതായി ബൈബിൾ ഉദ്ധരിക്കുന്നു: 'ഇസ്രാഈൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേക്ക് മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്'. (മത്തായി 15:24).

ഇസ്രാഈല്യരിലേക്ക് മാത്രമായി അയക്കപ്പെട്ട ഒരു ദൈവദൂതൻ എങ്ങനെയാണ് ലോകത്തിന്റെ മുഴുവൻ വിമോചകനായിത്തീരുന്നത്? മുഴുവൻ മനുഷ്യർക്കും മാർഗദർശനം നൽകാൻ സാധിക്കുന്ന സന്ദേശങ്ങളുമായി കടന്നുവരുന്ന മഹാപ്രവാചകനെയായിരുന്നുവല്ലോ യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നത്.

## മിശിഹ

യേശുവിനെ മിശിഹയായാണ് പരിചയപ്പെടുത്തപ്പെടാറുള്ളത്. 'മിശിഹ'[1]യെന്ന ഹിബ്രു പദത്തിന് അഭിഷിക്തൻ എന്നർത്ഥം. ആദ്യകാലത്ത് മതപരമായ അർത്ഥമൊന്നും കൽപിക്കപ്പെട്ടിരുന്ന പദമല്ല ഇത്. ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രത്യേക ദൗത്യം നിർവഹിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട വ്യക്തിയെന്ന അർത്ഥത്തിൽ പിന്നീട് 'മിശിഹ' ഉപയോഗിക്കപ്പെടാൻ തുടങ്ങി. ഇസ്രാഈലിന്റെ വിമോചകനായി കടന്നുവരാനിരിക്കുന്ന വ്യക്തിയെ വിവക്ഷിച്ചുകൊണ്ട് മിശിഹയെന്ന പ്രയോഗം പഴയ നിയമത്തിൽ എവിടെയും കാണാനില്ല. എന്നാൽ ഒരു 'മിശിഹ' വരുമെന്ന വിശ്വാസം യഹൂദർക്കിടയിൽ നിലനിന്നിരുന്നുവെന്ന് പുതിയ നിയമ പുസ്തകങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.[2] ദാവീദിന്റെ പുത്രനായി വരുന്ന ഇസ്രായേലിന്റെ രക്ഷകനായ മിശിഹ. യഹൂദന്മാർ കാത്തിരുന്ന 'മിശിഹ' യേശുവായിരുന്നു. ഇസ്രായീൽ ഭവനത്തിലെ കാണാതെ പോയ ആടുകളെ സത്യമാർഗത്തിലേക്ക് നയിക്കാനായി നിയോഗിക്കപ്പെട്ടവനായിരുന്നു അദ്ദേഹം.

---

1. 'മിശിഹ'യുടെ ഗ്രീക്ക് പരിഭാഷയായ 'ക്രിസ്റ്റോസി'ൽ നിന്നാണ് ക്രിസ്തുവെന്ന പദം വ്യുൽപന്നമായിരിക്കുന്നത്.
2. മിശിഹയെകുറിച്ച പ്രവചനങ്ങൾ പ്രവാചക വചനങ്ങളിൽ ഉണ്ടായിരുന്നിരിക്കാം. തങ്ങളുടെ താൽപര്യങ്ങളെ ഹനിക്കുമെന്നതിൽ യഹൂദറബ്ബിമാർ അവ മറച്ചുവെച്ചതായിരിക്കണം. കൂടുതൽ വിവരത്തിന് ലേഖകന്റെ 'ബൈബിളിന്റെ ദൈവികത: വിമർശനങ്ങൾ വസ്തുതകൾ' കാണുക.

## സുവിശേഷകന്മാരുടെ യേശുചരിത്രം

യേശുവിന് പതിറ്റാണ്ടുകൾക്ക് ശേഷമാണല്ലോ സുവിശേഷങ്ങളുടെ രചന നടന്നത്. സുവിശേഷ കർത്താക്കൾ യേശുവിന്റെ ജീവചരിത്രം രചിക്കുകയല്ല ചെയ്തത്; പ്രത്യുത, തങ്ങൾ പ്രചരിപ്പിക്കുവാനുദ്ദേശിക്കുന്ന തത്വങ്ങൾക്കനുസൃതമായ രീതിയിൽ യേശുകഥ മെനഞ്ഞുണ്ടാക്കുകയാണ്. ആധുനിക ബൈബിൾ പണ്ഡിതന്മാരിൽ മിക്കവരും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ജീവിച്ചിരിക്കുന്ന ബൈബിൾ പണ്ഡിതന്മാരിൽ പ്രമുഖനായ റെയ്മണ്ട് ഇ. ബ്രൗൺ[1] എഴുതുന്നു: 'ഓരോ സുവിശേഷ കർത്താവും യേശുവിനെപ്പറ്റിയുള്ള തന്റെ ധാരണക്കനുസരിച്ച് വായനക്കാരുടെ അധ്യാത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കാനുതകുംവിധം യേശുവിനെ ചിത്രീകരിക്കാൻ ആരംഭിച്ചു. ഫലമോ? തങ്ങൾക്ക് ലഭിച്ച യേശു പാരമ്പര്യത്തെ രൂപപ്പെടുത്തുകയും വികസിപ്പിച്ചെടുക്കുകയും വെട്ടിച്ചുരുക്കുകയും ചെയ്യുന്ന പൂർണ ഗ്രന്ഥകാരന്മാരായും ആ പാരമ്പര്യത്തെ ഒരു സവിശേഷ ലക്ഷ്യത്തിലേക്ക് നയിക്കുന്ന ദൈവശാസ്ത്രകാരന്മാരായും സുവിശേഷകന്മാർ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. എന്താണ് സുവിശേഷങ്ങൾ എന്ന ചോദ്യത്തിനുള്ള സമ്പൂർണ മറുപടിയായി അവിടുത്തെ വാക്കുകൾ, ചെയ്തികൾ, പീഡാനുഭവം, മരണം, ഉയിർത്തെഴുന്നേൽപ് എന്നിവ ഉൾപ്പെടെ യേശുവിനെപറ്റി പ്രചാരത്തിലിരുന്ന പാരമ്പര്യം ആറ്റിക്കുറുക്കിയെടുത്ത സത്താണവയെന്ന് ഞാൻ പറയും. ഈ സത്ത് സംഘടിപ്പിച്ചതും അതിന്റെ രൂപഭാവങ്ങൾ എഡിറ്റ് ചെയ്തതും ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്ന് ദശകങ്ങളിൽ ജീവിച്ച സുവിശേഷകനായിരുന്നു. തന്റെ മുന്നിൽ കണ്ട ക്രൈസ്തവ വായനക്കാരുടെ ആധ്യാത്മികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം'[2]

ഇപ്പറഞ്ഞതിന് അർത്ഥമെന്താണ്? സുവിശേഷകർ യേശുജീവിതം അപ്പടി രേഖപ്പെടുത്തുകയല്ല; മറിച്ച് തങ്ങൾ ഉദ്ദേശിക്കുന്ന ദൈവശാസ്ത്രത്തിന് അനുരൂപമായി യേശു ജീവിതത്തെ അവതരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവിടെ സുവിശേഷകർക്ക് സംഭവിച്ചിട്ടുള്ള ഒരു വലിയ അബദ്ധമുണ്ട്. പഴയ നിയമത്തിൽ പ്രവചിക്കപ്പെട്ടിരിക്കുന്ന മഹാ പ്രവാചകനും യഹൂദ സമുദായത്തിന്റെ പ്രതീക്ഷയായിരുന്ന മിശിഹയും ഒന്നുതന്നെയാണെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് സുവിശേഷകർ യേശുചരിത്രത്തിന് രൂപം നൽകിയത്. അതുകൊണ്ടുതന്നെ മഹാ പ്രവാചകന്റേതായി പഴയ നിയമം പ്രസ്താവിച്ച പല സ്വഭാവങ്ങളും അവർ യേശുവിൽ ആരോപിച്ചു. യഥാർത്ഥത്തിലുള്ള യേശുവിന്റെ ജീവിതത്തിൽ സംഭവിക്കാത്ത പലതും അവർ യേശുവിൽ എഴുതിച്ചേർത്തു. ഇക്കാര്യം ക്രൈസ്തവ പണ്ഡിതന്മാർതന്നെ അംഗീകരിച്ചിട്ടുള്ളതാണ്.

1. ഇരുപതിലേറെ ഓണററി ഡോക്ടറേറ്റുകളുള്ള പ്രഗത്ഭ അമേരിക്കൻ ബൈബിൾ പണ്ഡിതനാണ് റെയ്മണ്ട് ഇ. ബ്രൗൺ. ഇന്നു ജീവിച്ചിരിക്കുന്ന ബൈബിൾ പണ്ഡിതന്മാരിൽ ഏറ്റവും പ്രമുഖനായാണ് ബ്രൗൺ അറിയപ്പെടുന്നത്.
2. Raymond E. Brown: Responses to 101 Questions on The Bible. Page 57)





## കൈക്രിയകൾ

യഹൂദർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന മിശിഹയാണ് യേശുവെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി സുവിശേഷകർ നടത്തിയ കൈക്രിയകളെപറ്റി റെയ്മണ്ട്-ഇ-ബ്രൗൺ തന്റെ പ്രസിദ്ധമായ 'മിശിഹയുടെ ജനനം' (The birth of the Messiah) എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. അവയിൽ ചിലവ കാണുക:

1) മിശിഹ ദാവീദ് വംശജനായിരിക്കുമെന്നായിരുന്നു യഹൂദവിശ്വാസം. യേശു മിശിഹയാണെന്ന് വരുത്തുവാൻ വേണ്ടി ദാവീദിന്റെ വംശാവലിയിൽ യേശുവിന്റെയും യോസഫിന്റെയും നാമങ്ങൾ മത്തായിയും ലൂക്കോസും തിരുകിക്കയറ്റിയതാണ്.

2) മിശിഹ ബെത്‌ലഹേമിൽ ജനിക്കുമെന്നായിരുന്നു യഹൂദ വിശ്വാസം. യേശു ഗലീലിയയിൽ ജനിച്ചിരിക്കാനാണ് സാധ്യത. അദ്ദേഹം ജനിച്ചത് ബെത്‌ലഹേമിലാണെന്ന് വരുത്തിത്തീർത്തത് യേശു മിശിഹയാണെന്ന് സ്ഥാപിക്കുന്നതിന് വേണ്ടിയാണ്.

3) യേശു ജനിച്ചപ്പോൾ ബെത്‌ലഹേമിന് മുകളിൽ ഒരു നക്ഷത്രം ജ്വലിച്ചുനിന്നുവെന്ന കഥക്ക് യാതൊരു അടിസ്ഥാനവുമില്ല. 'യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും' (സംഖ്യ 24:17) എന്ന പഴയ നിയമ പ്രവചനത്തിന് അനുരൂപമായി യേശുകഥ നിർമിച്ചതിന്റെ ഫലമായി രൂപംകൊണ്ട കള്ളക്കഥയാണിത്.

4) യേശുവിനെ മോശെയുടെ ജീവിതവുമായി ബന്ധപ്പെടുത്തുന്നതിനുവേണ്ടി മത്തായി പടച്ച കഥയാണ് ഹെറോദോസിന്റെ കാലത്ത് നടത്തിയ കൂട്ടക്കൊലയും കണക്കെടുപ്പുമെല്ലാം.

യഥാർത്ഥത്തിൽ അവയൊന്നും സംഭവിച്ചവയല്ല.

ഇങ്ങനെ ഒരുപാട് കാര്യങ്ങൾ! തങ്ങളുടെ ഇച്ഛക്കനുസരിച്ച് ഓരോ സുവിശേഷകനും യേശുകഥ നിർമിച്ചതിൻെറ ഫലമാണിവ. പഴയ നിയമത്തിൽ പ്രവചിക്കപ്പെട്ട പ്രവാചകനും യഹൂദ പ്രതീക്ഷയായ മിശിഹയും ഒരാളാണെന്ന തെറ്റിദ്ധാരണയും അത് യേശുവാണെന്ന് വരുത്തിത്തീർക്കാനുള്ള വ്യഗ്രതയുമാണ് സുവിശേഷങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ടു തന്നെ സുവിശേഷങ്ങളിൽ കാണുന്ന യേശുകഥയുടെ അടിസ്ഥാനത്തിൽ മാത്രം നിന്നുകൊണ്ട് പഴയ നിയമത്തിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ യേശുവാണെന്ന് ഖണ്ഡിതമായി പറയാൻ കഴിയില്ല. കൂടുതൽ സൂക്ഷ്മമായ പഠനം ആവശ്യമാണ്. പഴയ നിയമത്തിൽ പ്രതിപാദിക്കപ്പെട്ട വരാനിരിക്കുന്ന പ്രവാചകൻെറ സവിശേഷതകളൊന്നും യേശുവിൽ പൂർത്തീകരിക്കപ്പെടുന്നില്ലെന്ന് തന്നെയാണ് സൂക്ഷ്മ പഠനങ്ങൾ വ്യക്തമാക്കുന്നത്.

## അവകാശവാദം ഉന്നയിച്ചുവോ?

ഇവിടെ നടേ പ്രസ്താവിച്ച കാര്യം വീണ്ടും പ്രസക്തമാകുന്നു. പഴയ നിയമത്തിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ താനാണെന്ന് യേശു എപ്പോഴെങ്കിലും അവകാശവാദമുന്നയിച്ചിട്ടുണ്ടോയെന്ന ചോദ്യം. യേശു അത്തരമൊരു അവകാശവാദമുന്നയിച്ചതായി പുതിയ നിയമത്തിലെവിടെയും നമുക്ക് വായിക്കാൻ കഴിയുന്നില്ല.

ഇതോടനുബന്ധിച്ച് മറ്റൊരു ചോദ്യംകൂടി ചോദിക്കുന്നത് ഉചിതമായിരിക്കും. 'യേശുവല്ലാതെ മറ്റാരെങ്കിലും പൂർവ പ്രവാചകന്മാർ പ്രവചിച്ച പ്രവാചകൻ താനാണ് എന്ന അവകാശവാദം ഉന്നയിച്ചിട്ടുണ്ടോ?'

ഉത്തരം 'അതെ'യെന്നാണ്.

ആരാണ് അത്തരമൊരു അവകാശവാദം ഉന്നയിച്ചത്?

യേശുവിന് ശേഷം ആറ് നൂറ്റാണ്ടുകൾ കഴിഞ്ഞ് അറേബ്യയിൽ ജനിച്ച മുഹമ്മദാ(ﷺ)ണ് അത്തരമൊരു അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. പഴയ നിയമത്തിലെ പ്രവാചകന്മാരും യേശുവും പ്രവചിച്ച പ്രവാചകൻ താനാണെന്നാണ് അദ്ദേഹം അവകാശവാദമുന്നയിച്ചത്. അദ്ദേഹത്തിലൂടെ ലോകത്തിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമായ





ഖുർആൻ പൂർവ പ്രവാചകന്മാരുടെ പ്രവചനങ്ങൾ മുഹമ്മദി(ﷺ)ലൂടെ പൂർത്തീകരിക്കപ്പെട്ടുവെന്ന് പറയുന്നുണ്ട്.

"തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ പിൻപറ്റുന്നവർക്ക്" (ഖുർആൻ 7:157).

"നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം മക്കളെ അറിയുന്നതുപോലെ അദ്ദേഹത്തെ അറിയുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാലവർ വിശ്വസിക്കുന്നില്ല" (ഖുർആൻ 6:20).

"തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട്. ഇസ്റായീൽ സന്തതികളിലെ പണ്ഡിതന്മാർക്കത് അറിയാം എന്ന കാര്യം ഇവർക്ക് ഒരു ദൃഷ്ടാന്തമായിരിക്കുന്നില്ലേ" (ഖുർആൻ 26:195, 196).

"മറിയമിൻെറ മകൻ ഈസാ പറഞ്ഞ സന്ദർഭം: ഇസ്രാഈൽ സന്തതികളേ, എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുനവനായിക്കൊണ്ടും എനിക്കുശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെയടുക്കൽ ചെന്നപ്പോൾ അവർ പറഞ്ഞു: 'ഇത് വ്യക്തമായ ജാലവിദ്യയാകുന്നു" (ഖുർആൻ 6:16).

യേശുവടക്കമുള്ള മുൻ പ്രവാചകന്മാർ പ്രവചിച്ച അന്തിമ പ്രവാചകനാണ് താനെന്ന് അവകാശമുന്നയിച്ചയാളാണ് മുഹമ്മദ് (ﷺ). അദ്ദേഹത്തിൻെറ ഈ അവകാശവാദത്തിൽ എത്രത്തോളം കഴമ്പുണ്ട്. നാം പരിശോധിക്കുക.

## പ്രശ്നങ്ങൾ

മുഹമ്മദി(ﷺ)ൻെറ കാലത്തുണ്ടായിരുന്ന യഹൂദർക്കും ക്രൈസ്തവർക്കും അദ്ദേഹത്തിൻെറ ആഗമനത്തെയും സന്ദേശങ്ങളെയും കുറിച്ച് അറിവുണ്ടായിരുന്നുവെന്നാണ് മുകളിൽ ഉദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽനിന്ന് വ്യക്തമാകുന്നത്. ഇവിടെ പ്രധാനപ്പെട്ട ഒരു പ്രശ്ന

മുണ്ട്. മുഹമ്മദി(ﷺ)ൻെറ കാലത്ത് അംഗീകരിക്കപ്പെട്ടിരുന്നത് ഏതെല്ലാം ബൈബിൾ പുസ്തകങ്ങളായിരുന്നുവെന്ന് ഇന്ന് നമുക്കറിയില്ല. പഴയ നിയമത്തിൽ ഇന്ന് ഉപയോഗിക്കപ്പെടാത്ത പല പുസ്തകങ്ങളും (സ്യൂഡിപിഗ്രാഫ) അന്ന് ഉപയോഗപ്പെട്ടിരുന്നിരിക്കാം. അപ്പോക്രിഫയായി പരിഗണിച്ചുകൊണ്ട് തള്ളപ്പെട്ട പല പുതിയ നിയമപുസ്തകങ്ങളും മുഹമ്മദി(ﷺ)ൻെറ കാലത്ത് അറേബ്യയിലുണ്ടായിരുന്ന നെസ്തൂറിയൻ ക്രൈസ്തവർ ഉപയോഗിച്ചിരുന്നുവെന്ന് ഉറപ്പാണ്. ഇവയൊന്നും ഇന്ന് ഉപലബ്ധമല്ല. അതുകൊണ്ടുതന്നെ മുഹമ്മദി(ﷺ)ൻെറ അവകാശവാദത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുവാൻ പ്രയാസയാണ്. അതിനാവശ്യമായ രേഖകളുടെ പരിമിതിയാണ് കാരണം. മറ്റൊരു പ്രശ്നം കൂടിയുണ്ട്. ഖുർആനിലെ 61:6 വചനത്തിൽ നിന്ന് യേശുവിൻെറ പ്രബോധനങ്ങളിൽ പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു മുഹമ്മദി(ﷺ)നെകുറിച്ച പ്രവചനങ്ങളെന്ന് മനസ്സിലാവുന്നുണ്ട്. യേശു വരാനിരിക്കുന്ന പ്രവാചകനെകുറിച്ച് എന്തെല്ലാമാണ് പറഞ്ഞത് എന്നറിയാൻ നമുക്ക് യാതൊരു നിർവാഹവുമില്ല. അദ്ദേഹത്തിൻെറ വചനങ്ങളൊന്നും തന്നെ അദ്ദേഹം പറഞ്ഞ അതേ രൂപത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. യേശു സംസാരിച്ചത് അരമായ ഭാഷയിലായിരുന്നു. അരമായ ഭാഷയിൽ എഴുതപ്പെട്ട ഒരൊറ്റ പുതിയ നിയമ ഗ്രന്ഥവുമില്ല. യേശുവിൻെറ സ്വന്തം ഭാഷയിലെ ഒരു ഉപമയോ ദൈവിക വചനമോ സന്ദേശമോ കണ്ടെത്താൻ ഇന്ന് യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ടുതന്നെ വരാനിരിക്കുന്ന പ്രവാചകനെ സംബന്ധിച്ച് യേശു എന്തെല്ലാം പറഞ്ഞുവെന്ന് കൃത്യമായി മനസ്സിലാക്കുവാൻ യാതൊരു നിർവാഹവുമില്ല.

മുഹമ്മദി(ﷺ)നെ സംബന്ധിച്ച് പൂർവ പ്രവാചകന്മാർ എന്തെങ്കിലും പ്രവചനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ നമ്മുടെ മുമ്പിൽ ഇന്നുള്ള രേഖകൾ ബൈബിൾ പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും പുസ്തകങ്ങൾ മാത്രമാണ്. വരാനിരിക്കുന്ന പ്രവാചകനെകുറിച്ച് ബൈബിളിൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ മുഹമ്മദു(ﷺ)മായി എന്തുമാത്രം യോജിക്കുന്നുണ്ട്. നാം പരിശോധിക്കുക.



# രണ്ട്

## സമാധാനത്തിൻെറ പ്രവാചകൻ

ഇസ്രായീല്യരിലേക്ക് ദൈവം ഒരുപാട് പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. അതോടൊപ്പം തന്നെ നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ഒരു വസ്തുത കൂടിയുണ്ട്. പ്രവാചകന്മാരാണെന്ന് അവകാശപ്പെട്ടു കൊണ്ട് കുറെപേർ ഇസ്രാഈൽ സന്തതികളെ വഞ്ചിക്കുവാൻവേണ്ടി ശ്രമിച്ചിട്ടുണ്ടെന്ന കാര്യമാണത്. പതിനായിരക്കണക്കിന് വ്യാജ പ്രവാചകർ തങ്ങൾക്ക് ദൈവിക ബോധനം ലഭിക്കുന്നുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് ഇസ്രായീൽ സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടത്രെ. ഇത്തരം പ്രവാചകന്മാർ ഒരിക്കലും സത്യത്തിനുവേണ്ടി നിലകൊള്ളുകയില്ലല്ലോ. അതുകൊണ്ടുതന്നെ ദൈവത്തിന്റെ ദൂതുമായി വരുന്ന യഥാർത്ഥ പ്രവാചകന്മാരെ നശിപ്പിക്കുവാൻ തങ്ങളാൽ കഴിയുന്നത്ര ശ്രമിച്ചവരായിരുന്നു അവർ.

കള്ള പ്രവാചകന്മാരിൽനിന്ന് ഏറ്റവുമധികം പീഡനങ്ങളേൽക്കേണ്ടി വന്നിട്ടുള്ള പ്രവാചകനാണ് യിരെമ്യാ. ക്രിസ്തുവിന് ഏഴു നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ച യിരെമ്യാവിന് വ്യാജ പ്രവാചകന്മാരുടെ ശല്യം ഒരുപാട് സഹിക്കേണ്ടിവന്നതിനാൽതന്നെ യഥാർത്ഥ പ്രവാചകനെ വ്യാജ പ്രവാചകനിൽനിന്ന് എങ്ങനെ തിരിച്ചറിയാം എന്ന് അദ്ദേഹം തന്നെ ജനതയെ പഠിപ്പിച്ചിട്ടുണ്ട്. യിരെമ്യാ പ്രവാചകൻ പഠിപ്പിച്ച പ്രവാചകത്വത്തിൻെറ മാനദണ്ഡം മലയാളം ബൈബിളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്: സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ, അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന് അറിയാം'. (യിരെമ്യാ 28:9).

കർത്താവ് അയച്ച പ്രവാചകൻെറ അടയാളങ്ങളാണ് ഈ വചനത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.

1) അയാൾ 'സമാധാനം' പ്രവചിക്കുന്നവനായിരിക്കും.

2) അയാളുടെ വചനങ്ങളെല്ലാം സത്യമായി പുലരും.

## 'ഷാലോം' എന്നാൽ

ഇതിൽ 'സമാധാനം' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഷാ'ലോം (Shalom) എന്ന ഹിബ്രു പദത്തെയാണ്. ഷാ'ലോം എന്ന ഹിബ്രുപദവും ഷ്ലാ'മ (Shalma) എന്ന സുറിയാനി പദവും സലാം, ഇസ്‌ലാം തുടങ്ങിയ അറബിപദങ്ങളും വ്യുൽപന്നമായിരിക്കുന്നത് ഷ'ലാം (Shalam) എന്ന സെമിറ്റിക് മൂലത്തിൽനിന്നാണ്. ഷലാം എന്ന സെമിറ്റിക് മൂലക്രിയ കീഴ്‌വഴങ്ങുക, കീഴടങ്ങുക, സമാധാനമുണ്ടാവുക എന്ന അർത്ഥങ്ങളുൾക്കൊള്ളുന്നതാണ്. അതിൽനിന്നുണ്ടായതാണ് ഷാ'ലോം എന്ന ഹിബ്രുപദം. ഇതിന് നേരിട്ട് അറബിയിൽ ഇസ്‌ലാം എന്ന് പരിഭാഷ നൽകാവുന്നതാണ്. അപ്പോൾ നമുക്ക് യിരെമ്യാവിൻെറ വചനത്തെ ഇങ്ങനെ വായിക്കാൻ കഴിയും: 'ഇസ്‌ലാം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാൾ കർത്താവ് അയച്ചതാണെന്ന് അറിയാം'.

## എന്താണ് പ്രവചനം?

ഇതിൽ പ്രവചനം എന്ന പദം അൽപം വിശദീകരണമർഹിക്കുന്നു. 'നബ' (naba) എന്ന ഹിബ്രു ക്രിയക്കർത്ഥം 'മുൻകൂട്ടി പറയുക', 'പ്രവചിക്കുക' എന്നിങ്ങനെയാണ്. ഈ ക്രിയയിൽ നിന്നുണ്ടായ നാമമായതിനാൽ നബി (nabi) യെന്ന പദത്തെ നാം പ്രവാചകൻ എന്ന് ഭാഷാന്തരം ചെയ്യുന്നു. 'ദൈവത്തിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെ വെളിച്ചത്തിൽ ഭാവികാര്യങ്ങൾ മുൻകൂട്ടി പറയുന്നവർ' എന്ന ധാരണയാണ് പൊതുവെ പ്രവാചകൻ എന്ന് പറയുമ്പോൾ ഉണ്ടാവുന്നത്. ഈ നിർവചനം ഭാഗികമായി മാത്രമെ ശരിയാവൂ. ഭാവിയിൽ വരാനിരിക്കുന്ന ഭൗതിക സംഭവങ്ങൾ വിവരിച്ചു കൊടുക്കുകയാണ് പ്രവാചകൻെറ പ്രധാനപ്പെട്ട പണിയെന്ന് സെമിറ്റിക് മതവിശ്വാസങ്ങളെ സംബന്ധിച്ച് അൽപമെങ്കിലും ധാരണയുള്ളവരൊന്നും പറയില്ല. 'ദൈവികസന്ദേശങ്ങൾ സ്വീകരിച്ച് ഉത്തരവാദപ്പെട്ടവർക്ക് അത് എത്തിച്ചുകൊടുക്കുക'യാണ് പ്രവാചകൻെറ പ്രധാനപ്പെട്ട പണി. നബിയെന്ന നാമത്തിന് പ്രധാനമായും കൽപിക്കപ്പെടേണ്ടത് ഈ അർത്ഥമാണെങ്കിൽ അതിൻെറ മൂലക്രിയയായ 'നബ'ക്കും ഇതിൽനിന്നുള്ള അർത്ഥമാണ് പ്രധാനമായും കൽപിക്കപ്പെടേണ്ടതെന്ന് വ്യക്തമാണല്ലോ. യിരെമ്യാവിൻെറ വചനത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള 'പ്രവചനം' എന്ന പദത്തിന് ഈ അർത്ഥമാണ് പ്രധാനമായി കൽപിക്കപ്പെടേണ്ടതെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്.

അങ്ങനെയാവുമ്പോൾ യിരെമ്യാവിൻെറ നടേ സൂചിപ്പിച്ച വചനം ഇങ്ങനെ വായിക്കാൻ കഴിയും. 'ഇസ്‌ലാമിനെകുറിച്ച സന്ദേശങ്ങൾ ദൈവത്തിൽ നിന്ന് സ്വീകരിച്ച് ഉത്തരവാദപ്പെട്ടവർക്ക് എത്തിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ, അയാളുടെ വചനം സത്യമായിത്തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന് അറിയാം'.

## യിരെമ്യാവിൻെറ മാനദണ്ഡം

ഇതാണ് യിരെമ്യാവിൻെറ മാനദണ്ഡം. ഒരു പ്രവാചകൻ അയാൾ യഥാർത്ഥ ഇസ്‌ലാമിനെയാണോ ജനങ്ങൾക്ക് പ്രബോധനം ചെയ്യുന്നതെന്ന് നോക്കിക്കൊണ്ടാണ അയാൾ സത്യസന്ധനാണോ എന്ന് തീരുമാനിക്കേണ്ടത്. ഇതല്ലാതെ യിരെമ്യാവിൻെറ വചനത്തിൽ കേവല സമാധാനത്തിൻെറ പ്രവചനമാണ് ഉദ്ദേശിക്കപ്പെടുന്നതെന്ന് വ്യാഖ്യാനിക്കുന്നത് വളരെ വലിയ അപകടം ക്ഷണിച്ചുവരുത്തും. യഥാർത്ഥ സമാധാനത്തിൻെറ -ഇസ്‌ലാം- സംസ്ഥാപനത്തിനുവേണ്ടി

നാട്ടിൽ നിലവിലുള്ള 'സമാധാന'ത്തെ തകർത്തവരാണ് പ്രവാചകന്മാർ. ബഹുദൈവത്വത്തിനെതിരെ പോരാടിക്കൊണ്ട് നാട്ടിലെ 'സമാധാനം' തകർത്തവനാണ് അബ്രഹാം എന്ന് പറയാം. യേശുപോലും 'സമാധാന'ത്തിന്റെ ഭഞ്ജകനായിരുന്നുവല്ലോ. അദ്ദേഹം പറഞ്ഞതായി ലൂക്കോസ് എഴുതുന്നു: 'ഞാൻ വന്നത് ഭൂമിയിൽ സമാധാനം സ്ഥാപിക്കാനാണ് എന്ന് നിങ്ങൾ ധരിക്കുന്നോ? അല്ല, മറിച്ച് ഞാൻ പറയുന്നു: ഭിന്നിപ്പുണ്ടാക്കാനാണ്. ഇനി മുതൽ ഒരു വീട്ടിലുള്ള അഞ്ചുപേരിൽ മൂന്നുപേർ രണ്ടുപേർക്കെതിരെയും രണ്ടുപേർ മൂന്നുപേർക്കെതിരെയും ഭിന്നിച്ചിരിക്കും. അപ്പൻ മകനെതിരായും മകൻ അപ്പനെതിരായും അമ്മ മകൾക്കെതിരായും മകൾ അമ്മക്കെതിരായും അമ്മായിയമ്മ മരുമകൾക്കെതിരായും മരുമകൾ അമ്മായിഅമ്മക്കെതിരായും ഭിന്നിക്കും'' (ലൂക്കോസ് 12:51-53).

അപ്പോൾ സമാധാനം പ്രവചിക്കുക എന്നത് യഥാർത്ഥ പ്രവാചകന്റെ അടയാളമാണെന്ന് പറയുന്നതിൽ ചെറിയ ചില അസാംഗത്യങ്ങളുണ്ട്. യിരെമ്യാ പ്രവാചകൻ ഉപയോഗിച്ച പദം തന്നെ അവിടെ ഉപയോഗിക്കുന്നുവെങ്കിൽ ഈ പ്രശ്നം പരിഹരിക്കപ്പെടും. 'ഇസ്ലാം'-ദൈവത്തിന് സ്വന്തത്തെ സമ്പൂർണമായി സമർപ്പിക്കുന്നതിലൂടെ കൈവരുന്ന സമാധാനം -പഠിപ്പിക്കുന്ന പ്രവാചകൻ മാത്രമാണ് യഥാർത്ഥ പ്രവാചകൻ. നോഹ, അബ്രഹാം, മോശ, ദാവീദ്, യേശു (ﷺ), മുഹമ്മദ്(ﷺ) തുടങ്ങിയവരെല്ലാം ഇസ്ലാം ജനങ്ങളെ പഠിപ്പിച്ച പ്രവാചകരാണ്. അതുകൊണ്ടുതന്നെ അവരെല്ലാവരും യിരെമ്യാവിന്റെ മാനദണ്ഡപ്രകാരം യഥാർത്ഥ ദൈവദൂതന്മാരാണ്.

## സത്യമായി പുലർന്ന പ്രവചനങ്ങൾ

ഇസ്ലാം പ്രചരിപ്പിക്കുന്ന പ്രവാചകന്റെ പ്രവചനങ്ങളെല്ലാം സത്യമായി പുലരുമെന്നതിന് മുഹമ്മദ് നബി(ﷺ)യിലൂടെ അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആൻ തന്നെയാണ് ഏറ്റവും വലിയ തെളിവ്. ഖുർആനിലെ ഒരൊറ്റ വചനംപോലും അസത്യമാണെന്ന് തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. അതിലെ വചനങ്ങളെല്ലാം സത്യമായി പുലർന്നിട്ടുണ്ട്. അതിനാൽതന്നെ യിരെമ്യാവിന്റെ മാനദണ്ഡപ്രകാരം മുഹമ്മദ് നബി(ﷺ) സത്യസന്ധനായ ഒരു പ്രവാചകനാണെന്ന് കാണാൻ കഴിയും.



# മൂന്ന്

# മോശെയെപോലുള്ള പ്രവാചകൻ

വരാനിരിക്കുന്ന പ്രവാചകനെകുറിച്ച് മോശെ പ്രവാചകനുണ്ടായ ഒരു ദൈവിക അരുളപ്പാടിനെകുറിച്ച് പഞ്ചഗ്രന്ഥത്തിൽ അവസാനത്തേതായ ആവർത്തന പുസ്തകത്തിൽ പറയുന്നുണ്ട്. അതിങ്ങനെയാണ്: 'അപ്പോൾ കർത്താവ് എന്നോട് അരുൾ ചെയ്തു. അവർപറഞ്ഞതെല്ലാം ശരിതന്നെ. നിന്നെപോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽനിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കൽപിക്കുന്നവയെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എന്റെ നാമത്തിൽ ഉച്ചരിക്കുന്ന എന്റെ വാക്കുകൾ ചെവികൊള്ളാത്തവനോട് ഞാൻ തന്നെ കണക്ക് ചോദിക്കും. എന്റെ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെ

ങ്കിലും സംസാരിക്കാൻ മുതിരുകയോ മറ്റ് ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും. 'കർത്താവ് അരുൾ ചെയ്യാത്ത വചനങ്ങൾ ഞങ്ങൾ എങ്ങനെ തിരിച്ചറിയും' എന്ന് നീ ഹൃദയത്തിൽ പറയുമായിരിക്കും. ഒരു പ്രവാചകൻ കർത്താവിൻെറ നാമത്തിൽ സംസാരിച്ചിട്ട് ആ വചനം യാഥാർത്ഥ്യമാവാതിരിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്താൽ ആ വചനം കർത്താവ് അരുൾ ചെയ്തതല്ല. പ്രവാചകൻ അത് തോന്ന്യാസമായി പറഞ്ഞതാണ്; നീ അയാളെ ഭയപ്പെടേണ്ടതില്ല". (ആവർത്തനം 18:18-22) യഹോവയിൽ നിന്ന് മോശയ്ക്കുണ്ടായതായി പഴയ നിയമം പ്രതിപാദിക്കുന്ന ഈ അരുളപ്പാടിൽനിന്ന് വരാനിരിക്കുന്ന മഹാപ്രവാചകനെ കുറിച്ച് താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാം.

1) വരാനിരിക്കുന്ന പ്രവാചകൻ അദ്ദേഹത്തിൻെറ ജീവിതത്തിലും ദീത്യത്തിലും മോശയെപോലെയുള്ളയാളായിരിക്കും.
2) അദ്ദേഹം ഇസ്രായീല്യരുടെ സഹോദന്മാർക്കിടയിൽ നിന്നാണ് ഉയർത്തപ്പെടുക.
3) അദ്ദേഹത്തിൻെറ നാവിൽ ദൈവിക വചനങ്ങളാണ് ഉണ്ടാവുക.
4) ദൈവം കൽപിക്കുന്നതാണ് അദ്ദേഹം തൻെറ ജനതയോട് സംസാരിക്കുക.
5) ദൈവിക നാമത്തിലാണ് അദ്ദേഹം സംസാരിക്കുക.
6) അദ്ദേഹം പ്രവചിക്കുന്ന കാര്യങ്ങളെല്ലാം യാഥാർത്ഥ്യമായി പുലരും.

മോശെ പ്രവാചകനിലൂടെ കർത്താവ് നൽകിയ ഈ വാഗ്ദാനത്തിൻെറ പൂർത്തീകരണത്തിന് കാത്തിരിക്കുകയായിരുന്നു സദ്വൃത്തരായ യഹൂദർ. ഇസ്രായീലിൽ കുറെ പ്രവാചകന്മാർ വന്നു. അവരാരുംതന്നെ 'മോശയെപോലുള്ള പ്രവാചകൻ' ആയിരുന്നില്ല. അവരുടെയെല്ലാം ദൗത്യം മോശയുടെ നിയമത്തിൽ നിന്ന് അകന്ന ഇസ്രായീൽ മക്കളെ കർത്താവിന്റെ ആലയത്തിലേക്ക് തിരിച്ചുകൊണ്ടുവരികയായിരുന്നു. ഇക്കാര്യം മോശയ്ക്ക് ദശാബ്ദങ്ങൾ കഴിഞ്ഞ് രചിക്കപ്പെട്ട ആവർത്തന പുസ്തകത്തിൽ അതിൻെറ രചയിതാവ് വ്യക്തമാക്കുന്നുണ്ട്. 'പിന്നീട് ഒരിക്കലും മോശയെപോലെ ഒരു പ്രവാചകൻ ഇസ്രായേലിൽ ഉണ്ടായിട്ടില്ല' (ആവർത്തനം 34:10).





## മോശയെപോലുള്ള പ്രവാചകൻ യേശുവല്ല

ഈ പ്രവചനത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളത് യേശുവാണെന്ന് അപ്പോസ്തല പ്രവർത്തനങ്ങളുടെ കർത്താവ് സ്ഥാപിക്കുവാൻ ശ്രമിക്കുന്നുണ്ട്. (അപ്പോ പ്രവൃ. 3:22-26). ഇതിൻെറ അടിസ്ഥാനത്തിൽ മിഷനറിമാർ മോശയോട് ദൈവം നൽകിയ വാഗ്ദാനപ്രകാരം വന്ന പ്രവാചകൻ യേശുവാണെന്ന് വാദിക്കാറുണ്ട്. അവർ പഞ്ചപുസ്തകങ്ങളുംപുതിയ നിയമ പുസ്തകങ്ങളും ഒരു താരതമ്യത്തിന് വിധേയമാക്കേണ്ടതാണ്. അപ്പോൾ മോശയെയും യേശുവിനെയും കുറിച്ച് ബൈബിൾ നൽകുന്ന ചിത്രങ്ങൾ തമ്മിലുള്ള അന്തരം എന്തുമാത്രം ഭീമമാണെന്ന് മനസ്സിലാകും. സത്യത്തിൽ, ഒരർത്ഥത്തിലും മോശയെ പോലുള്ള പ്രവാചകൻ എന്ന് വിളിക്കപ്പെടുവാൻ അർഹനല്ല യേശുവെന്ന വസ്തുത ബൈബിൾ ഒരാവർത്തി വായിക്കുന്ന ഏവർക്കും ബോധ്യപ്പെടുന്നതാണ്. ഒരു മനുഷ്യനെന്ന നിലയ്ക്കോ ഒരു പ്രവാചകനെന്ന നിലയ്ക്കോ ഒന്നുംതന്നെ യേശു മോശയോട് താരതമ്യം ചെയ്യാൻ വയ്യാത്ത വ്യക്തിത്വമുൾക്കൊള്ളുന്ന ആളാണെന്നുള്ളതാണ് വാസ്തവം.

മോശയെ പോലെയുള്ള പ്രവാചകൻ യേശുവാണെന്ന് വരുത്തുന്നതിനുവേണ്ടി പഞ്ചപുസ്തകങ്ങളിൽ പറയുന്ന മോശെയുടെ ജീവിതവുമായി ബന്ധപ്പെട്ട പല കാര്യങ്ങൾ യേശുവിൻെറ ജീവിതത്തിലും സംഭവിച്ചിട്ടുണ്ടെന്ന് ക്രിസ്തുമത പ്രചാരകൻ വാദിക്കാറുണ്ട്. മത്തായിയുടെ സുവിശേഷം നൽകുന്ന യേശുകഥയെയാണ് പ്രധാനമായും അവർ ഇതിനായി ഉപയോഗപ്പെടുത്താറുള്ളത്. എന്നാൽ യാഥാർത്ഥ്യമെന്താണ്? പഴയ നിയമത്തിലെ പ്രവചനങ്ങളുടെ പൂർത്തീകരണം യേശുവിലാണ് സംഭവിച്ചതെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി സ്വന്തമായ ഒരു യേശുകഥ മെനഞ്ഞെടുത്തയാളാണ് മത്തായി. ഈ കഥയിൽ പറയുന്ന സംഭവങ്ങളിൽ പലതും യേശുവിൻെറ ജീവിതത്തിൽ ഉണ്ടായിട്ടുള്ളവയല്ലെന്ന വസ്തുത പണ്ഡിതന്മാർ സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യം മുമ്പ് വ്യക്തമാക്കിയിട്ടുള്ളതാണ്. സത്യത്തിൽ, പഴയ നിയമത്തിൽ യേശുവിൻെറ ജീവിതവുമായി ബന്ധപ്പെട്ടതെന്ന് പറയാവുന്ന ഒരൊറ്റ പ്രവചനം പോലുമില്ല. ബൈബിൾ പണ്ഡിതനായ റെയ്മണ്ട് ബ്രൗൺ എഴുതുന്നു: 'ഒരു 'മെസായനിക്' വിമോചനത്തെക്കുറിച്ച് അവർ പഠിപ്പിച്ചിരുന്നുവെങ്കിലും നസ്രായ

നായ യേശുവിൻെറ ജീവിതത്തിലെ ഒറ്റ സംഭവം പോലും കൃത്യമായി അവർ പറഞ്ഞിരുന്നുവെന്നതിന് തെളിവുകളൊന്നുമില്ല'. (മിശിഹയുടെ ജനനം, പുറം9).

മോശക്കുശേഷം അദ്ദേഹത്തിൻെറ വ്യക്തിത്വത്തോട് സമാനമായ വ്യക്തിത്വവുമായി വന്ന ഒരു പ്രവാചകനെ മാത്രമെ നമുക്ക് ചരിത്രത്തിൽ കാണാൻ കഴിയുന്നുള്ളൂ. അത് മുഹമ്മദ(ﷺ)ല്ലാതെ മറ്റാരുമല്ല. ഒരു മനുഷ്യനെന്ന നിലയ്ക്കും പ്രവാചകനെന്ന നിലയ്ക്കും മോശയുടെ വ്യക്തിത്വവും മുഹമ്മദി(ﷺ)ൻെറ വ്യക്തിത്വവും എല്ലാ അർത്ഥത്തിലും സമാനത പുലർത്തുന്നുണ്ട്. ഇതുകൊണ്ടുതന്നെ 'നിന്നെപോലെ ഒരു പ്രവാചകനെ അയയ്ക്കും' എന്ന മോശെ പ്രവാചകനോടുള്ള വാഗ്ദാനത്തിൻെറ പൂർത്തീകരണം നമുക്ക് ദർശിക്കുവാൻ കഴിയുന്നത് മുഹമ്മദ് നബി(ﷺ)യിൽ മാത്രമാണെന്ന വസ്തുത നിഷേധിക്കാനാവില്ല.

(മോശ(ﷺ), യേശു(ﷺ), മുഹമ്മദ് (ﷺ) എന്നിവരുടെ ജീവിതത്തിൻെറയും ദൗത്യത്തിൻെറയും താരതമ്യത്തിന് അടുത്ത പുറത്തിലെ ചാർട്ട് പരിശോധിക്കുക)

മോശെ പ്രവാചകന് ദൈവം നൽകിയ വാഗ്ദാനത്തിൻെറ പൂർത്തീകരണം മുഹമ്മദി(ﷺ)ലൂടെയാണ് നിർവഹിക്കപ്പെട്ടതെന്ന് പറയുന്നത് ആ രണ്ട് വ്യക്തികളുടെ ജീവിതത്തിൻെറയും ദൗത്യത്തിൻെറയും സമാനതകൊണ്ട് മാത്രമല്ല. പ്രത്യുത, ആ പ്രവചനത്തിൽ പ്രസ്താവിച്ചിരിക്കുന്ന മുഴുവൻ കാര്യങ്ങൾ മുഹമമദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് വാസ്തവം.

## ഇസ്രായീല്യരുടെ സഹോദരന്മാർ

അവരുടെ സഹോദന്മാർക്കിടയിൽ നിന്നാണ് നിന്നെപോലുള്ള പ്രവാചകനെ ഉയർത്തുകയെന്നാണല്ലോ മോശെ പ്രവാചകനോടുള്ള ദൈവിക വാഗ്ദാനം. മോശെ പ്രവാചകൻെറ ജനതയായ ഇസ്രായീല്യരാണ് ഇവിടെ 'അവർ' എന്ന് പറയുന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഇസ്രായീല്യരുടെ സഹോദന്മാർക്കിടയിൽനിന്നാണ് ആ പ്രവാചകൻെറ ആഗമനമുണ്ടാവുകയെന്ന പ്രവചനവും മുഹമ്മദ് നബി(ﷺ)യിൽ വളരെ സ്പഷ്ടമായി പൂർത്തീകരിക്കപ്പെടുന്നുണ്ട്. അബ്രഹാമിൻെറ മകനായ ഇസ്ഹാഖിൻെറ മകനാണ് ഇസ്രായീൽ എന്ന് വിളിക്കപ്പെട്ട യാക്കോബ്. യാക്കോബിൻെറ സന്തതി പരമ്പരയാണ്





ഇസ്രായീല്യർ എന്നറിയപ്പെട്ടത്. അബ്രഹാമിൻെറ മറ്റൊരു മകനായ ഇസ്മാഈലിൻെറ സന്തതികളാണ് അറബികൾ. അങ്ങനെ നോക്കുമ്പോൾ ഇസ്മാഈല്യർ അഥവാ അറബികൾ ഇസ്രായീല്യരുടെ സഹോദരന്മാരാണ്. അറബികൾക്കിടയിൽ നിന്നാണല്ലോ മുഹമ്മദി(ﷺ)ൻെറ ആഗമനമുണ്ടായത്. അവരുടെ സഹോദരന്മാർക്കിടയിൽ നിന്നാണ് മോശെയെപോലെയുള്ള പ്രവാചകൻെറ ആഗമനമുണ്ടാവുകയെന്ന ദൈവിക വാഗ്ദാനവും മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെടുന്നു.

## നാവിൽ ദൈവവചനങ്ങൾ

വരാനിരിക്കുന്ന മോശയെപോലെയുള്ള പ്രവാചകൻെറ മറ്റൊരു അടയാളമായി പറയുന്നത് 'ഞാൻ എൻെറ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും' എന്നാണല്ലോ. ദൈവിക വചനങ്ങളുടെ മാത്രം സമാഹാരമെന്ന് അവകാശപ്പെടാൻ കഴിയുന്ന ഇന്ന് നിലനിൽക്കുന്ന ഏകഗ്രന്ഥം വിശുദ്ധ ഖുർആനാണെന്ന കാര്യത്തിൽ സംശയമില്ല. മറ്റെല്ലാ ഗ്രന്ഥങ്ങളിലും വിശുദ്ധന്മാരുടെയോ ഋഷിമാരുടെയോ രചനകളുമുണ്ടെന്ന വസ്തുത അവയുടെ അപ്രമാദിത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നവർ തന്നെ സമ്മതിക്കുന്നതാണ്. ഖുർആനിലാകട്ടെ ദൈവിക വചനങ്ങൾ മാത്രമാണുള്ളത്. മുഹമ്മദ് നബി(ﷺ) സ്വന്തമായി നിർമിച്ച ഒരു വാക്കുപോലും ഖുർആനിലില്ല.

ഖുർആനിലെ അക്ഷരങ്ങളെല്ലാം മോശ പ്രവാചകന് കർത്താവ് തൗറാത്ത് നൽകിയതുപോലെ ലിഖിത രൂപത്തിൽ നൽകുകയല്ല ചെയ്തത്. മറിച്ച് ഗബ്രിയേൽ മാലാഖ പ്രവാചകൻെറ അടുത്തുവന്ന് ദൈവവചനങ്ങൾ ഓതിക്കേൾപ്പിക്കുകയായിരുന്നു. ആ വചനങ്ങൾ തൻെറ നാവുകൊണ്ട് ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. അഥവാ ദൈവം പലകകളിലാക്കിക്കൊണ്ടോ മറ്റ് രേഖകളാക്കിക്കൊണ്ടോ അല്ല മുഹമ്മദ് നബി(ﷺ)ക്ക് ബോധനങ്ങൾ നൽകിയത്. മറിച്ച്, അദ്ദേഹത്തിൻെറ നാവിലേക്ക് ദൈവവചനങ്ങൾ നിവേശിപ്പിക്കപ്പെടുകയായിരുന്നു. 'ഞാൻ എൻെറ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും' എന്ന വചനവും മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് സാരം.

'ഞാൻ കൽപിക്കുന്നതെല്ലാം അയാൾ അവരോട് പറയും' എന്നതാണല്ലോ മറ്റൊരു അടയാളം. മുഹമ്മദ് നബി(ﷺ) ദൈവിക കൽപ

നകൾക്ക് അനുസൃതമായിട്ടായിരുന്നു സംസാരിച്ചിരുന്നത്. മുഹമ്മദ് നബി(ﷺ)യുടെ സംസാരങ്ങളെല്ലാം ദൈവിക ബോധനത്തിന് അനുസരിച്ചിട്ടായിരുന്നുവെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. ഓരോ വിഷയങ്ങളിലും നാം സ്വീകരിക്കേണ്ട വിധിവിലക്കുകൾ എന്തെല്ലാമാണെന്ന ദൈവകൽപനകളെക്കുറിച്ചായിരുന്നു അദ്ദേഹം സംസാരിച്ചത്. അതുകൊണ്ടുതന്നെ ഈ അടയാളവും മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാം.

## <u>സംസാരം ദൈവികനാമത്തിൽ</u>

വരാനിരിക്കുന്ന പ്രവാചകൻ സംസാരിക്കുന്ന വാക്കുകൾ ദൈവിക നാമത്തിലായിരിക്കുമെന്നാണ് മോശയോടുള്ള ദൈവിക വാഗ്ദാനത്തിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം. ഇത് മുഹമ്മദ് നബി(ﷺ)യുടെ കാര്യത്തിൽ യോജിക്കുന്നതുപോലെ മറ്റാരുടെയും കാര്യത്തിൽ യോജിക്കുന്നില്ലെന്നതാണ് വാസ്തവം. ഓരോ കാര്യം പറയുമ്പോഴും ചെയ്യുമ്പോഴും 'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ' എന്നുച്ചരിച്ചുകൊണ്ടാണ് അദ്ദേഹം തുടക്കം കുറിച്ചിരുന്നത്. കരുണാവാരിധിയായ ദൈവത്തിൻെറ നാമത്തിൽ എല്ലാ കാര്യങ്ങളും തുടങ്ങണമെന്ന് തൻെറ അനുയായികളെ പഠിപ്പിക്കുകകൂടി ചെയ്തയാളാണ് മുഹമ്മദ് നബി(ﷺ). മറ്റൊരു പ്രവാചകൻെറ ചരിത്രത്തിലും ഇത്ര സുന്ദരമായ ഒരു പ്രാരംഭവാക്യം പഠിപ്പിച്ചതായി നമുക്ക് കാണാൻ കഴിയുന്നില്ല.

## <u>വ്യാജപ്രവാചകനല്ല</u>

മോശെയെപോലെയുള്ള പ്രവാചകനെന്ന് അവകാശപ്പെട്ടു കൊണ്ട് വരുന്ന വ്യാജ പ്രവാചകന്മാരെയും യഥാർത്ഥ പ്രവാചകനെയും തിരിച്ചറിയാൻ കഴിയുന്നതിന് ഒരു അടയാളവും ആവർത്തന പുസ്തകത്തിലെ നടേ ഉദ്ധരിച്ച വാക്യത്തിലുണ്ട്. ആ പ്രവാചകൻെറ പ്രവചനങ്ങളൊന്നും തന്നെ പുലരാതിരിക്കുകയില്ലെന്നതത്രെ അത്. ഇതും മുഹമ്മദ് നബി(ﷺ)യിൽ പൂർണമായി യോജിക്കുന്നു. മുഹമ്മദ് നബി(ﷺ) തൻെറ ജീവിതകാലത്ത് നടത്തിയ പ്രവചനങ്ങളെല്ലാം ദൈവിക ബോധനപ്രകാരമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിൻെറ പ്രവചനങ്ങളൊന്നുപോലും പുലരാതിരുന്നിട്ടില്ല. റോമക്കാരുടെ വിജയം മുതൽ ഇസ്‌ലാമിൻെറ ദിഗ്വിജയം വരെയുള്ള സംഭ





വങ്ങളെല്ലാം പ്രവാചകൻ പ്രവചിച്ച സംഗതികളായിരുന്നുവല്ലോ.

ഇങ്ങനെ എല്ലാ അർത്ഥത്തിലും മോശെ പ്രവാചകനോടുള്ള ദൈവിക വാഗ്ദാനം പൂർണമായും മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടതായി കാണാൻ കഴിയും.

***മോശയെപോലെയുള്ള പ്രവാചകൻ മുഹമ്മദാ(ﷺ)ണെന്നതിന് ക്രൈസ്തവ ഗ്രന്ഥകാരൻെറ അംഗീകാരം.***




". . . . . . THE ONLY MAN OF HISTORY WHO CAN BE COMPARED EVEN REMOTELY TO HIM IS MAHOMET."
(Rev. James L. Dow)

'അദ്ദേഹവുമായി (മോശ) അൽപമെങ്കിലും താരതമ്യപ്പെടുത്താവുന്ന ചരിത്രത്തിലെ ഒരേയൊരു വ്യക്തി മുഹമ്മദാണ്'. Rev. James L. Dow, Dictionary of the Bible. page 403

(അഹ്മദ് ദീദാത്തിൻെറ The Choice Vol Iനോട് കടപ്പാട്)

| | താരതമ്യ വിഷയം | മോശ (عليه السلام) | യേശു (عليه السلام) | മുഹമ്മദ് നബി (ﷺ) |
|---|---|---|---|---|
| മനുഷ്യനെന്ന നിലയിൽ | ജനനം | പിതാവിൻെറയും മാതാവിന്റെയും സമ്പർക്കത്തിൽനിന്നുള്ള സാധാരണ ജനനം | പിതാവിൻെറ സമ്പർക്കമില്ലാതെയുള്ള അത്ഭുതകരമായ അസാധാരണ ജനനം | മോശയെപോലെ സാധാരണ ജനനം |
| | കുടുംബജീവിതം | ഭാര്യയും മക്കളുമുണ്ടായിരുന്നു | ഭാര്യയും മക്കളുമുണ്ടായിരുന്നില്ല | മോശെയെപോലെ സാധാരണ ജനനം |
| | ജീവിതാന്ത്യം | സാധാരണ മരണം | അസാധാരണ സംഭവങ്ങൾ | മോശെയെപോലെ സാധാരണ മരണം |
| പ്രവാചകനെന്ന നിലയിൽ | ഉത്തരവാദിത്തം | പ്രവാചകനും തൻെറ ജനതയുടെ ഭരണാധികാരിയും | പ്രവാചകൻ മാത്രം | മോശെയെപോലെ പ്രവാചകനും തൻെറ ജനതയുടെ ഭരണാധികാരിയും |
| | പഠിപ്പിച്ചുകൊടുത്ത നിയമങ്ങൾ (ശരീഅത്ത്) | തൻെറ ജനതക്കാവശ്യമായ പുതിയ വിധിവിലക്കുകൾ ദൈവം ഇദ്ദേഹത്തിലൂടെ നൽകി | മോശയിലൂടെ നൽകപ്പെട്ട നിയമങ്ങളനുസരിച്ച് ജീവിക്കുവാൻ മാത്രംജനങ്ങളെ പഠിപ്പിച്ചു | തൻെറ ജനതയ്ക്കാവശ്യമായ പുതിയ വിധിവിലക്കുകൾ മോശയ്ക്ക് നൽകിയതുപോലെ ഇദ്ദേഹത്തിനും ദൈവം നൽകി |
| | പലായനം | മദായിനിലേക്ക് പോകേണ്ടിവന്നു | അങ്ങനെയൊന്നുമുണ്ടായിട്ടില്ല | മദീനയിലേക്ക് പോകേണ്ടി വന്നു |
| | ദൈവികഗ്രന്ഥത്തിന്റെ ക്രോഡീകരണം | ജീവിതകാലത്തുതന്നെ രേഖപ്പെടുത്തപ്പെട്ടു | രേഖപ്പെടുത്തപ്പെട്ടിട്ടില്ല | മോശെയെപോലെ ജീവിതകാലത്ത് തന്നെ രേഖപ്പെടുത്തപ്പെട്ടു. |
| | സ്വന്തം ജനതയുടെ പ്രതികരണം | മോശയുടെ നേതൃത്വം ആദ്യം തിരസ്കരിച്ചുവെങ്കിലും പിന്നീട് ഇസ്രായീല്യർ സ്വീകരിച്ചു | ഇന്നുവരെ യേശുവിൻെറ ജനത പൂർണമായി അദ്ദേഹത്തെ അംഗീകരിച്ചിട്ടില്ല | മോശയുടേതുപോലെ മുഹമ്മദി(ﷺ)ന്റെ ജനതയും അദ്ദേഹത്തിൻെറ നേതൃത്വം ആദ്യം തിരസ്കരിച്ചെങ്കിലും പിന്നെ പൂർണമായി അംഗീകരിച്ചു. |
| | എതിരാളികളും ശത്രുതയും | ഫറോവയുടെ ആളുകൾ അദ്ദേഹത്തെയും അനുയായികളെയും നശിപ്പിക്കാനായി അവസാനം വരെ ശ്രമിച്ചു. അവസാനം ഫറോവ നശിച്ചു. മോശ വിജയിച്ചു. | അങ്ങനെയൊന്നുമുണ്ടായിട്ടില്ല | ബഹുദൈവ വിശ്വാസികളായ അറബികൾ അദ്ദേഹത്തെയും അനുയായികളെയും നശിപ്പിക്കാനായി രക്തച്ചൊരിച്ചിലുകളിൽ ഏർപ്പെട്ടു. അവസാനം ബഹുദൈവത്വം നശിച്ചു. മുഹമ്മദ്(ﷺ) വിജയിച്ചു. |
| | ശത്രുക്കൾക്കെതിരിൽ നേടിയ വിജയം | ആത്മീയവും ഭൗതികവുമായ വിജയമുണ്ടായി | ആത്മീയ വിജയം | മോശയെപോലെ ആത്മീയവും ഭൗതികവുമായ വിജയമുണ്ടായി |

**മോശ (عليه السلام), യേശു (عليه السلام), മുഹമ്മദ് (ﷺ) ജീവിതവും ദൗത്യവും ഒരു താരതമ്യ പഠനം ഇതിൽനിന്ന് 'മോശയെ പോലെയുള്ള പ്രവാചകൻ മുഹമ്മദ് നബി (ﷺ) യാണെന്ന് സുതരാം വ്യക്തമാകുന്നു.**

# നാല്

# അവകാശി

തൻെറ 147-ാം വയസിൽ രോഗശയ്യയിൽ കിടക്കുന്ന യാക്കോബ് തൻെറ പുത്ര പൗത്രാദികളെ വിളിച്ചുകൂട്ടി കുറെയധികം പ്രവചനങ്ങൾ നടത്തുന്നതായി ഉൽപത്തി പുസ്തകത്തിൻെറ നാൽപത്തി ഒൻപതാം അധ്യായത്തിൽ നാം വായിക്കുന്നു. തൻെറ ഓരോ പുത്രന്മാർക്കും സംഭവിക്കാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ച് എണ്ണിയെണ്ണി യാക്കോബ് പറയുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതിൽ അദ്ദേഹം നടത്തുന്ന വളരെ ശ്രദ്ധേയമായ ഒരു പ്രവചനമുണ്ട്. അതിങ്ങനെയാണ് മലയാളം ബൈബിളിൽ കൊടുത്തിരിക്കുന്നത്: 'അവകാശി വരുവോളം ചെങ്കോൽ യഹൂദായിൽനിന്ന് ഒഴിഞ്ഞുപോകയില്ല. രാജദണ്ഡ് അയാളുടെ പാദങ്ങൾക്കിടയിൽനിന്ന് മാറുകയില്ല. ജനതകളുടെ വിധേയത്വം അയാളോടായിരിക്കും'. (ഉൽപത്തി49:10).





## 'ഷിലോഹ്' എന്നാൽ

ഈ പ്രവചനത്തിൽ ചെങ്കോലുകൊണ്ട് വിവക്ഷിക്കുന്നത് പ്രവാചകത്വവും രാജദണ്ഡുകൊണ്ടുദ്ദേശിക്കുന്നത് അധികാരവുമാണെന്നാണ് പണ്ഡിതന്മാരുടെ പക്ഷം. കുറെകാലം ചെങ്കോലിൻെറയും രാജദണ്ഡിൻെറയും ആളുകൾ തൻെറ പുത്രനായ യഹൂദയുടെ പരമ്പരയിലുള്ളവരായിരിക്കുമെന്ന് ദീർഘദർശനം നടത്തുകയാണ് ഇവിടെ യാക്കോബ് ചെയ്യുന്നത്. ദീർഘകാലം പ്രവാചകത്വവും രാജദണ്ഡും യഹൂദന്മാർക്കിടയിലായിരിക്കുമെങ്കിലും അത് അവരിൽനിന്ന് അകന്നുപോകുന്ന ഒരു കാലവും വരാനിരിക്കുന്നുണ്ടെന്ന പ്രവചനവും ഈ വാക്യമുൾക്കൊള്ളുന്നുണ്ട്. യഹൂദായിൽ നിലനിൽക്കുന്ന പ്രവാചകത്വത്തിൻെറയും രാജദണ്ഡിൻെറയും കാലാവധി അവകാശിയുടെ ആഗമനംവരെ മാത്രമാണെന്നാണ് ഇവിടെ യാക്കോബ് പ്രവചിക്കുന്നത്.

ആരാണീ അവകാശി? ഈ വചനത്തിൽ അവകാശിയെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'ഷിലോഹ്' (SHILOH) എന്ന ഹിബ്രു പദത്തെയാണ്. പഴയ നിയമത്തിൽ മറ്റെവിടെയും ഈ പദം ഒരു വ്യക്തിയെ കുറിക്കാനായി പ്രയോഗിക്കപ്പെട്ടിട്ടില്ലെന്നാണ് ബൈബിൾ പണ്ഡിതന്മാർ പറയുന്നത്.[1] ആദ്യകാല ബൈബിൾ പ്രതികളിലെല്ലാം ഈ പദം പരിഭാഷപ്പെടുത്താതെ 'ഷിലോഹ്' എന്നുതന്നെ പ്രയോഗിക്കുകയായിരുന്നു ചെയ്തിരുന്നത്. സിറിയൻ പ്ശീത്താ ബൈബിൾ പതിപ്പിലാണ് ഈ പദത്തെ ആദ്യമായി 'അതിൻെറ അവകാശി' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

പ്രവാചകത്വത്തിൻെറ ചെങ്കോലും അധികാരത്തിൻെറ രാജദണ്ഡും യഹൂദായിൽനിന്ന് നീക്കിക്കളഞ്ഞുകൊണ്ട് പ്രത്യക്ഷപ്പെടുന്ന 'ഷിലോഹ്' ആരാണ്? ഷിലോഹിനെകുറിച്ച യാക്കോബിൻെറ പ്രവ

1. ഒരു സ്ഥലത്തിൻെറ നാമമെന്ന നിലയ്ക്ക് 'ഷിലോഹ്' എന്ന് ബൈബിളിൽ പല സ്ഥലങ്ങളിലും പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. (ഉദാ: ന്യായാ 21:19, 1ശാമു 1:9). എന്നാൽ ഈ ഷിലോഹും ഉലപത്തി പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ട ഷിലോഹും തമ്മിൽ പദപരമായ അന്തരം തന്നെയുണ്ട്.

ש (Shin), י (Yod), ל (L'amed), ה (he) എന്നീ അക്ഷരങ്ങൾ ചേർന്നാണ് ഉൽപത്തി പുസ്തകത്തിലെ ഷിലോഹ് എന്ന പദമുണ്ടായിരിക്കുന്നത്. ഷിലോഹ് എന്ന സ്ഥലനാമം എഴുതുമ്പോൾ അതിൽ י (Yod) ചേർക്കാതെയാണ് എഴുതുന്നത്. ഉൽപത്തി പുസ്തകത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന ഷിലോഹ് ബൈബിളിൽ മറ്റെവിടെയും പ്രയോഗിക്കപ്പെട്ടിട്ടില്ല.

ചനത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്.

1. ഷിലോഹിൻെറ ആഗമനത്തോടുകൂടിയാണ് ചെങ്കോലും അധികാരദണ്ഡും യൂദവംശത്തിൽനിന്ന് നീക്കം ചെയ്യപ്പെടുക.
2. ഷിലോഹ് യൂദവംശത്തിൽ പെട്ടവനായിരിക്കുകയില്ല.
3. ചെങ്കോലും അധികാരദണ്ഡും യൂദരിലാണുണ്ടായിട്ടുള്ളതെങ്കിലും പൊതുവെ അത് ഇസ്രായീല്യരുടേതായിട്ടാണ് പരിഗണിക്കപ്പെട്ടുപോന്നിട്ടുള്ളതെന്നതിനാൽ അത് നീക്കം ചെയ്യുന്ന വ്യക്തി ഇസ്രായീല്യനായിരിക്കുകയില്ല.

## ഷിലോഹ് യേശുവല്ല

യഹൂദായിൽ നിന്ന് ചെങ്കോലും അധികാരദണ്ഡും നീക്കം ചെയ്യുന്നതിനുവേണ്ടി വന്ന ഷിലോഹ് യേശുവാണെന്ന് വാദിക്കപ്പെടാറുണ്ട്. ഇത് തീർത്തും അടിസ്ഥാനരഹിതമാണ്. ഒന്നാമതായി യേശു ഒരു ഇസ്രായീല്യനാണ്. രണ്ടാമതായി യേശു യഹൂദായുടെ പുത്രപാരമ്പര്യത്തിൽപെട്ടവനാണ്. മത്തായിയുടെയും ലൂക്കോസിൻെറയും സുവിശേഷങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന യേശു വംശാവലിയിൽ യഹൂദായുണ്ടെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.[1] യഹൂദനായ ക്രിസ്തുവിൻെറ ആഗമനത്തിലൂടെ എങ്ങനെയാണ് പ്രവാചകത്വവും രാജാധികാരവും യഹൂദരിൽനിന്ന് നീക്കം ചെയ്യപ്പെട്ടുവെന്ന് പറയാൻ കഴിയുന്നത്? അപ്പോൾ ഷിലോഹ് യേശുവല്ലെന്ന കാര്യത്തിൽ സംശയത്തിന്നകാശമില്ല. പിന്നെ ആരാണ് ഷിലോഹ്?

## <u>'ഷിലോഹി'ൻെറ അർത്ഥം</u>

ഷിലോഹ് എന്ന പദത്തെ പ്ശീത്താ ഭാഷാന്തരത്തിലാണ് ആദ്യമായി 'അതിൻെറ അവകാശി'യെന്ന് പരിഭാഷപ്പെടുത്തിയതെന്ന് പറഞ്ഞുവല്ലോ. പ്രസ്തുത പരിഭാഷ നിർവഹിച്ച വ്യക്തി, അവൻ, അത് എന്നിങ്ങനെ അർത്ഥം വരുന്ന אֲשֶׁר(asher) എന്ന പദത്തിൻെറ ചുരുക്കമായ sh ഉം അവൻേറതാണ് എന്നർത്ഥം വരുന്ന loh എന്ന പദ

1. ഈ വംശാവലികളിലുള്ള വൈരുദ്ധ്യം വിശദീകരിക്കാനായി ഒരാൾ യേശു മാതാവിൻെറയും മറ്റെയാൾ യേശു പിതാവിൻെറയും വംശാവലിയാണ് പ്രതിപാദിച്ചിട്ടുള്ളതെന്ന് വാദിക്കപ്പെടാറുണ്ട്. ഇത് ശരിയെങ്കിൽ മാതാവിൻെറയും പിതാവിൻെറയും വംശപ്രകാരം ക്രിസ്തു യഹൂദൻതന്നെ.





വും കൂടിച്ചേർന്നാണ് ഷിലോഹ് എന്ന പദമുണ്ടായിരിക്കുന്നത് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ പദത്തെ 'അതിൻെറ അവകാശി' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

ഇതല്ലാത്ത രണ്ട് സാധ്യതകൾ കൂടി ഷിലോഹ് എന്ന പദത്തിൻെറ വ്യുൽപത്തിയുമായി ബന്ധപ്പെട്ട് പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഷലാഹ് (shalah) എന്ന പദത്തിൻെറ രൂപാന്തരമായിരിക്കാം ഷിലോഹ് എന്നതത്രെ ഇതിലൊന്ന്. അങ്ങനെയെങ്കിൽ ഈ പദത്തിന് 'സമാധാനപരം', 'ശാന്തം', 'വിശ്വസ്തം' എന്നിങ്ങനെയുള്ള അർത്ഥങ്ങളാണ് വരിക.

മൂന്നാമത്തെ സാധ്യത ഒരു കൈപ്പിശകിൻേറതാണ്. ഏതോ ഒരു തലമുറയിൽ ഈ പദം പകർത്തിയെഴുതിയ വ്യക്തി അശ്രദ്ധ കാരണം അവസാനത്തെ അക്ഷരമായ ഹീറ്റിൻെറ (heet) ൻെറ ഇടതുവശം വേർപെടുത്തി എഴുതിയതുകാരം അത് (hi)യായി മാറിയതായിരിക്കാം ഷിലോഹ് എന്ന പദം അവിടെ വരാനുള്ള കാരണമെന്ന് കരുതാനും ന്യായമുണ്ട്. ഷിലോഹിലെക്കുപകരം ആയിരുന്നുവെങ്കിൽ അത് ഷാ'ലുഹ് (shaluh) എന്നായിരിക്കും ഉച്ചരിക്കുക. ഇത് ഷാ'ലാഹ് (shalah) എന്ന ക്രിയയിൽ നിന്നുണ്ടായതാണ്. അയക്കുക, പ്രതിനിധീകരിക്കുക തുടങ്ങിയ അർത്ഥങ്ങളുള്ള ഷാലാഹിൽ നിന്നുണ്ടായ ഷാ'ലുഹുകൊണ്ട് വിവക്ഷിക്കപ്പെട്ടത് അയക്കപ്പെട്ടവൻ അഥവാ ദൂതൻ എന്നായിരിക്കാനുള്ള സാധ്യതയാണ് മൂന്നാമതായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

അവകാശി, സമാധാനകാംക്ഷി (അല്ലെങ്കിൽ വിശ്വസ്തൻ), ദൂതൻ എന്നിങ്ങനെ മൂന്ന് അർത്ഥങ്ങളിലേതെങ്കിലുമൊന്ന് ഉദ്ദേശിച്ചുകൊണ്ടായിരിക്കും യാക്കോബ് തൻെറ പുത്രന്മാരോട് യഹൂദയിൽ പ്രവാചകത്വത്തെയും രാജാധികാരത്തെയും നീക്കിക്കളയുന്ന വ്യക്തിയെ കുറിച്ച് പ്രവചിച്ചതെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

## <u>ആരാണ് 'ഷിലോഹ്'?</u>

ഈ മൂന്ന് അർത്ഥങ്ങളിലേതു പരിഗണിച്ചാലും മുഹമ്മദ് നബി (ﷺ)യെകുറിച്ചാണ് യാക്കോബ് പ്രവചിച്ചതെന്ന് നിസ്സംശയം പറയാൻ സാധിക്കും. മുഹമ്മദ് നബി(ﷺ) പ്രവാചകത്വലബ്ധിക്ക് മുമ്പു തന്നെ തൻെറ സമൂഹത്തിൽ വിശ്വസ്തനായി അറിയപ്പെട്ടയാളായി

രുന്നു. അദ്ദേഹത്തിൻെറ കഠിന വിരോധികളായി മാറിയ അറേബ്യൻ ബഹുദൈവാരാധകർ പോലും വ്യക്തിയെന്ന നിലക്കുള്ള അദ്ദേഹത്തിൻെറ വിശ്വസ്തതയെ ചോദ്യം ചെയ്തിരുന്നില്ല.

സമാധാനത്തിനുവേണ്ടി നിലകൊള്ളുകയും ഭൂമിയിൽ ശാന്തിയും സമാധാനവും ഉണ്ടാക്കുന്നതിനുവേണ്ടി ത്യാഗങ്ങൾ സഹിക്കുകയും ചെയ്ത മുഹമ്മദ് നബി(ﷺ)യല്ലാതെ മറ്റാരാണ് 'സമാധാനകാംക്ഷി' യെന്ന് വിളിക്കപ്പെടാൻ ശരിക്കും അർഹനായി ചരിത്രത്തിലുള്ളത്? ദൈവിക വചനങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും അതനുസരിച്ച് ജീവിച്ച് മാതൃക കാണിക്കുകയും ചെയ്ത മുഹമ്മദ് നബി(ﷺ) യെ ഉദ്ദേശിച്ചുകൊണ്ട് തന്നെയാവണം യാക്കോബ് ദൂതൻ എന്നാണ് പറഞ്ഞതെങ്കിൽ അതെന്ന് വിചാരിക്കാവുന്നതാണ്.

അവസാന നാളുവരെയുള്ള മുഴുവൻ മനുഷ്യർക്കുമായി അയക്കപ്പെട്ട മുഹമ്മദ് നബി(ﷺ) പ്രവാചകത്വത്തിൻെറ യഥാർത്ഥ അവകാശിയെന്ന് വിളിക്കപ്പെടാൻ തീർച്ചയായും അർഹനാണല്ലോ. ഭൗതികമായ അധികാരശക്തി കരഗതമാക്കിയ മുഹമ്മദ്(ﷺ) രാഷ്ട്രീയ രംഗത്തെ നിസ്തുലനായ മാതൃകയായി മാറിയത് സുവിദിതമാണല്ലോ. ഇങ്ങനെ 'ഷിലോഹ്' എന്ന പ്രയോഗത്തിന് കൽപിക്കാവുന്ന ഏത് അർത്ഥം കൽപിച്ചാലും യാക്കോബിൻെറ പ്രവചനം മുഹമ്മദ് നബി (ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടതായി കാണാനാവും.

യഥാർത്ഥത്തിൽ പ്രവാചകത്വവും അധികാരവും യഹൂദ സമുദായത്തിൽനിന്ന് നീക്കം ചെയ്യപ്പെട്ടത് മുഹമ്മദ് നബി (ﷺ)യോടെയാണല്ലോ. മുഹമ്മദ് നബി (ﷺ)ക്ക് മുമ്പത്തെ പേരെടുത്ത് പറയപ്പെട്ട പ്രവാചകന്മാരിൽ അധികവും യഹൂദ സമുദായത്തിൽപെട്ടവരായിരുന്നു. ഇസ്രായേൽ തറവാടിനെ നയിച്ച യേശുവരെയുള്ള എല്ലാ പ്രവാചകന്മാരും യഹൂദർ തന്നെ. മുഹമ്മദ് നബി(ﷺ)യിലൂടെയാണ് ഈ അവസ്ഥക്ക് മാറ്റംവന്നത്. അവസാന നാളുവരെയുള്ളവർക്ക് മാതൃകയായ പ്രവാചകത്വത്തിൻെറ അവകാശി വന്നതോടുകൂടി യഹൂദരിൽനിന്ന് ചെങ്കോലും രാജദണ്ഡും നീക്കം ചെയ്യപ്പെട്ടുവെന്ന് സാരം.



# അഞ്ച്

## തെരഞ്ഞെടുക്കപ്പെട്ട ദാസൻ

ഒരുപാട് പ്രവചനങ്ങളുള്ള ഒരു പഴയ നിയമ ഗ്രന്ഥമാണ് യെശയ്യാവിൻെറ പുസ്തകം. ഈ പുസ്തകത്തിൻെറ നാൽപത്തിരണ്ടാം അധ്യായത്തിൽ പ്രസിദ്ധമായ ഒരു പ്രവചനമുണ്ട്. വരാനിരിക്കുന്ന ഒരു ദൈവദൂതനെകുറിച്ചുള്ളതാണ് ഈ പ്രവചനം. ഇത് യേശുവിനെ കുറിച്ചുള്ളതാണെന്ന് വരുത്തി തീർക്കുന്നതിനു വേണ്ടിയാണ് സുവിശേഷ കർത്താവായ മത്തായി ശ്രമിച്ചിരിക്കുന്നത് (മത്തായി 12:18-21). എന്നാൽ വളരെ ദീർഘമായി ഈ പ്രവചനം ശ്രദ്ധിച്ചു പഠിച്ചാൽ ഇത് യേശുവിനെ സംബന്ധിച്ചല്ലെന്ന് സുതരാം വ്യക്തമാകും.

'ഇതാ ഞാൻ താങ്ങുന്ന എൻെറ ദാസൻ. എൻെറ തെരഞ്ഞെടുക്കപ്പെട്ടവൻ: എൻെറ ഉള്ളം അയാളിൽ പ്രസാദിച്ചിരിക്കുന്നു; ഞാൻ എൻെറ ആത്മാവ് അയാളിൽ നിക്ഷേപിച്ചിരിക്കുന്നു; അയാൾ ജനങ്ങളുടെമേൽ നീതി നടത്തും. അയാൾ ഭൂമിയിൽ നീതി സുസ്ഥാപിതമാക്കുംവരെ പരാജയപ്പെടുകയില്ല; നിരാശപ്പെടുകയുമില്ല, ദ്വീപു

കൾ അയാളുടെ നിയമത്തിനുവേണ്ടി കാത്തിരിക്കുന്നു' (യെശയ്യാ 42:1-4).

## യേശുവല്ല

ഈ വചനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ദൈവദൂതനെകുറിച്ചാണല്ലോ പ്രതിപാദിക്കുന്നത്. ദൈവത്തിൻെറ ഉള്ളം പ്രസാദിച്ച ദൈവദാസൻ ആരാണ്? എന്ന പ്രശ്നം ബൈബിൾ പണ്ഡിതന്മാരുടെ ചർച്ചക്ക് വിധേയമായിട്ടുണ്ട്. മത്തായി ഈ വചനങ്ങൾ ആവർത്തിച്ചുകൊണ്ട് യേശുവിൽ ഇവ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഇതിലെ പ്രവചനം യേശുവിനെ സംബന്ധിച്ച് തന്നെയാണെന്ന അഭിപ്രായത്തിലാണ് അവരെല്ലാം എത്തിച്ചേർന്നിരിക്കുന്നത്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ദൈവദാസനെന്ന് ഇവിടെ പ്രയോഗിച്ചിരിക്കുന്നത് യേശുവിനെ സംബന്ധിച്ചല്ലെന്ന് മനസ്സിലാക്കുവാൻ ഏറെ പ്രയാസപ്പെടേണ്ടതൊന്നുമില്ല. 'അയാൾ ജനതകളുടെ മേൽ നീതി നടത്തും' എന്ന വചനം മത്തായി ഉദ്ധരിച്ചപ്പോൾ 'അവൻ വിജാതീയരോട് ന്യായവിധി പ്രഖ്യാപിക്കും' (മത്തായി 12:18) എന്നായിട്ടുണ്ട്. മത്തായി തൻെറ സുവിശേഷമെഴുതുന്ന കാലത്ത് യെശയ്യാവിൻെറ പുസ്തകത്തിൽ അങ്ങനെയായിരിക്കും രേഖപ്പെടുത്തിയിരുന്നതെന്നും പിന്നീട് പകർത്തിയെഴുത്തുകാരിൽ ആരോ വരുത്തിയ കൈപ്പിഴ കാരണം 'ജനതകളുടെ മേൽ നീതി നടത്തും' എന്നായി മാറിയതാവാമെന്നും വാദിക്കാവുന്നതാണ്. അതെപോലെ യെശയ്യാവിൻെറ നടേ പറഞ്ഞ വചനത്തിലില്ലാത്ത 'അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശകൊള്ളും' (മത്തായി 12:21) എന്ന ഒരു വചനം കൂടി മത്തായി യെശയ്യാവിൽ നിന്നെന്നപോലെ ഉദ്ധരിക്കുന്നുണ്ട്. ഈ വചനവും മുമ്പ് യെശയ്യാവിൻെറ പുസ്തകത്തിൽ ഉണ്ടായിരുന്നുവെന്നും പിന്നീട് നഷ്ടപ്പെട്ടതാവാമെന്നും വാദിക്കാവുന്നതാണ്.

ഈ വാദങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ഈ വചനങ്ങൾ യേശുവിനെ സംബന്ധിച്ചതാണെന്ന് പറയുവാൻ യാതൊരു പഴുതുമില്ലെന്നതാണ് വാസ്തവം. ഇസ്രായീല്യരിലേക്ക് വന്നവനാണ് താനെന്ന് സ്വയം പ്രഖ്യാപിച്ച യേശു വിജാതീയരിലേക്ക് തൻെറ ദൗത്യം വ്യാപിപ്പിക്കുന്നതുപോലും അനുവദിച്ചിരുന്നില്ലെന്നാണ് സുവിശേഷങ്ങൾ വായിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. 'അവൻ





വിജാതീയരോട് ന്യായവിധി നടത്തും' എന്നും 'അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശകൊള്ളും' എന്നുമുള്ള വചനങ്ങൾ യേശുവിൻെറ കാര്യത്തിൽ തീരെ അനുയോജ്യമല്ലെന്നാണല്ലോ ഇത് വ്യക്തമാക്കുന്നത്.

'അയാൾ ജനതകളുടെ മേൽ നീതി നടത്തും' എന്നും 'അയാൾ വിശ്വസ്തതാപൂർവം നീതി നടത്തും; അയാൾ ഭൂമിയിൽ നീതി സുസ്ഥാപിതമാകും വരെ പരാജയപ്പെടുകയോ നിരാശപ്പെടുകയോ ഇല്ല' എന്നുമുള്ള വചനങ്ങളും തഥൈവ. യേശുവിന് തൻെറ ഭൂമിയിലുള്ള വാസസമയത്ത് ഇവിടെ നീതി നടത്തുവാൻ സാധിച്ചിട്ടില്ല. അദ്ദേഹം നീതിയിലധിഷ്ഠിതമായ ദൈവരാജ്യത്തെകുറിച്ച് പ്രസംഗിക്കുക മാത്രമാണ് ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ തളരാതെയും പരാജയപ്പെടാതെയും പടപൊരുതിക്കൊണ്ട് ഭുമിയിൽ നീതിസ്ഥാപിക്കുവാൻ സാധിക്കുന്ന ദൈവദൂതനെകുറിച്ച പരാമർശം യേശുവിനെകുറിച്ചാകാൻ സാധ്യതയില്ല. ഇത് മനസ്സിലാക്കിയതുകൊണ്ട് തന്നെയായിരിക്കണം യെശയ്യാവിൻെറ ഈ പ്രവചനം യേശുവിനെകുറിച്ചാണെന്ന് സ്ഥാപിക്കുവാൻ ശ്രമിച്ച മത്തായി 'അയാൾ വിശ്വസ്തതാപൂർവം നീതി നടത്തും; അയാൾ ഭൂമിയിൽ നീതി സുസ്ഥാപിതമാകുന്നതുവരെ പരാജയപ്പെടുകയോ നിരാശപ്പെടുകയോ ഇല്ല' എന്ന വചനം സമർത്ഥമായി മൂടിവെച്ചത്. ഈ വചനം കൂടി ഉദ്ധരിച്ചാൽ ഈ പ്രവചനം ക്രിസ്തുവിനെ സംബന്ധിച്ചല്ലെന്ന വസ്തുത ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയും.

## മുഹമ്മദി(ﷺ)നെകുറിച്ച്

യെശയ്യാവിൻെറ പ്രവചനം മുഹമ്മദി(ﷺ)ൻെറ വ്യക്തിത്വത്തെയും ദൗത്യത്തെയും കുറിച്ചുള്ളതാണെന്ന് പറയാൻ കുറെ ന്യായങ്ങളുണ്ട്. ഈ പ്രവചനം തുടങ്ങുന്നത് 'ഇതാ ഞാൻ താങ്ങുന്ന എൻെറ ദാസൻ; എൻെറ തെരഞ്ഞെടുക്കപ്പെട്ടവൻ' എന്ന് പറഞ്ഞുകൊണ്ടാണല്ലോ. എല്ലാ പ്രവാചകന്മാരും ദൈവദാസന്മാരും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരുമാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ മുഹമ്മദ് നബി(ﷺ)യെപോലെ 'അബ്ദുഹു വ റസൂലുഹുൽ മുസ്തഫാ' (അവൻെറ ദാസനും തെരഞ്ഞെടുക്കപ്പെട്ട ദൂതനും) എന്ന് പ്രത്യേകമായി മറ്റൊരു പ്രവാചകനും വിളിക്കപ്പെട്ടിട്ടില്ല. 'ഞാൻ താങ്ങുന്ന എൻെറ ദാസൻ എൻെറ തെരഞ്ഞെടുക്കപ്പെട്ടവൻ' എന്ന്

വിളിക്കപ്പെടുന്ന ഒരു പ്രത്യേക വ്യക്തിയെകുറിച്ചാണ് ഈ പ്രവചനമെന്നതിനാൽ ഇത് മുഹമ്മദ് നബി(ﷺ)യെ സംബന്ധിച്ചാണെന്ന് തീർച്ചയായും പറയാവുന്നതാണ്.

## വിജാതീയരിൽനിന്ന്

വിജാതീയരിൽനിന്ന് വന്ന പ്രവാചകനാണ് മുഹമ്മദ് നബി (ﷺ). അദ്ദേഹം ന്യായവിധി പ്രഖ്യാപിച്ചത് വിജാതീയരോടായിരുന്നു. സാംസ്കാരികമായി പൂജ്യം ഡിഗ്രിയിലായിരുന്ന അറബികളെ എല്ലാ രംഗത്തും ഉന്നത ശീർഷരാക്കിയത് മുഹമ്മദ് നബി(ﷺ)യുടെ ആഗമനമായിരുന്നുവെന്ന് കാണാൻ കഴിയും. 'അവൻ വിജാതീയരോട് ന്യായവിധി പ്രഖ്യാപിക്കും' എന്നും 'അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശകൊള്ളും' എന്നുമുള്ള വചനങ്ങളുടെ പൂർത്തീകരണം നമുക്ക് മുഹമ്മദി(ﷺ)ലല്ലാതെ മറ്റാരിലും കാണാൻ കഴിയുന്നില്ല.

## നീതി നിർവഹിച്ചവൻ

നീതിനിർവഹണത്തിൻെറ ചില തത്വങ്ങൾ പഠിപ്പിക്കുകയല്ല മുഹമ്മദ് നബി(ﷺ) ചെയ്തത്. താൻ പഠിപ്പിച്ച തത്വങ്ങൾ നൂറുശതമാനം പ്രയോഗവൽകരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചുവെന്നതാണ് ചരിത്രത്തിൽ അദ്ദേഹത്തെ അതുല്യനാക്കുന്നത്. നീതിനിഷ്ഠമായ ഒരു രാഷ്ട്രം സംസ്ഥാപിക്കുവാനും അത്തരം ഒരു രാഷ്ട്രം എങ്ങനെയായിരിക്കണമെന്ന് ലോകത്തിന് കാണിച്ചുകൊടുക്കുവാനും സാധിച്ച പ്രവാചകനാണ് മുഹമ്മദ്(ﷺ). ഇസ്ലാമിക രാഷ്ട്രത്തിലെ നീതിനിർവഹണത്തിൻെറ കാര്യത്തിൽ കണിശത പുലർത്തിയിരുന്നയാളായിരുന്നു അദ്ദേഹം. 'എൻെറ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിൽ അവളുടെ കരം ഞാൻ ഛേദിക്കും' എന്ന് പ്രഖ്യാപിക്കുകയും പക്ഷപാതമില്ലാതെ നീതി നടപ്പാക്കുകയും ചെയ്ത മുഹമ്മദ് നബി (ﷺ)യല്ലാത്ത മറ്റാരുടെ കാര്യത്തിലാണ് 'അയാൾ വിശ്വസ്തതാപൂർവം നീതി നടത്തും. അയാൾ ഭൂമിയിൽ നീതി സുസ്ഥാപിതമാകും വരെ പരാജയപ്പെടുകയോ നിരാശപ്പെടുകയോ ഇല്ല' എന്ന പ്രവചനം അന്വർത്ഥമായിരിക്കുന്നത്? മുഹമ്മദ് നബി(ﷺ)യുടെ ആഗമനമാണ് യെശയ്യാവിൻെറ പുസ്തകത്തിൽ പ്രവചിക്കപ്പെട്ടിട്ടുള്ളതെന്ന് ഇക്കാര്യങ്ങളെല്ലാം സുതരാംവ്യക്തമാക്കുന്നുണ്ട്.

ദൈവത്തിൻെറ ഉള്ളം പ്രസാദിച്ച തെരഞ്ഞെടുക്കപ്പെട്ടവനെ





കുറിച്ച് യെശയ്യാവിൻെറ പുസ്തകത്തിൽ പിന്നീട് പറയുന്ന കാര്യങ്ങളും പൂർണമായി മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടുവെന്ന് കാണാൻ കഴിയും. പ്രവചനങ്ങൾ കാണുക: 'ഞാനാണ് കർത്താവ്, നീതിക്കായി ഞാൻ നിന്നെ വിളിച്ചു; ഞാൻ നിന്നെ കൈപിടിച്ച് എടുത്ത് സംരക്ഷിച്ചു. ഞാൻ നിന്നെ ജനത്തിന് ഒരു ഉടമ്പടിയായി നൽകിയിരിക്കുന്നു. ജനതകൾക്കുള്ള ഒരു വെളിച്ചം. ഇത് അന്ധൻെറ കണ്ണുകൾ തുറക്കാനും തടവറയിൽനിന്ന് തടവുകാരെയും കാരാഗൃഹത്തിൽ നിന്ന് അന്ധകാരത്തിൽ ഇരിക്കുന്നവരെയും പുറത്തുകൊണ്ടുവരാനുമാണ്' (യെശയ്യാ 42:6,7).

അന്ധകാരത്തിൽനിന്ന് ജനങ്ങളെ വെളിച്ചത്തിലേക്ക് നയിക്കുകയും പൗരോഹിത്യവും കുട്ടിദൈവങ്ങളുമൊരുക്കിയ ബുദ്ധിപരമായ അടിമത്തത്തിൽനിന്ന് ലോകത്തെ രക്ഷിക്കുകയും ചെയ്ത മുഹമ്മദ് നബി(ﷺ)യുടെ ദൗത്യത്തെക്കുറിച്ചാകാം ഈ പ്രവചനം സൂചന നൽകുന്നത്.

## കേദാറിൻെറ സന്തോഷം

യെശയ്യാവിൻെറ പ്രവചനം മുഹമ്മദ് നബി(ﷺ)യെകുറിച്ച് തന്നെയാണെന്ന് വ്യക്തമാക്കുന്ന ഒരു വാക്യം കൂടിയുണ്ട്. അതിങ്ങനെയാണ്: 'കർത്താവിന് ഒരു പുതിയ ഗാനം ആലപിക്കൂ. ഭൂമിയുടെ അതിർത്തികളിൽ നിന്ന് അവന്ന് സ്തുതി മുഴങ്ങട്ടെ. സമുദ്രവും അതുൾക്കൊള്ളുന്ന സർവ്വവും, ദ്വീപുകളും അവയിലെ നിവാസികളും അവന്ന് സ്തുതി പാടട്ടെ. മരുഭൂമിയും അതിലെ നഗരങ്ങളും കേദാർ നിവസിക്കുന്ന ഗ്രാമങ്ങളും സ്വരമുയർത്തട്ടെ. സേല നിവാസികൾ ആനന്ദപൂർവം പാടട്ടെ. കൊടുമുടികളിൽനിന്ന് അവർ ആർത്തുവിളിക്കട്ടെ. അവൻ കർത്താവിന് മഹത്വമർപ്പിച്ച ദ്വീപുകളിൽ അവൻെറ സ്തുതി ഘോഷിക്കട്ടെ'. (യെശയ്യാ 42:10-12).

ഈ വചനത്തിലെ 'മരുഭൂമിയും അതിലെ നഗരങ്ങളും കേദാർ നിവസിക്കുന്ന ഗ്രാമങ്ങളും സ്വരമുയർത്തട്ടെ' എന്ന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. ഇസ്മാഈലിൻെറ പന്ത്രണ്ട് പുത്രന്മാരിൽ ഒരാളാണ് കേദാർ (ഉൽപത്തി 25:13). അറേബ്യൻ മരുഭൂമിയിൽ വസിച്ചിരുന്ന ഇദ്ദേഹത്തിൻെറ പിൻമുറക്കാരെയാണ് കേദാരികൾ (Kedarites) എന്ന് വിളിക്കുന്നത്. ബൈബിളിൽ പല സ്ഥലത്തും അറബികളെ കുറിച്ച് പറയുന്ന കേദാറിനെകുറിച്ച് പറയുന്നുണ്ട്. യെശയ്യാവിൻെറ

പ്രവചനത്തിൽ 'കേദാർ നിവസിക്കുന്ന ഗ്രാമങ്ങൾ' എന്നും 'മരുഭൂമിയും അതിലെ നഗരങ്ങളും' എന്നും പ്രയോഗിച്ചിരിക്കുന്നത് മൊത്തത്തിൽ അറേബ്യയെ സൂചിപ്പിക്കാനാണെന്ന് കരുതാവുന്നതാണ്. 'കേദാർ നിവസിക്കുന്ന ഗ്രാമങ്ങൾ' എന്ന പ്രയോഗത്തിന് അറേബ്യൻ ഗ്രാമങ്ങളെന്നല്ലാത്ത മറ്റൊരു അർത്ഥവും നൽകാനാവില്ലെന്ന കാര്യത്തിൽ പണ്ഡിതർക്കിടയിൽ പക്ഷാന്തരമില്ല.

കേദാർ നിവസിക്കുന്ന ഗ്രാമങ്ങൾ സ്വരമുയർത്തിയത് ആരുടെ ആഗമനത്തോടുകൂടിയാണെന്ന് പരിശോധിച്ചാൽ ഈ പ്രവചനത്തിൻെറ പൊരുളെന്താണെന്ന് വ്യക്തമാകും. ഇസ്മാഈലിന് ശേഷം മുഹമ്മദി(ﷺ)ന് മുമ്പായി അറബികൾക്കിടയിൽ മറ്റേതെങ്കിലും പ്രവാചകൻ വന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. യെശയ്യാവ് പ്രവചിച്ചത് യേശുവിനെ കുറിച്ചാണെന്ന മത്തായിയുടെ അഭിപ്രായം ഇവിടെ ഒരിക്കൽകൂടി അപ്രസക്തമായിത്തീരുന്നു. യേശുവിൻെറ ആഗമനത്തിൽ ഒരിക്കൽപോലും കേദാർ നിവസിക്കുന്ന ഗ്രാമങ്ങൾ ശബ്ദമുയർത്തിയിട്ടില്ല. കഴിഞ്ഞ രണ്ടായിരം വർഷമായി ക്രിസ്തുമതത്തിന് കാര്യമായ സ്വാധീനമൊന്നും ചെലുത്താൻ കഴിയാത്തതായി നിലനിൽക്കുന്ന ലോകത്തിലെ ഏതാനും ചില പ്രദേശങ്ങളിലൊന്നാണ് അറേബ്യ. അവിടത്തെ ക്രിസ്തീയ ജനസംഖ്യ ചരിത്രത്തിലൊരിക്കൽ പോലും ഗണനീയമായിരുന്നിട്ടില്ല. അതുകൊണ്ടുതന്നെ കേദാർ വസിക്കുന്ന ഗ്രാമങ്ങൾ ശബ്ദമുയർത്തിയ പ്രവാചകൻെറ ആഗമനത്തെക്കുറിച്ച പ്രവചനം ക്രിസ്തുവുമായി ബന്ധപ്പെടുത്തുന്നത് വസ്തുതകൾക്ക് വിരുദ്ധമാണ്.

ദൈവത്തിൻെറ ഉള്ളം പ്രസാദിച്ചിരിക്കുന്ന ദൈവദൂതൻെറ ആഗമനം മൂലം അറബികൾ ശബ്ദമുയർത്തുമെന്നാണല്ലോ ഈ പ്രവചനങ്ങളിൽനിന്ന് മനസ്സിലാകുന്നത്. പതിതരായിരുന്ന അറബികളെ ലോകത്തിന് മുമ്പിൽ ഉയർത്തിക്കൊണ്ടുവന്ന പ്രവാചകൻ മുഹമ്മദ് നബി(ﷺ)യാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായ ഭിന്നതയുണ്ടാവുമെന്ന് തോന്നുന്നില്ല. കേദാറിൻെറ ഗ്രാമങ്ങളും മരുഭൂമിയും അതിലെ നഗരങ്ങളും ശബ്ദമുയർത്തിയ ദൈവദൂതനെകുറിച്ച യെശയ്യാവിൻെറ പ്രവചനം മുഹമ്മദ് നബി(ﷺ)യെകുറിച്ചാണെന്ന് നമുക്ക് ശങ്കലേശമില്ലാതെ പറയാൻ കഴിയും.



# ആറ്

## വെളിച്ചത്തിൻെറ ദൂതൻ

മുഹമ്മദ് നബി(ﷺ)യെകുറിച്ചാണെന്ന് വ്യാഖ്യാനിക്കാവുന്ന മറ്റൊരു പ്രവചനംകൂടി യെശയ്യാവിൻെറ പുസ്തകത്തിലുണ്ട്. അതിങ്ങനെയാണ്: 'എഴുന്നേൽക്കൂ, പ്രകാശിക്കൂ: നിൻെറ വെളിച്ചം എത്തിയിരിക്കുന്നു. കർത്താവിൻെറ തേജസ് നിൻെറ മേൽ ഉദയം ചെയ്തിരിക്കുന്നു. എങ്കിലും ഇതാ, ഭൂമിയെ ഇരുട്ട് വലയം ചെയ്തിരിക്കുന്നു; ജനപഥങ്ങളെ കൂരിരുട്ടും. പക്ഷെ, കർത്താവ് നിൻെറ മേൽ ഉദയം ചെയ്യും. അവന്റെ തേജസ്സ് നിൻെറ മേൽ കാണപ്പെടുകയും ചെയ്യും. ജനതകൾ നിൻെറ പ്രകാശത്തിലേക്കും രാജാക്കന്മാർ നിൻെറ പുലരി വെളിച്ചത്തിലേക്കും വരും. നീ ദൃഷ്ടി ഉയർത്തി, ചുറ്റുപാടും നോക്കി കാണുക. അവരെല്ലാം ഒരുമിച്ചുകൂടി നിൻെറ അടുക്കലേക്ക് വരുന്നു' (യെശയ്യാ 60:1-4).

### അന്ധകാരത്തിൽനിന്ന് വെളിച്ചത്തിലേക്ക്

ലോകം മുഴുവൻ ഇരുട്ടിലായിരുന്ന കാലത്ത് മക്കയിൽ ഉദിച്ച്

മനുഷ്യർക്ക് മുഴുവൻ പ്രകാശം കാണിച്ചുകൊടുത്ത മുഹമ്മദ് നബി (ﷺ)യിലല്ലാതെ മറ്റൊരു മനുഷ്യനിലും യോജിക്കാത്തവയാണ് മുകളിലെ പ്രവചനത്തിലെ വിശേഷണങ്ങളെന്ന് അത് ഒരാവർത്തി വായിച്ചാൽ സുതരാം ബോധ്യമാകും. ഭൂമിയെ മുഴുവൻ അധർമത്തിൻെറ ഇരുട്ട് വലയം ചെയ്തകാലത്ത്, ജനതതികളെ അന്ധവിശ്വാസനാചാരങ്ങളുടെ കൂരിരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കാനായി കർത്താവിൻെറ തേജസ്സായ വിശുദ്ധ ഖുർആനും പ്രകാശമാനമായ സ്വന്തം ജീവിതവുമുപയോഗിച്ച മഹാനായ പ്രവാചകൻ മുഹമ്മദ് നബി(ﷺ)യല്ലാതെ മറ്റാരാണ്? ഒട്ടനവധി ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിൻെറ വെളിച്ചത്തിലേക്ക് പ്രവാചകൻെറ കാലത്തുതന്നെ കടന്നുവരികയുണ്ടായി. അദ്ദേഹത്തിന് ശേഷമാകട്ടെ, ഒരുപാട് നാടുകളും അധികാരികളും ഇസ്‌ലാമിന് കീഴിലായി. 'ജനതകൾ നിൻെറ പ്രകാശത്തിലേക്കും രാജാക്കന്മാർ നിൻെറ പുലരി വെളിച്ചത്തിലേക്കും വരും' എന്ന യെശയ്യാവിൻെറ പ്രവചനം എത്ര കൃത്യമായാണ് മുഹമ്മദ് നബി(ﷺ)യിൽ പുലർന്നിരിക്കുന്നത്.

## കേദാറും നെബയോത്തും

യെശയ്യാവിൻെറ ഈ പ്രവചനം മുഹമ്മദ് നബി(ﷺ)യെകുറിച്ച് തന്നെയാണെന്ന് ഇതിലെ ബാക്കി ഭാഗങ്ങൾകൂടി പരിശോധിച്ചാൽ കൂടുതൽ ബോധ്യമാകും. 'കേദാറിലെ ആട്ടിൻപറ്റം മുഴുവൻ നിൻെറ അടുക്കൽ വന്നുകൂടും; നെബയോത്തിലെ ആണാടുകൾ നിനക്ക് സേവ ചെയ്യും. അവ എനിക്ക് പ്രസാദജനകമായി എൻെറ ബലിപീഡത്തിൽ എത്തും; എൻെറ മഹിമയാർന്ന ആലയത്തെ ഞാൻ മഹത്വപ്പെടുത്തും' (യെശയ്യാവ് 60:7).

ഈ വചനത്തിൽ രണ്ട് അറബ് ഗോത്രങ്ങളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ഇസ്മായേലി(عليه السلام)ൻെറ പന്ത്രണ്ട് പുത്രന്മാരിൽ ഒരാളാണ് കേദാറെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. നെബയോത്ത് (Nebaioth) ഇസ്മായിലി(عليه السلام)ൻെറ ആദ്യത്തെ പുത്രൻെറ പേരാണ് (ഉൽപത്തി 25:13). കേദാറും നെബയോത്തും ഇസ്മാഈലി(عليه السلام)ൻെറ പുത്രപാരമ്പര്യത്തിലുള്ള രണ്ട് അറബ് ഗോത്രങ്ങളാണ്. 'കേദാറിലെ ആട്ടിൻപറ്റങ്ങളും 'നെബയോത്തിലെ ആണാടു'കളും അറബികളെ കുറിക്കാനുപയോഗിച്ച പ്രയോഗങ്ങളാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 'കേദാറിലെ ആട്ടിൻപറ്റം മുഴുവൻ നിൻെറ അടുത്ത്





വന്നുകൂടും' എന്ന പ്രവചനം മുഹമ്മദ് നബി(ﷺ)യിൽ എല്ലാ അറബികളും വിശ്വസിക്കുമെന്ന സൂചനയായിരിക്കാം നൽകുന്നത്. അതല്ലെങ്കിൽ, തമ്മിലടിച്ചുകൊണ്ടിരുന്ന അറബികളെ വിശ്വാസത്തിൻെറ പാശത്താൽ ഐക്യപ്പെടുത്തിയ പ്രവർത്തനമായിരിക്കാം ഉദ്ദേശിക്കപ്പെടുന്നത്. എന്തുതന്നെയായിരുന്നാലും അറബ് ഗോത്രങ്ങളായ കേദാറിലെയും നെബയോത്തിലെയും ജനങ്ങളുടെ പ്രവാചകൻ എന്ന് വിശേഷിപ്പിക്കുവാൻ മുഹമ്മദ് നബി(ﷺ)യല്ലാതെ മറ്റാരും തന്നെ അർഹനായിട്ടില്ലെന്നതാണ് വാസ്തവം.

## ദൈവത്തിൻെറ ബലിപീഠത്തിൽ

അറബ് ജനത പ്രവാചകൻെറ അടുത്ത് വന്നുകൂടുകയും അദ്ദേഹത്തിന് സേവനം നടത്തുകയും ചെയ്യുമെന്ന പ്രവചനം മാത്രമല്ല ഇതിലുള്ളത്. 'അവ എനിക്ക് പ്രസാദജനകമായി എൻെറ ബലിപീഠത്തിൽ എത്തും' എന്നാണ് ഇതിലെ മറ്റൊരു പ്രവചനം. മുഹമ്മദ്നബി(ﷺ)യുടെ അനുയായികളിൽ ഈ പ്രവചനവും അക്ഷരാർത്ഥത്തിൽ പുലർന്നതായി കാണാൻ കഴിയും. ദൈവഹിതത്തിനുവേണ്ടി എന്ത് ത്യാഗവും ചെയ്യാൻ സന്നദ്ധരായവരായിരുന്നു അവർ. സത്യമതത്തെ നശിപ്പിക്കുവാനും ദിവ്യപ്രകാശത്തെ കെടുത്തുവാനും കഴിയുമെന്ന് കരുതി യുദ്ധത്തിനൊരുങ്ങിയ അവിശ്വാസികളോട് സ്വന്തം ജീവൻ തൃണവൽഗണിച്ചുകൊണ്ട് പടപൊരുതിയവരാണവർ. അതിൽ പല പ്രവാചക സഖാക്കൾക്കും സ്വന്തം ജീവൻ പോലും നൽകേണ്ടി വന്നിട്ടുണ്ട്. ആദർശത്തിനു വേണ്ടി സ്വന്തം ജീവൻ നൽകാൻ യാതൊരു വൈമനസ്യവും കാണിക്കാതിരുന്ന പ്രവാചക ശിഷ്യന്മാരെയായിരിക്കണം ഇവിടെ യെശയ്യാവ് തൻെറ പ്രവചനത്തിൽ പരാമർശിച്ചത്.

## മഹിമയാർന്ന ആലയം

പ്രവാചകൻെറ ശിഷ്യന്മാർ ദൈവഹിതത്തിനുവേണ്ടി സ്വന്തം ജീവൻ നൽകുവാൻപോലും സന്നദ്ധമാകുമെന്ന പ്രവചനത്തിന് തൊട്ടുപിറകിലായി പറയുന്നത് 'എൻെറ മഹിമയാർന്ന ആലയം? അത് അറേബ്യയിലെ കഅ്ബാലയമാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. കാരണമുണ്ട്. ദൈവത്തിനെ ആരാധിക്കുന്നതിനുവേണ്ടി ആദ്യമായി ഭൂമിയിൽ കെട്ടിയുയർത്തപ്പെട്ട ആലയമാണത്. പ്രസ്തുത

ആലയം ബഹുദൈവാരാധകരുടെ വിഗ്രഹങ്ങളാൽ നിബിഢമായിരുന്നു. മുഹമ്മദ് നബി (ﷺ)യും അനുയായികളുമാണ് കഅ്ബാലയത്തിലെ വിഗ്രഹങ്ങൾ മുഴുവൻ നിഷ്കാസനം ചെയ്ത് അതിനെ മഹത്വപ്പെടുത്തിയത്. ദൈവത്തിൻെറ മഹിമയായ ആലയത്തെ മഹത്വപ്പെടുത്തുന്നതിനു വേണ്ടിയുള്ള പടിപടിയായ പ്രവർത്തനങ്ങൾക്കിടയിൽ കുറെ പ്രവാചക ശിഷ്യന്മാർക്ക് ജീവൻ ബലിയർപ്പിക്കേണ്ടി വന്നിട്ടുണ്ട്. ഇതായിരിക്കാം 'അവ എനിക്ക് പ്രസാദജനകമായി എൻെറ ബലിപീഠത്തിൽ എത്തും; എൻെറ മഹിമയാർന്ന ആലയത്തെ ഞാൻ മഹത്വപ്പെടുത്തും' എന്ന പ്രവചനത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ലോകത്തിന് മുഴുവൻ വെളിച്ചം നൽകിക്കൊണ്ട് ജനതതികളെ അന്ധകാരത്തിൽനിന്ന് രക്ഷിക്കുന്നവനായി വരാനിരിക്കുന്ന പ്രകാശത്തിൻെറ ദൂതനെന്ന് യെശയ്യാവിൻെറ പ്രവചനത്തിൽ പരാമർശിച്ചത് മുഹമ്മദ് നബി (ﷺ)യാണെന്ന് തന്നെയാണ് മുകളിൽ സൂചിപ്പിച്ച വസ്തുതകൾ വ്യക്തമാക്കുന്നത്.



# ഏഴ്

# ദാവീദിൻെറ പ്രഭു

യേശുവിനെകുറിച്ച സങ്കീർത്തന പുസ്തകത്തിലെ പ്രവചനങ്ങളിലൊന്നായി പരിചയപ്പെടുത്തപ്പെടുന്ന ദാവീദിൻെറ പ്രസിദ്ധമായ ഒരു കാവ്യമുണ്ട്. അത് തുടങ്ങുന്നത് ഇങ്ങനെയാണ്: 'കർത്താവ് എൻെറ കർത്താവിനോട് അരുൾ ചെയ്യുന്നു. നീ എൻെറ വലതു ഭാഗം ഇരിക്കുക; നിശ്ചയമായും ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കും' (സങ്കീർത്തനം 110:1).

## ആരാണ് രണ്ട് കർത്താക്കൾ?

ഇവിടെ രണ്ട് വ്യക്തികളെ കർത്താവ് എന്ന് ദാവീദ് വിളിച്ചതായി കാണാൻ കഴിയും. ഇതിൽനിന്ന് ദാവീദ് രണ്ട് ദൈവങ്ങളിൽ വിശ്വസിച്ചിരുന്നയാളായി കരുതുന്നത് മൗഢ്യമാണ്. അതുപോലെതന്നെ ഒരു കർത്താവ് പിതാവും മറ്റേത് പുത്രനുമാണെന്നും അവരുടെ ഐക്യമാണ് ഈ വചനത്തിൽ ദാവീദ് ഉദ്ദേശിച്ചതെന്ന് പറയുന്നതും

അടിസ്ഥാനരഹിതമാണ്. മൂലഗ്രന്ഥത്തിൽനിന്ന് ബൈബിൾ പഠിക്കാനുള്ള സാഹചര്യമില്ലാത്തതുകൊണ്ടാണ് ഈ ആശയക്കുഴപ്പങ്ങൾ അത്രയും ഉണ്ടായിരിക്കുന്നത്. ഇതിൽ ആദ്യമായി പ്രതിപാദിക്കപ്പെട്ട കർത്താവിന് ഹിബ്രുമൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത് യാഹശവ (Yahwah) എന്ന പദമാണ്. രണ്ടാമത്തെ കർത്താവിന് അഡോൺ (Adon) എന്ന പദവും. യാഹ്‌വെ (സാധാരണയായി യഹോവയെന്ന് പറയപ്പെടാറുള്ള പദം) ഇസ്രായേലിന്റെ ദൈവത്തിന്റെ വിശുദ്ധനാമമാണ്. അത് സാധാരണയായി യഹൂദന്മാർ ഉപയോഗിക്കാറില്ല. ദൈവനാമത്തിന് കൽപിക്കപ്പെട്ട അമിത ബഹുമാനം കാരണമാകാം ഇത്. അവർ സാധാരണയായി ദൈവത്തെ വിളിക്കാറ് എലോഹിം (Elohim) എന്നാണ്. യാഹ്‌വെ എന്ന പദം വേദപാരായണത്തിനിടയിലോ മറ്റോ ഉച്ചരിക്കേണ്ടിവന്നാൽ അതിന് പകരമായി അവർ അഡോണി (Adoni) എന്നാണ് ഉച്ചരിക്കുക. ഈ പദത്തിന് യജമാനൻ, കർത്താവ്, നേതാവ് എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. ദാവീദ് ഈ പദം പ്രയോഗിച്ചത് യജമാനൻ എന്നോ നേതാവ് എന്നോ ഉള്ള അർത്ഥത്തിലായിരിക്കുമെന്ന് കരുതാൻ മാത്രമെ ന്യായമുള്ളൂ. അപ്പോൾ നമുക്ക് നടേ ഉദ്ദേശിച്ച സങ്കീർത്തന വചനം ഇങ്ങനെ വായിക്കാനാവും. 'യഹോവ എന്റെ യജമാന(നേതാവ്)നോട് അരുൾ ചെയ്യുന്നു.........'.

ഈ വചനത്തിൽ ദാവീദ് എന്റെ യജമാനൻ എന്ന് വിളിച്ചത് ആരെയാണ്? ഒരു രാജാവെന്ന നിലയിൽ ഓരോ ഇസ്രായീല്യന്റെയും നേതാവും രാജ്യത്തിന്റെ യജമാനനുമായിരുന്നു ദാവീദ്. പിന്നെ ആരുടെ ദാസനായിരുന്നു അദ്ദേഹം? അദ്ദേഹത്തിന്റെ കാലത്ത് ജീവിച്ചിരുന്ന ആരുടെയെങ്കിലും ദാസനായിരുന്നില്ല അദ്ദേഹമെന്ന് ഉറപ്പാണ്. കഴിഞ്ഞുപോയ പ്രവാചകന്മാരെ ആരെയെങ്കിലുമായിരുന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നതെങ്കിൽ അന്നത്തെ പ്രയോഗപ്രകാരം 'എന്റെ പിതാവ്' എന്നായിരുന്നു വിളിക്കേണ്ടിയിരുന്നത്. തന്റെ സന്താന പരമ്പരയിൽപെട്ട ആരെയെങ്കിലുമായിരുന്നുവെങ്കിൽ 'എന്റെ പുത്രൻ' എന്നായിരുന്നു പറയേണ്ടിയിരുന്നത്. പിന്നെ ആരെയാണ് ദാവീദ് തന്റെ നേതാവായി അംഗീകരിച്ചത്?

## <u>യേശുവിനെയല്ല</u>

യേശുവിനെകുറിച്ചാണ് ദാവീദ് 'എന്റെ പ്രഭു'വെന്ന് പറഞ്ഞതെ





ന്നാണ് പരമ്പരാഗത ക്രൈസ്തവ വിശ്വാസം. ഇത് എത്രത്തോളം ശരിയാണെന്ന് പരിശോധിക്കപ്പെടണം. ഇവ്വിഷയകമായി യേശു തന്നെ സ്വയം പറയുന്നൊരു കാര്യമുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ അത് നമുക്കിങ്ങനെ വായിക്കാം: 'ഫരിസേയർ ഒത്തുചേർന്ന അവസരത്തിൽ യേശു അവരോട് ചോദിച്ചു: 'ക്രിസ്തുവിനെകുറിച്ച് നിങ്ങൾ എന്ത് വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്?' 'ദാവീദിന്റെ പുത്രൻ' എന്ന് അവർ പറഞ്ഞു. അവർ അവരോട് ചോദിച്ചു: 'എങ്കിൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി അവനെ കർത്താവ് എന്ന് വിളിച്ചത് എങ്ങനെ?'. അയാൾ പറഞ്ഞു: 'കർത്താവ് എന്റെ കർത്താവിനോട് അരുൾ ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ ചവിട്ടടിയിലാക്കുവോളം എന്റെ വലതുവശത്തിരിക്കുന്നു' കർത്താവ് എന്ന് ദാവീദ് അവനെ വിളിക്കുന്നെങ്കിൽ അവൻ ദാവീദിന്റെ പുത്രനാകുന്നത് എങ്ങനെ'? (മത്തായി 22:41-45). ഈ സംഭവം മാർക്കോസും (മാർക്കോസ് 12:35-37) ലൂക്കോസും (ലൂക്കോസ് 20:41-44) ഉദ്ധരിക്കുന്നുണ്ട്.

ഇവിടെ, ഫരിസേയരോട് യേശു ചോദിക്കുന്നത് ക്രിസ്തുവിനെകുറിച്ചാണ്. ക്രിസ്തുവെന്ന പദം 'ക്രിസ്റ്റോസ് (Christos) എന്ന ഗ്രീക്ക് പദത്തിൽനിന്നും നിഷ്പന്നമായതാണ്. മിശിഹാ (Mashiah) എന്ന ഹിബ്രു പദത്തിന്റെ പരിഭാഷയാണ് ക്രിസ്റ്റോസ്. ഈ പദത്തിന് തൈലാഭിഷേകം ചെയ്യപ്പെട്ടവൻ എന്ന് മാത്രമെ അർത്ഥമുള്ളൂ. പഴയ നിയമ പുസ്തകത്തിൽ ഈ പദത്തിന് രാഷ്ട്രീയവും മതപരവുമായ അർത്ഥകൽപനകൾ നൽകപ്പെട്ടതായി കാണാൻ കഴിയുന്നു. ആ ഗ്രന്ഥങ്ങളിൽ കുറെയധികം മിശിഹമാരെകുറിച്ച് പറയുന്നുമുണ്ട്. അവരിൽ ചിലരെങ്കിലും ആത്മാർത്ഥത്തിലുള്ള മിശിഹമാരായിരുന്നുവെന്ന് കാണാൻ കഴിയും. ദൈവത്താൽ അയക്കപ്പെട്ടവൻ എന്ന അർത്ഥത്തിലും മിശിഹയെന്ന് പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. യേശുവിനെ മാത്രം മിശിഹയായി വ്യവഹരിക്കുന്ന ക്രൈസ്തവ സമ്പ്രദായമാരംഭിച്ചത് ഒന്നാം നൂറ്റാണ്ടിലാണെന്ന് കരുതപ്പെടുന്നു. അപ്പോൾ യേശു നടേ സൂചിപ്പിച്ച തന്റെ ചോദ്യത്തിൽ ക്രിസ്തു (മിശിഹ) വിശേഷിപ്പിച്ചത് തന്നെ സ്വയം സൂചിപ്പിക്കാനാണെന്ന് കരുതുന്നതിന് അടിസ്ഥാനമൊന്നുമില്ല. വരാനിരിക്കുന്ന ദൈവദൂതനെയോ മറ്റോ ഉദ്ദേശിച്ചുകൊണ്ട് യേശു പറഞ്ഞ പദം എഴുത്തുകാരൻ ക്രിസ്തുവെന്നാക്കി മാറ്റിയതാവാനുള്ള സാധ്യതയും നിഷേധി

ച്ചുകൂടാ. അതുകൊണ്ടുതന്നെ സംഹിത സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ട യേശു സൂചിത സംഭാഷണത്തിലെ ക്രിസ്തുവെന്ന പദം മാത്രമുപയോഗിച്ചുകൊണ്ട് സങ്കീർത്തനങ്ങളിൽ ദാവീദ് പറഞ്ഞത് ക്രിസ്തുവിനെകുറിച്ചാണെന്ന് വ്യാഖ്യാനിക്കുവാൻ നിവൃത്തിയില്ല.

മാത്രവുമല്ല, വരാനിരിക്കുന്ന മിശിഹ താനാണെന്ന് വാദിക്കുന്നതിന് പകരം അത് നിഷേധിക്കുകയാണ് യഥാർത്ഥത്തിൽ സംഹിത സുവിശേഷങ്ങളിലെ യേശുവിൻെറ സംഭാഷണം ചെയ്യുന്നത്. അദ്ദേഹം ഫരിസേയരോട് ചോദിക്കുന്നത് കാണുക: 'കർത്താവ് എന്ന് ദാവീദ് അവനെ വിളിക്കുന്നുവെങ്കിൽ അവൻ ദാവീദിൻെറ പുത്രനാവുന്നത് എങ്ങനെ? ഇതിൽനിന്ന് മനസ്സിലാവുന്നതെന്താണ്? വരാനിരിക്കുന്ന പ്രവാചകനെകുറിച്ച് ദാവീദ് 'എൻെറ കർത്താവ്' എന്ന് പറഞ്ഞതിനാൽ അദ്ദേഹം ഒരിക്കലും ദാവീദിൻെറ പുത്രപാരമ്പര്യത്തിൽ പെട്ടവനാവുകയില്ല. ഈ വസ്തുതയാണ് യേശു ഈ വചനത്തിൽ പഠിപ്പിക്കുന്നത്. യേശു ദാവീദിൻെറ പുത്രപാരമ്പര്യത്തിൽ പെട്ടയാളാണെന്ന കാര്യം സുവിദിതമാണ്. മത്തായിയും ലൂക്കോസും യേശുവിൻെറ വംശാവലിയിൽ പ്രധാനമായി എടുത്തുപറയുന്ന പേര് ദാവീദിൻേറതാണ്. യേശു ദാവീദിൻെറ പുത്രനാണെന്ന് സ്ഥാപിക്കുകയാണ് രണ്ടുപേരും ചെയ്യുന്നത്. അപ്പോൾ ദാവീദ് 'എൻെറ കർത്താവ്' എന്ന് വിളിച്ചത് യേശുവിനെയാകുവാൻ യാതൊരു സാധ്യതയുമില്ല. യേശു സ്വയംതന്നെയാണ് ഈ സാധ്യതയെ നിഷേധിക്കുന്നതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

## <u>'എൻെറ യജമാനൻ' ആര്?</u>

പിന്നെ ആരെകുറിച്ചാണ് ദാവീദ് 'എൻെറ യജമാനൻ' എന്ന് പറഞ്ഞത്? യേശുവിന് മുമ്പുള്ള ആരെക്കുറിച്ചുമല്ല അത് പറഞ്ഞതെന്ന് സംഹിത സുവിശേഷങ്ങൾ ഉദ്ധരിച്ച യേശുവിൻെറ സംഭാഷണം വ്യക്തമാക്കുന്നു. യേശുവിനെകുറിച്ചല്ലെന്ന് അദ്ദേഹം തന്നെ നിഷേധിക്കുകയും ചെയ്യുന്നു. യേശുവിനുശേഷം ജീവിച്ച ആരാണ് ചരിത്രത്തിൽ മഹാനെന്ന് വിളിക്കപ്പെടുവാൻ യഥാർത്ഥത്തിൽ അർഹനെന്ന ചോദ്യത്തിന് സത്യസന്ധമായ ഒരൊറ്റ ഉത്തരം മാത്രമെയുള്ളൂ- മുഹമ്മദ് നബി (ﷺ)- പ്രവാചകപ്രഭു (സയ്യിദുൽ മുർസലീൻ) എന്ന് വിളിക്കപ്പെട്ട സർവോൽകൃഷ്ടനായ മനുഷ്യനെയായിരിക്കണം ദാവീദ് 'എൻെറ പ്രഭു' എന്ന് വിളിച്ചതെന്നാണ് മനസ്സിലാക്കാൻ





കഴിയുന്നത്.

ദാവീദ് എൻെറ യജമാനൻ എന്ന് വിളിച്ചത് മുഹമ്മദ് നബി(ﷺ) യെയാണ് എന്ന് വരികിൽ സങ്കീർത്തന പുസ്തകത്തിൽ ശേഷം പറയുന്ന പ്രവചനവും പൂർത്തീകരിക്കപ്പെട്ടതായി മനസ്സിലാക്കാൻ കഴിയും. 'നിശ്ചയമായും ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കും' എന്നാണല്ലോ ദാവീദിൻെറ പ്രഭുവിനോടുള്ള ദൈവ വാഗ്ദാനം. മുഹമ്മദ് നബി(ﷺ)യുടെ മതപ്രബോധന വേളയിൽ അദ്ദേഹത്തിൻെറ ശത്രുക്കളായിരുന്നവർ മുഴുവൻ അദ്ദേഹത്തിൻെറ വിയോഗമായപ്പോഴേക്കും ഒന്നുകിൽ മുസ്‌ലിംകളാവുകയോ അല്ലെങ്കിൽ മരണപ്പെടുകയോ ചെയ്തിരുന്നുവെന്നത് ഒരു ചരിത്രസത്യമാണ്. ചരിത്രപ്രസിദ്ധമായ മക്കാവിജയത്തോടെ അദ്ദേഹത്തെ പീഡിപ്പിക്കുകയും ദ്രോഹിക്കുകയും ചെയ്തവർ മുഴുവൻ ഇസ്‌ലാമിൻെറ കൊടിക്കീഴിൽ അണിനിരന്നതായി നമുക്ക് കാണാൻ കഴിയുന്നു. മക്കാവിജയത്തിൻെറ വേളയിൽ അദ്ദേഹത്തിൻെറ ശത്രുക്കളായിരുന്നവർ പ്രവാചകന് മുമ്പിൽ എന്ത് കൽപനയും ശിരസാവഹിക്കുവാൻ സന്നദ്ധരായി നിൽക്കുന്നതാണ് ചരിത്രത്തിൽ കാണാൻ കഴിയുന്നത്. 'നിശ്ചയമായും ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കും' എന്ന ദൈവിക വാഗ്ദാനം ഇത്ര വ്യക്തമായി പൂർത്തീകരിക്കപ്പെട്ട മറ്റൊരു സംഭവം ചരിത്രത്തിലില്ല.

# എട്ട്

# ആ പ്രവാചകൻ

യേശുവിൻെറ കാലത്തുണ്ടായിരുന്ന ഇസ്രായീല്യർ ഒരു പ്രവാചകനെ പ്രതീക്ഷിച്ചിരുന്നുവെന്നതിന് യോഹന്നാൻെറ സുവിശേഷം വ്യക്തമായ തെളിവ് നൽകുന്നുണ്ട്. യേശുവിൻെറ സമകാലികനായിരുന്ന സ്നാപക യോഹന്നാനോടുള്ള പുരോഹിതന്മാരുടെ ചോദ്യങ്ങൾ യോഹന്നാൻെറ സുവിശേഷം ഉദ്ധരിക്കുന്നത് കാണുക: 'നീ ആരാണ്?' എന്ന് ചോദിക്കാൻ ജറുസലേമിൽനിന്ന് യഹൂദർ പുരോഹിതരെയും ലേവിയരെയും അയച്ചപ്പോൾ യോഹന്നാൻെറ സാക്ഷ്യം ഇതായിരുന്നു: 'അയാൾ ഏറ്റുപറഞ്ഞു. അയാൾ നിഷേധിച്ചില്ല; 'ഞാൻ ക്രിസ്തുവല്ല' എന്ന് അയാൾ ഏറ്റുപറഞ്ഞു. അവർ അയാളോട് ചോദിച്ചു: 'എങ്കിൽ നീ പിന്നെ ആരാണ്? ഏലിയായോ?' അയാൾ പറഞ്ഞു: 'അല്ല'. 'നീ ആ പ്രവാചകനാണോ?' അയാൾ മറുപടി പറഞ്ഞു: 'അല്ല' (യോഹന്നാൻ: 1:19-22).





## മിശിഹ

ഈ വചനങ്ങളിൽനിന്ന് മൂന്ന് വ്യക്തിത്വങ്ങളെ യഹൂദർ പ്രതീക്ഷിച്ചിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. ഒന്ന്, മിശിഹയെന്നാണ്. ക്രിസ്തുവെന്ന് മലയാളത്തിൽ പരിഭാഷപ്പെടുത്തുന്ന മിശിഹയെന്നപദത്തിൻെറ അർത്ഥം അഭിഷിക്തൻ എന്നാണെന്ന് നടേ സൂചിപ്പിച്ചിട്ടുണ്ട്. കുറെയേറെ മിശിഹമാർ യഹൂദ ചരിത്രത്തിലുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് ഒരു മിശിഹ വരാനുണ്ടെന്ന വിശ്വാസമൊന്നും അക്കാലത്തെ യഹൂദന്മാർക്കുണ്ടായിരുന്നില്ലെന്നു വേണം കരുതുവാൻ. പഴയ നിയമ പുസ്തകങ്ങളിലൊന്നും വരാനിരിക്കുന്ന ഒരു മിശിഹയെക്കുറിച്ച് പ്രവചനങ്ങളൊന്നുംതന്നെയില്ല. യേശുവിനെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് മിശിഹയെന്ന് വിളിക്കുന്ന സമ്പ്രദായത്തിന് തുടക്കം കുറിക്കുന്നത് ഒന്നാം നൂറ്റാണ്ടിലെ ആദ്യ പകുതിക്ക് ശേഷമാണ്. അതിനാൽ 'നീ ക്രിസ്തുവാണോ' എന്ന ചോദ്യം കൊണ്ട് അവർ പ്രതീക്ഷിച്ചിരുന്ന ഒരു പ്രത്യേകക്കാരനെയാണ് യഹൂദന്മാർ വിവക്ഷിച്ചതെന്ന് കരുതുവാൻ യാതൊരു ന്യായവുമില്ല. മുമ്പു വന്ന പല ക്രിസ്തുക്കളേയും പോലെ സ്നാപനം ചെയ്യുന്ന നീ ഒരു ക്രിസ്തുവാണോ എന്നാണ് യഹൂദന്മാർ ചോദിച്ചത്. അതിന് യോഹന്നാൻ സ്നാപകൻ 'അല്ല' എന്ന് ഉത്തരം പറയുകയും ചെയ്തു.

## ഏലിയാവ്

യഹൂദന്മാരുടെ രണ്ടാമത്തെ ചോദ്യം 'നീ ഏലിയാവാണോ' എന്നായിരുന്നു. ആഹാബ്, അഹസ്യാവ് എന്നീ ഇസ്രായീൽ രാജാക്കന്മാരുടെ കാലത്ത് (ക്രി. മു. 875-851) ജീവിച്ച ഒരു പ്രവാചകനാണ് ഏലിയാവ്. ഒന്നാമത്തെയും രണ്ടാമത്തെയും രാജാക്കന്മാരുടെ പുസ്തകങ്ങളിൽ ഏലിയാവിൻെറ ചരിത്രം കാണാവുന്നതാണ്. ഒട്ടനവധി അത്ഭുതങ്ങൾ പ്രവർത്തിച്ചയാളാണ് അദ്ദേഹമെന്ന് പുസ്തകങ്ങളിൽ നിന്ന് മനസ്സിലാക്കാം. ഏലിയാവ് അന്ത്യനാളിനുമുമ്പ് ഒരിക്കൽകൂടി വരുമെന്ന ഒരു വിശ്വാസം യഹൂദന്മാരിലുണ്ടായിരുന്നു. ഇതിൻെറ അടിസ്ഥാനം മാലാഖിയുടെ പുസ്തകത്തിൽ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു ദൈവിക വാഗ്ദാനമാണ്. 'മഹത്വമേറിയതും ഭയജനകവുമായ കർത്താവിൻെറ ദിനം വരുംമുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുക്കലേക്ക് അയക്കും' (മാലാഖി 4:5).

ഏലിയാവിൻെറ ആഗമനത്തെ പ്രതീക്ഷിച്ചുനിൽക്കുന്ന യഹൂദ ജനതയോട് 'താൻ ഏലിയാവല്ല' എന്നാണ് യോഹന്നാൻ സ്നാപകൻ പറഞ്ഞത്. എന്നാൽ യോഹന്നാൻ സ്നാപകൻ തന്നെയാണ് ഏലിയാവെന്ന് യേശു പറയുന്നതായി മത്തായി രണ്ട് പ്രാവശ്യം ഉദ്ധരിക്കുന്നുണ്ട് (മത്തായി 11:14,17):12). ഏലിയായുടെ ശക്തിയോടെയും ചൈതന്യത്തോടെയും ജനിക്കുന്നവനാണ് യോഹന്നാൻ സ്നാപകനെന്ന് അദ്ദേഹത്തിൻെറ ജനനത്തിന് മുമ്പ് പിതാവായ സെഖര്യാവിന് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞതായി ലൂക്കോസും (ലൂക്കോസ് 1:16,17) ഉദ്ധരിക്കുന്നുണ്ട്. താൻ ഏലിയാവല്ലെന്ന യോഹന്നാൻ സ്നാപകൻെറ സാക്ഷ്യവും അദ്ദേഹം ഏലിയാവാണെന്ന യേശുവിൻെറ പ്രസ്താവനകളും സുവിശേഷങ്ങളിലെ വിശദീകരിക്കുവാൻ പ്രയാസപ്പെടുന്ന വൈരുദ്ധ്യങ്ങളിലൊന്നാണ്.

## ആരാണ് ആ പ്രവാചകൻ?

മൂന്നാമതായി യഹൂദന്മാർ ചോദിക്കുന്നത് 'നീ ആ പ്രവാചകനാണോ?' എന്നാണ്. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ (ബാംഗ്ലൂർ) പ്രസിദ്ധീകരിച്ച മലയാളം ബൈബിൾ മാത്രമെ 'നീ ആ പ്രവാചകനാണോ' എന്ന് പ്രയോഗിച്ചിട്ടുള്ളൂ. മറ്റ് മലയാളം ബൈബിളുകളിലെല്ലാം 'നീ പ്രവാചകനാണോ?' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇംഗ്ലീഷിലാകട്ടെ KJV യിൽ `THAT PROPHET' എന്നും മറ്റ് പതിപ്പുകളിൽ `THE PROPHET' എന്നുമാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ഗ്രീക്കിൽ the എന്ന ഇംഗ്ലീഷ് വിവേചകഭേദക (article) ത്തിനും a, an തുടങ്ങിയ വിവേചക ഭേദകത്തിനും O എന്ന ഒരൊറ്റ ഭേദകം മാത്രം ഉപയോഗിക്കുന്നതു കൊണ്ടാണ് ഈ വ്യത്യാസമുണ്ടായതെന്നാണ് വിശദീകരിക്കപ്പെടുന്നത്. അത് എന്തുതന്നെയാകട്ടെ ഇവിടെ യഹൂദന്മാർ 'ആ പ്രവാചകൻ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ഒരു പ്രത്യേക പ്രവാചകനെ ഉദ്ദേശിച്ചുതന്നെയാണെന്ന് ഉറപ്പാണ്. അനേകം മിശിഹകളിലൊരാളാണോ എന്ന ചോദ്യത്തിനും രണ്ടാമത് വരുമെന്ന് പ്രതീക്ഷിക്കുന്ന ഏലിയാവാണോ എന്ന ചോദ്യത്തിനും ശേഷം അവക്ക് നിഷേധാത്മകമായ മറുപടി ലഭിച്ചിട്ടാണ് 'നീ പ്രവാചകനാണോ' എന്ന് ചോദിക്കുന്നതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ആത്മീയമായ അർത്ഥത്തിലുള്ള എല്ലാ പഴയ നിയമ മിശിഹകളും പ്രവാചകന്മാരായിരുന്നുവെന്ന് കാണാൻ കഴിയും. ഏലിയാവും





ഒരു പ്രവാചകൻ തന്നെ. പിന്നെ മൂന്നാമതായി 'നീയൊരു പ്രവാചകനാണോ' എന്ന ചോദ്യം തീരെ പ്രസക്തമല്ല. അപ്പോൾ പിന്നെ വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഒരു പ്രത്യേക പ്രവാചകനെകുറിച്ചായിരിക്കണം ആ ചോദ്യമെന്ന് ഊഹിക്കാവുന്നതാണ്.

യഹൂദന്മാർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ പ്രവാചകൻ ആരായിരുന്നു? മോശയെപോലെയുള്ള പ്രവാചകനെയാണ് അവർ പ്രതീക്ഷിച്ചത്. രാജദണ്ഡിൻെറയും ചെങ്കോലിൻെറയും യഥാർത്ഥ അവകാശിയെയാണ് അവർ കാത്തിരുന്നത്. കേദാറിൻെറ ഗ്രാമങ്ങൾ ശബ്ദമുയർത്തുന്ന ദൈവദാസനെയാണ് അവർ വരവേൽക്കാനൊരുങ്ങിയത്. ദാവീദ് രാജാവുപോലും 'എൻെറ യജമാനൻ' എന്ന് വിളിച്ച ഉത്തമ മനുഷ്യനെയാണ് അവർ 'ആ പ്രവാചകൻ' എന്ന് വിളിച്ചത്. അതെ! യഹൂദർ കാത്തുകൊണ്ടിരുന്ന പ്രവാചകൻ മുഹമ്മദ് നബി (ﷺ) ആയിരുന്നു. തീർച്ച.

# ഒൻപത്

# യേശുവിൻെറ പിൻഗാമി

രാജദണ്ഡിൻെറയും ചെങ്കോലിൻെറയും യഥാർത്ഥ അവകാശിയെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന യഹൂദന്മാർക്കിടയിലേക്കാണ് യേശുവിൻെറ നിയോഗമുണ്ടായത്. തങ്ങളുടെ പ്രതീക്ഷയിലുള്ള മോശയെപോലെയുള്ള പ്രവാചകനെ യേശുവിൽ അവർക്ക് കാണാൻ കഴിഞ്ഞില്ല. അദ്ദേഹമാകട്ടെ, ഞാനാണ് നിങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രവാചകനെന്ന് ഒരിക്കലെങ്കിലും അവകാശവാദമുന്നയിച്ചുമില്ല. അദ്ദേഹത്തിന് പതിറ്റാണ്ടുകൾക്കുശേഷം സുവിശേഷങ്ങൾ രചിച്ചവരാണ് യഹൂദർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന വ്യക്തി യേശുവാണെന്ന് അവകാശപ്പെട്ടത്. യഹൂദർ പ്രതീക്ഷിച്ചത് ദാവീദിൻെറ സിംഹാസനത്തിലിരിക്കാൻ വരുന്നവനെയാണ്; ജനങ്ങളെ ഭൗതികവും ആത്മീയവുമായ നയിക്കാൻ കഴിയുന്ന 'അവകാശി'യെയാണ്; മോശയെപോലെയുള്ള ഒരു നിയമദാതാവിനെയാണ്. യേശുവിൽ ഇതൊന്നും കാണുവാൻ അവർക്ക് കഴിഞ്ഞില്ല.





ജനങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രവാചകനാണ് താനെന്ന് അവകാശപ്പെടാത്ത യേശുവിൻെറ ഉപദേശങ്ങളിലും വരാനിരിക്കുന്ന ദൈവദൂതനെകുറിച്ച പ്രവചനങ്ങളുണ്ടായിരുന്നു. എന്നാൽ യേശുവാണ് ആ പ്രവാചകൻ എന്ന് വരുത്തിതീർക്കുന്നതിനുവേണ്ടി സുവിശേഷങ്ങൾ എഴുതിയവർ അറിഞ്ഞോ അറിയാതെയോ ആ പ്രവചനങ്ങളിൽ അധികവും വിട്ടുകളയുകയാണ് ചെയ്തിരിക്കുന്നത്. യേശുവിൻെറ സംഭാഷണങ്ങളിൽ പലതും അവ്യക്തമായി അവസാനിക്കുന്നതായി സുവിശേഷ വായനക്കാരന് തോന്നുന്നത് ഈ വിട്ടുകളയൽ മൂലമാണ്. ഉദാഹരണത്തിന് നേരത്തെ സൂചിപ്പിച്ച, ദാവീദിൻെറ കർത്താവിനെകുറിച്ച് യേശുവും ഹരിസേയരും തമ്മിൽ നടന്ന ചർച്ച ശ്രദ്ധിക്കുക. മത്തായിയുടെ സുവിശേഷ (മത്തായി 22:41-46) പ്രകാരം ഈ സംഭാഷണം നടന്നിട്ടുള്ളത് ഇങ്ങനെയാണ്:

യേശു: ക്രിസ്തുവിനെകുറിച്ച് നിങ്ങൾ എന്ത് വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്?

ഹരിസേയർ: ദാവീദിൻെറ പുത്രൻ.

യേശു: എങ്കിൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി അവനെ കർത്താവ് എന്ന് വിളിച്ചത് എങ്ങനെ? അയാൾ പറഞ്ഞു: 'കർത്താവ് എൻെറ കർത്താവിനോട് അരുൾ ചെയ്തു; ഞാൻ നിൻെറ ശത്രുക്കളെ നിൻെറ ചവിട്ടടിയിലാക്കുവോളം എൻെറ വലതുവശത്തിരിക്കുക' കർത്താവ് എന്ന് ദാവീദ് അവനെ വിളിക്കുന്നുവെങ്കിൽ അവൻ ദാവീദിൻെറ പുത്രനാകുന്നത് എങ്ങനെ?

ഹരി: (മറുപടി പറയാനാകാതെ മൗനം ദീക്ഷിക്കുന്നു)

ഇവിടെവെച്ച് ഈ സംഭാഷണം മുറിഞ്ഞുപോകുന്നു. സുവിശേഷങ്ങളുടെ വിവരണം കേട്ടാൽ ചോദ്യങ്ങൾ ചോദിച്ച് ഹരിസേയരെ തോൽപിക്കുക മാത്രമായിരുന്നു യേശുവിൻെറ ദൗത്യമെന്ന് തോന്നിപ്പോകും. സത്യത്തെയും മാർഗത്തെയും കുറിച്ച് ഇസ്രായേലിനെ പഠിപ്പിക്കുവാൻ വേണ്ടി നിയോഗിക്കപ്പെട്ട ഗുരുവായിരുന്നു യേശു. അദ്ദേഹത്തിൻെറ ദൗത്യം ചോദ്യം ചോദിക്കുകയായിരുന്നില്ല; ഉത്തരം പറഞ്ഞുകൊടുക്കുകയായിരുന്നു. അദ്ദേഹം ഉന്നയിച്ച ചോദ്യങ്ങൾ പോലും പിന്നാലെ പറയുന്ന ഉത്തരങ്ങൾ എളുപ്പം മനസ്സിലാക്കുന്നതിനുവേണ്ടിയും അത് സ്വീകരിക്കുവാൻ അനുവാചകൻെറ മനസ്സിനെ പാകപ്പെടുത്തുന്നതിനു വേണ്ടിയുമുള്ളവയായിരുന്നു. പിന്നെ

യെന്തേ യേശു പരമപ്രധാനമായ ഈ സംഭാഷണം ചോദ്യത്തിൽ അവസാനിപ്പിച്ചു; ഉത്തരം വ്യക്തമാണ്. യേശു താൻ ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടിയും ഹരിസേയർക്ക് പറഞ്ഞുകൊടുത്തിരിക്കണം. സുവിശേഷ കർത്താക്കൾ അറിഞ്ഞോ അറിയാതെയോ അത് വിട്ടുകളഞ്ഞതാവണം.

സുവിശേഷങ്ങൾ ഉദ്ധരിച്ച യേശുവിൻെറ സംഭാഷണത്തിൽനിന്നു തന്നെ ദാവീദ് 'എൻെറ കർത്താവ്' എന്ന് സംബോധന ചെയ്തവൻ ദാവീദിൻെറ പുത്രപാരമ്പര്യത്തിൽപെട്ടവനായിരിക്കുകയില്ലെന്ന് പഠിപ്പിക്കുകയായിരുന്നു യേശുവിൻെറ ലക്ഷ്യമെന്ന് മനസ്സിലാക്കാൻ കഴിയും. ഇതുമൂലം ഒരു തെറ്റിദ്ധാരണ നീക്കിക്കൊടുക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. വരാനിരിക്കുന്ന പ്രവാചകൻ ദാവീദിൻെറ പുത്രപരമ്പരയിൽപെട്ടവനായിരിക്കുമെന്ന പരമ്പരാഗത യഹൂദ വിശ്വാസം തിരുത്തുകയാണിവിടെ. ഈ തിരുത്തൽ വഴി ദാവീദിൻെറ പ്രഭു താൻ തന്നെയാകാനുള്ള സാധ്യതയെ നിഷേധിക്കുകയാണ് അദ്ദേഹം. അപ്പോൾപിന്നെ ആരാണ് ആ പ്രവാചകൻ എന്ന പ്രശ്നം പ്രസക്തമായിത്തീരുന്നു. അതിൻെറ ഉത്തരം യേശു പറഞ്ഞുകൊടുത്തിട്ടുണ്ടാവണം. യേശുവിനെ ആ പ്രവാചകനാക്കുവാനുള്ള ശ്രമത്തിന് വിഘാതമാവുമെന്നതിനാലാവാം സംഹിത സുവിശേഷകന്മാർ ആ ഉത്തരം സൗകര്യപൂർവം ഉദ്ധരിക്കാതിരുന്നത്.

## യേശു പറഞ്ഞ കാര്യങ്ങൾ

പ്രവാചകത്വത്തിൻെറ പൂർത്തീകരണവുമായി നിയോഗിക്കപ്പെടുന്ന 'അവകാശി'യെയാണ് യഹൂദർ കാത്തിരുന്നതെന്ന് പറഞ്ഞുവല്ലോ. അദ്ദേഹം വരുന്നതോടെ ജനത്തെ സകല സത്യത്തിലും വഴി നടത്തുമെന്നും അവർ വിശ്വസിച്ചു. യേശുവാകട്ടെ താൻ ജനങ്ങളെ സകല സത്യത്തിലും വഴിനടത്താൻ നിയോഗിക്കപ്പെട്ടവനല്ലെന്നും തനിക്കുശേഷം വരുന്നവനാണ് ജനങ്ങളെ സകല സത്യത്തിലും വഴിനടത്തുകയെന്നും പഠിപ്പിച്ചുകൊണ്ടാണ് പോയത്. സകല സത്യത്തിലും വഴി നടത്തുന്നവനായിക്കൊണ്ട് കടന്നുവരാനിരിക്കുന്ന മഹാ പ്രവാചകനെകുറിച്ച് ഒട്ടനവധി കാര്യങ്ങൾ യേശു പറഞ്ഞിരിക്കണം. എന്നാൽ അദ്ദേഹം എന്തെല്ലാമാണ് പറഞ്ഞതെന്ന് മനസ്സിലാക്കുവാൻ നമുക്കുള്ള മാർഗങ്ങൾ തീരെ പരിമിതങ്ങളാണ്. യേശുവിനെ തങ്ങളുടെ കാഴ്ചപ്പാടുകൾക്കനുസരിച്ച് അവതരിപ്പിക്കുവാ





നാണ് ഓരോ സുവിശേഷ കർത്താവും ശ്രമിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ, അവരുടെ വീക്ഷണങ്ങൾക്ക് അനുസൃതങ്ങളായ യേശുവചനങ്ങൾ മാത്രമെ അവർ ഉദ്ധരിച്ചിട്ടുള്ളൂ. സുവിശേഷങ്ങൾ ഉദ്ധരിച്ച വചനങ്ങൾ മാത്രമെ യേശു പറഞ്ഞിട്ടുള്ളൂവെന്ന് വരികതീരെ അസംഭവ്യമാണെന്ന് ആരും സമ്മതിക്കും; അത്ര കുറച്ച് യേശുവചനങ്ങളേ അവയെല്ലാംകൂടി ഉൾക്കൊള്ളുന്നുള്ളൂ. വരാനിരിക്കുന്ന പ്രവാചകനെകുറിച്ച യേശുവചനങ്ങൾ സുവിശേഷ കർത്താക്കൾ ഉദ്ധരിക്കാതിരുന്നത് ബോധപൂർവംതന്നെയാവാനാണ് സാധ്യത. അത് എന്തുതന്നെയായിരുന്നാലും, വരാനുള്ള പ്രവാചകനെ സുവിശേഷങ്ങളിൽ ഒന്നുംതന്നെ പ്രതിപാദിച്ചിട്ടില്ലെന്നിരിക്കിലും, യേശു അദ്ദേഹത്തെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ലെന്നതിന് സുവിശേഷങ്ങളുടെ മൗനം ഒരു തെളിവായി ഒരിക്കലും സ്വീകരിക്കാൻ പറ്റുകയില്ല. യേശുവചനങ്ങളിൽ വളരെകുറച്ച് മാത്രമാണല്ലോ സുവിശേഷങ്ങളിലുള്ളത്.

## ഭാഷാപ്രശ്നം

വരാനിരിക്കുന്ന പ്രവാചകനെകുറിച്ച് യേശു എന്ത് പറഞ്ഞുവെന്ന് പരിശോധിക്കുന്നവർക്ക് മുമ്പിലുള്ള പ്രധാനപ്പെട്ട പ്രശ്നം ഭാഷയുടേതാണ്. യേശുവിൻെറ സ്വന്തം ഭാഷയിലുള്ള ഒരു യേശുവചനംപോലും പുതിയ നിയമത്തിൽ നമുക്ക് കണ്ടെത്തുവാൻ കഴിയില്ല. അദ്ദേഹം സംസാരിച്ചതും സുവിശേഷം പ്രചരിപ്പിച്ചതും ശുദ്ധമായ അരമായിക് ഭാഷയിലായിരിക്കുമല്ലോ. ആ ഭാഷയിലുള്ള സുവിശേഷങ്ങളത്രയും നശിപ്പിച്ചുകൊണ്ട് ക്രിസ്തുമതത്തെ 'രക്ഷിച്ചത്' നിഖിയാ സുനഹദോസാണെന്ന കാര്യം സുവിദിതമാണ്. അതുമൂലം വരാനിരിക്കുന്ന പ്രവാചകനെ യേശു എന്താണ് വിളിച്ചതെന്ന് അറിയാനുള്ള അവകാശംപോലും നിഷേധിക്കുകയാണ് പ്രസ്തുത സുനഹദോസ് ചെയ്തത്.

തനതായ ഭാഷയിലുള്ള മൂലഗ്രന്ഥത്തിന് മാത്രമെ ഗ്രന്ഥകാരൻെറ ആശയത്തെ പൂർണമായി ദ്യോതിപ്പിക്കാൻ കഴിയൂവെന്ന കാര്യം നിസ്തർക്കമാണ്. മൂലഗ്രന്ഥത്തിൻെറ വാക്കുകളിലും മറ്റും അടങ്ങിയ ഭാവവും ശക്തിയുമൊന്നും പരിഭാഷക്ക് ഒരിക്കലും അവകാശപ്പെടാനാവില്ല. സുവിശേഷങ്ങളുടെ കാര്യം കുറെക്കൂടി കഷ്ടമാണ്. അവ പരിഭാഷകളല്ല. യേശു പറഞ്ഞ പദങ്ങളെയും ഉപമകളെയും

നാമങ്ങളെയുമെല്ലാം ഗ്രീക്ക് ഭാഷയിലേക്ക് ആക്കി മാറ്റിക്കൊണ്ടാണ് സുവിശേഷങ്ങളുടെ രചന നിർവഹിക്കപ്പെട്ടിരിക്കുന്നത്. ആപ്തവാക്യങ്ങൾക്കും ഉപമകൾക്കും ഒരു പ്രത്യേക ഭാഷക്കകത്ത് കൽപിക്കപ്പെടുന്ന അർത്ഥം അതിന് പുറത്ത് കൽപിക്കപ്പെട്ടുകൊള്ളണമെന്നില്ലല്ലോ. യേശു പറഞ്ഞ നാമങ്ങളിൽ ചിലതിനെ കൂടി ഗ്രീക്കിൽ പ്രകടിപ്പിക്കുവാൻവേണ്ടിയുള്ള സുവിശേഷകന്മാരുടെ ശ്രമംമൂലം പഠിതാക്കൾക്കുണ്ടാകുന്ന വിഷമം കുറച്ചൊന്നുമല്ല. യേശു പറഞ്ഞുവെന്ന പേരിൽ ഉദ്ധരിക്കപ്പെടുന്ന പല നാമങ്ങളെകൊണ്ടും അദ്ദേഹം എന്താണ് യഥാർത്ഥത്തിൽ വിവക്ഷിച്ചതെന്ന് കൃത്യമായി നമുക്ക് മനസ്സിലാക്കാൻ കഴിയാത്തത് അതിൻെറ മൂലം യേശു ഉപയോഗിച്ച ഭാഷയിൽ നമുക്ക് അജ്ഞാതമായതിനാലാണ്. വരാനിരിക്കുന്ന പ്രവാചകനെകുറിച്ച പരാമർശത്തിൻെറ കാര്യത്തിലും സ്ഥിതി ഇത് തന്നെയാണ്.

## യേശുവിൻെറ പ്രവചനങ്ങൾ

തനിക്ക് ശേഷം വരാനിരിക്കുന്ന മഹാനായ പ്രവാചകനെ സംബന്ധിച്ച് യേശു പറഞ്ഞ കാര്യങ്ങൾ കുറച്ചെങ്കിലും ഉദ്ധരിച്ചിരിക്കുന്നത് യോഹന്നാനാണ്. തൻെറ പിൻഗാമിയെകുറിച്ച് യേശു പറഞ്ഞതായി യോഹന്നാൻ ഉദ്ധരിച്ചിരിക്കുന്നതിൻെറ മലയാള പരിഭാഷ കാണുക: 'എങ്കിലും സത്യം ഞാൻ നിങ്ങളോട് പറയുന്നു; ഞാൻ പോകുന്നത് നിങ്ങളുടെ നന്മക്കാണ്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാൻ അയക്കും. അവൻ വരുമ്പോൾ പാപത്തെയും നീതിയെയും ന്യായവിധിയെയും പറ്റി ലോകത്തെ ബോധ്യപ്പെടുത്തും' (യോഹന്നാൻ: 16:7,8).

'ഇനിയും പല കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അത് താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും. എല്ലാ സത്യത്തിലേക്കും നയിക്കും. എനിക്കുള്ളത് എടുത്ത് അവൻ നിങ്ങളോട് പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും' (യോഹന്നാൻ 16:12-14).





'എന്നാൽ എൻെറ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ്, എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും. ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം അവൻ നിങ്ങളെ ഓർമിപ്പിക്കുകയും ചെയ്യും' (യോഹ 14:26).

## 'സഹായക'ൻെറ സവിശേഷതകൾ

ഈ വചനങ്ങളിൽ യേശു വരാനിരിക്കുന്ന ഒരു സഹായകനെ വാഗ്ദാനം ചെയ്തതായി കാണാൻ കഴിയുന്നു. മുകളിൽ സൂചിപ്പിച്ച വചനങ്ങളിൽനിന്ന് വരാനിരിക്കുന്ന സഹായകൻെറ സ്വഭാവ സവിശേഷതകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം.

1. യേശുവിൻെറ ഇഹലോകവാസം കഴിഞ്ഞ ശേഷമാണ് സഹായകൻെറ ആഗമനമുണ്ടാവുക.
2. സഹായകൻ പാപത്തെയും നീതിയെയും ന്യായവിധിയെയും പറ്റി ലോകത്തെ ബോധ്യപ്പെടുത്തും.
3. സഹായകൻ ജനങ്ങളെ സകല സത്യത്തിലും വഴിനടത്തും.
4. ദൈവിക ബോധനപ്രകാരമല്ലാതെ തന്നിഷ്ടത്തിന് സഹായകൻ ഒന്നും പറയുകയില്ല.
5. സഹായകൻ എന്നെന്നും ജനങ്ങളോടൊപ്പമുണ്ടായിരിക്കും.
6. യേശു പറഞ്ഞ കാര്യങ്ങളെല്ലാം സഹായകൻ ജനത്തെ ഓർമിപ്പിക്കും.
7. സഹായകൻ യേശുവിനെ മഹത്വപ്പെടുത്തും.
8. സഹായകൻ വരാനിരിക്കുന്ന കാര്യങ്ങൾ പ്രഖ്യാപിക്കും.

## 'സഹായകൻ' പരിശുദ്ധാത്മാവല്ല

ആരാണീ സഹായകൻ? ക്രൈസ്തവ സഭകളെല്ലാം ഒറ്റക്കെട്ടായി ഉത്തരം പറയും; 'പരിശുദ്ധാത്മാവ്'. സഹായകനെകുറിച്ച് പരിശുദ്ധാത്മാവ് എന്ന് യോഹന്നാൻ 14:26ൽ പറയുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ സഭയെ സകല സത്യത്തിലും വഴിനടത്തുന്നവനായ പരിശുദ്ധാത്മാവാണ് സഹായകനെന്നാണ് ക്രിസ്ത്യാനികളുടെ വാദം. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന യോഹന്നാൻെറ സുവിശേഷത്തിലെ വചനങ്ങൾ ഒരു പ്രാവശ്യം മനസ്സിരുത്തി വായിച്ചാൽ വരുമെന്ന്

യേശു പറഞ്ഞ സഹായകൻ പരിശുദ്ധാത്മാവല്ലെന്ന് ഏതൊരു സാധാരണക്കാരനും വ്യക്തമായി മനസ്സിലാകും. 'ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ വരികയില്ല' എന്നാണ് യോഹന്നാൻ 16:7ൽ യേശു പറയുന്നതായി രേഖപ്പെടുത്തിവെച്ചിരിക്കുന്നത്. പരിശുദ്ധാത്മാവാകട്ടെ യേശുവിന് മുമ്പും അദ്ദേഹത്തിൻെറ കാലത്തുമുണ്ടായിരുന്നവനാണെന്ന് സുവിശേഷങ്ങളിൽ നിന്നുതന്നെ സുതരാം വ്യക്തമാണ്.

'അമ്മയുടെ ഗർഭപാത്രത്തിൽവെച്ചുതന്നെ പരിശുദ്ധാത്മാവ് അയാളിൽ (യോഹന്നാൻ സ്നാപകൻ) നിറയും' (ലൂക്കാ 1:15).

'എലിസബത്തിൽ പരിശുദ്ധാത്മാവ് നിറഞ്ഞു' (ലൂക്കാ 1:41).

'സെഖര്യാ പരിശുദ്ധാത്മാവ് നിറഞ്ഞവനായി' (ലൂക്കാ 1:67).

'പരിശുദ്ധാത്മാവ് അയാളിൽ (ശിമയോൻ) കുടികൊണ്ടിരുന്നു' (ലൂക്കാ 2:25).

'പരിശുദ്ധാത്മാവ് മൂർത്തരൂപത്തിൽ ഒരു പ്രാവിനെപോലെ അവൻെറ (യേശുവിൻെറ) മേൽ ഇറങ്ങിവന്നു' (ലൂക്കാ 3:22).

ഈ വചനങ്ങളിൽനിന്ന് പരിശുദ്ധാത്മാവ് യേശുവിന് മുമ്പുതന്നെ ഉണ്ടായിരുന്നവനാണെന്ന് മനസ്സിലാക്കാൻകഴിയും. അപ്പോൾ തീർച്ചയായും 'ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ വരികയില്ല' എന്ന് പറഞ്ഞത് പരിശുദ്ധാത്മാവിനെകുറിച്ചാകാൻ തരമില്ല. മാത്രവുമല്ല, പരിശുദ്ധാത്മാവിനെകുറിച്ച് മുമ്പും പലയിടങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവിടങ്ങളിലൊന്നും 'സഹായകൻ' എന്ന അപരനാമം അവന് നൽകിയിട്ടില്ല. യോഹന്നാൻ ഉദ്ധരിച്ച യേശുവചനങ്ങളിലാകട്ടെ പ്രധാനമായും പറയപ്പെട്ടിരിക്കുന്ന നാമം 'സഹായകൻ' എന്നാണ്. സഹായകനെ സത്യത്തിൻെറ ആത്മാവെന്നും പരിശുദ്ധാത്മാവെന്നും വിളിച്ചിരിക്കുന്നുവെന്നത് ശരിതന്നെ. സത്യത്തിൻെറ ആത്മാവ് എന്നാണ് ഒന്നിലധികം തവണ വിളിക്കപ്പെട്ടിരിക്കുന്നത്. സഹായകനെകുറിച്ച് 'പരിശുദ്ധാത്മാവ്' എന്ന് പ്രയോഗിക്കപ്പെട്ട ഒരേയൊരു സന്ദർഭം മാത്രമെയുള്ളൂ. സുവിശേഷ കർത്താവിൻെറയോ പകർത്തിയെഴുത്തുകാരൻെറയോ അശ്രദ്ധമൂലം അവിടെ 'സത്യത്തിൻെറ ആത്മാവ്' എന്നതിന് പകരം 'പരിശുദ്ധാത്മാവ്' എന്ന് തെറ്റായി എഴുതപ്പെട്ടതാകാനാണ് സാധ്യത. തെറ്റായ പകർത്തിയെഴുതലിന് ബൈബിളിൽ ഒരുപാട് ഉദാഹരണങ്ങളുണ്ടല്ലോ. യേശു പ്രവചിച്ച സഹായകൻ ഒരിക്കലും മറ്റ് സ്ഥലങ്ങളിൽ പറയ





പ്പെട്ട പരിശുദ്ധാത്മാവല്ലെന്ന് വ്യക്തമാണ്.

## ആത്മസ്വരൂപിയല്ല

സത്യത്തിൻെറ ആത്മാവ് എന്നും പരിശുദ്ധാത്മാവ് എന്നും വിളിക്കപ്പെട്ടതിനാൽ യേശു പ്രവചിച്ച സഹായകൻ ആത്മസ്വരൂപിയാണെന്ന് മനസ്സിലാക്കാമെന്നും മനുഷ്യനായ ദൈവദൂതനോ മറ്റോ ആകാൻ യാതൊരു സാധ്യതയുമില്ലെന്നും വാദിക്കപ്പെടാറുണ്ട്. പുതിയ നിയമത്തിലെ ഇതര ഭാഗങ്ങളുമായി താരതമ്യം ചെയ്ത് ഈ വിഷയം പഠനവിധേയമാക്കിയാൽ ഈ വാദം അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ കഴിയും. 'ആത്മാവ്' എന്ന പ്രയോഗം പൊതുവെ പ്രവാചകന്മാരെ കുറിക്കാൻ വേണ്ടി ഉപയോഗിക്കപ്പെട്ടിരുന്നുവെന്ന് കാണാനാവും. യോഹന്നാൻെറ ഒന്നാം ലേഖനത്തിലെ ഒരു പരാമർശം ശ്രദ്ധിക്കുക: 'പ്രിയപ്പെട്ടവരെ, എല്ലാ ആത്മാക്കളെയും വിശ്വസിക്കരുത്. അവ ദൈവത്തിങ്കൽ നിന്നുള്ളതാണോയെന്ന് പരീക്ഷിച്ചറിയുക. കാരണം ധാരാളം വ്യാജ പ്രവാചകന്മാർ ലോകത്തിലേക്ക് ഇറങ്ങിത്തിരിച്ചിട്ടുണ്ട്' (1 യോഹന്നാൻ 4:1).

ഈ വചനത്തിൽനിന്ന് 'ആത്മാവ്' എന്ന പ്രയോഗം പൊതുവായി പ്രവാചകന്മാരെ കുറിക്കുന്നതിന് വേണ്ടി ഉപയോഗിക്കപ്പെട്ടിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. യോഹന്നാൻ ഉദ്ധരിച്ചിരിക്കുന്ന യേശു വചനത്തിലാകട്ടെ 'സത്യാത്മാവ്' എന്നാണ് സഹായകനെ വിളിച്ചിരിക്കുന്നത്. സത്യത്തിൻെറ പ്രവാചകൻ എന്ന അർത്ഥത്തിലായിരിക്കാം യേശു അങ്ങനെ വിളിച്ചതെന്ന് നമുക്ക് ന്യായമായും ഊഹിക്കാവുന്നതാണ്.

## അപ്പോസ്തലന്മാരിലേക്കല്ല

സഹായകനെകുറിച്ച് പ്രതിപാദിച്ചിടത്ത് 'നിങ്ങളിലേക്ക് വരും' എന്നാണ് പറഞ്ഞിട്ടുള്ളതെന്നതിനാൽ അഭിസംബോധിതരായ അപ്പോസ്തലന്മാരിലേക്കാണ് അവൻെറ ആഗമനം ഉണ്ടാവുകയെന്ന് മനസ്സിലാക്കാമെന്നും പെന്തെക്കോസ്തുനാളിൽ വിശ്വാസികളുടെ മേൽ തീനാക്കുകളായി പ്രത്യക്ഷപ്പെട്ട പരിശുദ്ധാത്മാവാണ് അപ്പോസ്തലന്മാരിലേക്ക് വന്ന സഹായകൻ എന്നും വ്യാഖ്യാനിക്കാറുണ്ട്. ഈ വാദത്തിലും കഴമ്പില്ല. 'നിങ്ങൾ' എന്ന പ്രയോഗം കൊണ്ട് അവിടെ പ്രത്യക്ഷപ്പെട്ടവരെന്നോ അക്കാലത്ത് ജീവിച്ചവരെന്നോ അർ

ത്ഥമാക്കുന്നത് അബദ്ധമാണ്. ഒരു പ്രത്യേക ജനതയെയോ ഭാവി തലമുറയെയോ സൂചിപ്പിക്കുന്നതിനുവേണ്ടി 'നിങ്ങൾ' എന്ന് ബൈബിളിൽ പല പ്രാവശ്യം പ്രയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് കാണാനാകും.

മോശ പ്രവാചകൻെറ വാഗ്ദാനത്തെകുറിച്ച് പത്രോസ് പ്രസംഗിക്കുന്നതായി അപ്പോസ്തല പ്രവൃത്തികളിൽ ഉദ്ധരിച്ചിരിക്കുന്നത് കാണുക: 'മോശ പറഞ്ഞു: കർത്താവായ ദൈവം എന്നെ ഉയർത്തിയതുപോലെ നിങ്ങൾക്കുവേണ്ടി ഒരു പ്രവാചകനെ നിങ്ങളുടെ സഹോദരന്മാരിൽ നിന്ന് ഉയർത്തും. അവൻ നിങ്ങളോട് പറയുന്നതെല്ലാം നിങ്ങൾ ചെവിക്കൊള്ളണം. ആ പ്രവാചകനെ ശ്രവിക്കാത്ത ഏതൊരാളും ജനത്തിൽനിന്ന് ഉന്മൂലനം ചെയ്യപ്പെടും' (അപ്പോസ്തല പ്രവൃത്തികൾ: 3: 22-25).

മോശയുടെ വചനം ഉദ്ധരിച്ചുകൊണ്ട് പ്രവചിത പ്രവാചകൻ യേശുവാണെന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുകയാണ് പത്രോസ് ചെയ്യുന്നത്. മോശ പ്രവചിച്ചതായി പത്രോസ് ഉദ്ധരിക്കുന്ന വചനത്തിൽ 'നിങ്ങൾ' എന്ന് നാല് പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ടെന്ന വസ്തുത ശ്രദ്ധിക്കുക. മോശ പറഞ്ഞ 'നിങ്ങളിൽനിന്നുള്ള പ്രവാചക'ൻെറ ആഗമനമുണ്ടായത് പതിമൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷമാണെന്നാണ് പത്രോസ് വാദിക്കുന്നത്. മോശയുടെ 'നിങ്ങൾ' പ്രയോഗംകൊണ്ട് അദ്ദേഹത്തിൻെറ കാലത്ത് ജീവിച്ചിരുന്ന ആളുകളിൽനിന്നാണ് പ്രവാചകൻെറ നിയോഗമുണ്ടാകേണ്ടത് എന്ന വാദം പത്രോസിന് അറിയില്ലെന്ന് സാരം. മോശ 'നിങ്ങളിൽനിന്ന്' എന്ന് പറയുമ്പോൾ തൻെറ ജനതയിൽനിന്ന് കുറെകഴിഞ്ഞ് വരാനിരിക്കുന്ന പ്രവാചകൻെറ നിയോഗമാണ് വിവക്ഷിച്ചതെങ്കിൽ യേശുവും തനിക്കുശേഷം വരാനിരിക്കുന്ന പ്രവാചകനെ സംബന്ധിച്ച് 'നിങ്ങളിലേക്ക്' എന്ന് പറയുന്നതിൽ യാതൊരു അസാംഗത്യവുമില്ല. 'നിങ്ങളിലേക്ക്' എന്ന യേശുവിൻെറ പ്രയോഗത്തിൻെറ വെളിച്ചത്തിൽ മാത്രം 'സഹായകൻ' അദ്ദേഹത്തിൻെറ സമകാലികരിൽനിന്ന് തന്നെ വരുമെന്ന് കരുതുന്നത് ശരിയല്ലെന്ന് സാരം.

## <u>ലോകം അറിയുന്നില്ല</u>

സത്യത്തിൻെറ ആത്മാവിനെകുറിച്ച് പറയവെ 'ലോകത്തിന് ആ സത്യാത്മാവിനെ സ്വീകരിക്കാൻ സാധ്യമല്ല. കാരണം, അവനെ ലോകം കാണുകയോ അറിയുകയോ ചെയ്യുന്നില്ല. നിങ്ങൾ അവനെ





അറിയുന്നു' (യോഹന്നാൻ 14:17) എന്ന് യേശു അപ്പോസ്തലന്മാരോട് പറഞ്ഞതായി യോഹന്നാൻ ഉദ്ധരിക്കുന്നുണ്ട്. ഈ വചനത്തിൻെറ അടിസ്ഥാനത്തിൽ സത്യാത്മാവ് മുഹമ്മദ് നബി (ﷺ)യല്ലെന്ന് വാദിക്കപ്പെടാറുണ്ട്. ലോകത്തിന് കാണുകയോ അറിയുകയോ ചെയ്യാൻ സാധിക്കാത്തവനായ പരിശുദ്ധാത്മാവാണ് ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളതെന്നും അപ്പോസ്തലന്മാരിലാണ് പരിശുദ്ധാത്മാവ് ഇറങ്ങുകയെന്നതിനാൽ അവർക്ക് മാത്രമെ അവനെ അറിയുവാൻ സാധിക്കുകയുള്ളൂവെന്നുമാണ് ഈ വചനം വ്യക്തമാക്കുന്നതെന്ന് ലോകം കാണുകയും അറിയുകയും ചെയ്ത മുഹമ്മദ് നബി (ﷺ)യെകുറിച്ചല്ല യേശു പ്രവചിച്ചതെന്ന വസ്തുത ഈ വചനത്തിൽനിന്ന് വ്യക്തമായി മനസ്സിലാക്കാമെന്നും വാദിക്കപ്പെടുന്നു. ഇത് വസ്തുതയുമായി യാതൊരുവിധ ബന്ധവുമില്ലാത്ത ഒരു വാദം മാത്രമാണ്. യോഹന്നാൻെറ രചനാ രീതിയെകുറിച്ച് അറിയുന്നവരൊന്നും ഈ വാദം ഉന്നയിക്കുകയില്ലെന്നതാണ് വാസ്തവം.

'അവനെ ലോകം കാണുകയോ അറിയുകയോ ചെയ്യുന്നില്ല' എന്ന് യേശു പറഞ്ഞതായി യോഹന്നാൻ ഉദ്ധരിക്കുന്ന വചനത്തിൻെറ പൊരുളെന്താണ്? വരാനിരിക്കുന്ന വ്യക്തിയെ കാണുവാൻ ഒരു മനുഷ്യനും സാധിക്കുകയില്ലെന്നാണോ? സത്യത്തിൽ ലോകം അവനെ സത്യാത്മാവായി മനസ്സിലാക്കുന്നില്ലെന്നും അവനെ മാർഗദർശിയായി സ്വീകരിക്കുവാൻ മനുഷ്യരിൽപെട്ട ഭൂരിപക്ഷം പേരും സന്നദ്ധരാവുന്നില്ലെന്നുമുള്ള വസ്തുത പ്രവചിക്കുകയാണ് ഇവിടെ യേശു ചെയ്യുന്നത്. 'കാണുകയോ അറിയുകയോ ചെയ്യുന്നില്ല' എന്ന പ്രയോഗത്തിന് 'മനസ്സിലാക്കുകയോ ഉൾക്കൊള്ളുകയോ ഇല്ല' എന്നാണ് യോഹന്നാൻ ലേഖനങ്ങളിൽ അർത്ഥം കൽപിക്കപ്പെട്ടിരിക്കുന്നത്. യോഹന്നാൻെറ ഒരു പ്രയോഗം കാണുക: 'പാപം ചെയ്യുന്നവരാരും അവനെ കാണുകയോ അറിയുകയോ ചെയ്തിട്ടില്ല' (1 യോഹന്നാൻ 3:7). യേശുവിനെകുറിച്ചാണ് ഇവിടെ യോഹന്നാൻ എഴുതുന്നത്. പാപികളൊന്നും യേശുവിനെ കണ്ടിട്ടില്ലെന്നല്ല ഇവിടെ യോഹന്നാൻ അർത്ഥമാക്കുന്നതെന്ന് വ്യക്തമാണല്ലോ. പാപികളായ ജനങ്ങളെ സമുദ്ധരിക്കുവാൻവേണ്ടി നിയോഗിക്കപ്പെട്ട യേശുവിനെ കാണുകയും സംസാരിക്കുകയും സംവദിക്കുകയും ചെയ്തവരിൽ അധികവും പാപികളായിരുന്നുവെന്നാണ് സുവിശേഷങ്ങൾ വ്യക്തമാക്കുന്നത്. പിന്നെ എന്തുകൊണ്ടാണ് 'പാപികളാരും അവനെ കാണുകയോ

അറിയുകയോ ചെയ്യുന്നില്ല'യെന്ന് യോഹന്നാൻ പറഞ്ഞത്. ഉത്തരം വ്യക്തം! ഈ പ്രയോഗംകൊണ്ട് യോഹന്നാൻ അർത്ഥമാക്കിയത് 'പാപംചെയ്യുന്നവരൊന്നും തന്നെ യേശുവിനെ യഥാരൂപത്തിൽ മനസ്സിലാക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നില്ല' എന്നാണ്.

ഇതുപോലെ, സത്യാത്മാവിനെകുറിച്ച് 'ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല'യെന്ന യോഹന്നാനുദ്ധരിച്ച യേശു വചനത്തിന് ലോകം അവനെ യഥാരൂപത്തിൽ മനസ്സിലാക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നില്ലെന്ന് യേശുവചനങ്ങൾ ഉൾക്കൊണ്ടവർക്ക് അവനെ അറിയാനും ഉൾക്കൊള്ളുവാനും യാതൊരു പ്രയാസവുമുണ്ടാവുകയില്ലെന്നുമാണ് അർത്ഥമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

## പാരക്ലിറ്റോസ്

യേശു പ്രവചിച്ച 'സഹായകൻ' ക്രിസ്ത്യാനികൾ കരുതുന്ന പരിശുദ്ധാത്മാവല്ലെങ്കിൽ പിന്നെ ആരാണ്? ഈ ചോദ്യത്തിന് ഉത്തരം കാണുവാൻ നമുക്ക് ഈ പദത്തിൻെറ വ്യുൽപത്തി പരിശോധിക്കേണ്ടതായി വരുന്നു. കത്തോലിക്കർ ഉപയോഗിക്കുന്ന പി.ഒ.സി. ബൈബിളിലും ഓശാനാ ബൈബിളിലും 'സഹായകൻ' എന്നും പ്രൊട്ടസ്റ്റൻറുകാർ ഉപയോഗിക്കുന്ന ബി.എസ്.ഐ. ബൈബിളിൽ 'കാര്യസ്ഥൻ' എന്നും വിശേഷിപ്പിച്ചിരിക്കുന്ന വ്യക്തിയെ യേശു വിളിച്ചത് എന്തായിരിക്കും? ഇംഗ്ലീഷിലാകട്ടെ, NAB യിൽ Advocate എന്നും KJV യിൽ Comforter എന്നും GNB, NWT എന്നിവയിൽ Helper എന്നും RSV, NIV എന്നിവയിൽ Counsellor എന്നുമാണ് ആ വ്യക്തിയെകുറിച്ച് പറഞ്ഞിരിക്കുന്നത്. പ്രസിദ്ധമായ The New Jerusalem Bible ൽ Paraclete എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തെ പരാമർശിച്ചുകൊണ്ട് NJB യുടെ കർത്താക്കൾ എഴുതുന്നത് കാണുക: 'ഞങ്ങളുടെ പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന Paraclete എന്ന പദം Parakletos എന്ന ഗ്രീക്ക് പദത്തിൻെറ ഇംഗ്ലീഷ് ലിപ്യന്തരണമാണ്. ഈ പദത്തിന് കൽപിക്കപ്പെടുന്ന വ്യത്യസ്ത ഇംഗ്ലീഷ് അർത്ഥങ്ങളിൽനിന്ന് advocate, intercessor, counsellor, protector, supporter ഒണ്ണെണ്ണം തെരഞ്ഞെടുക്കുക തികച്ചും ദുഷ്കരമത്രെ'. (The New Jerusalem Bible Page 1777) ഇക്കാരണത്താൽ തന്നെയായിരിക്കണം, ആദ്യകാല മലയാള പതിപ്പുകളിൽ 'പാർക്ക





ലീത്ത' എന്ന ലിപ്യന്തരം ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

## യേശു പറഞ്ഞതെന്ത്?

വരാനിരിക്കുന്ന പ്രവാചകനെകുറിച്ച് യേശു പറഞ്ഞ പദം ഗ്രീക്ക് പദമായ parakets അല്ലെന്ന് ഉറപ്പാണ്. അദ്ദേഹം അരമായിക് ഭാഷയിൽ എന്ത് നാമമാണ് ഉപയോഗിച്ചതെന്ന് മനസ്സിലാക്കാൻ ഇന്ന് നമുക്ക് യാതൊരു നിർവാഹവുമില്ല. അദ്ദേഹം ഉപയോഗിച്ച നാമം അപ്പടി ഉദ്ധരിച്ചിരുന്നെങ്കിൽ പ്രവചിക്കപ്പെട്ട വ്യക്തി ആരാണെന്ന് മനസ്സിലാക്കുക തീരെ പ്രയാസകരമാകുമായിരുന്നില്ല. നമുക്ക് ഗ്രീക്കിൽ പ്രയോഗിക്കപ്പെട്ട parakets എന്ന പദത്തെ മാത്രമെ ആശ്രയിക്കാൻ കഴിയൂ.

എന്നാൽ ഒരു കാര്യം മറന്നുകൂടാ. സുവിശേഷ കർത്താക്കളോ ആദ്യകാല പകർത്തിയെഴുത്തുകാരോ ഒന്നുംതന്നെ പദങ്ങളുടെ അപഭ്രംശം അത്ര കാര്യമായി എടുത്തിരുന്നില്ലെന്ന വസ്തുതയാണത്. പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്ന പഴയ നിയമ വചനങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. പഴയ നിയമത്തിൽ പറഞ്ഞ കാര്യങ്ങളിൽ ചിലവ പുതിയ നിയമ പുസ്തകത്തിൽ ഉദ്ധരിക്കുമ്പോൾ പദപരമായ കൃത്യത പാലിക്കുന്നതായി കാണാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ parakletos എന്ന പദം മറ്റേതെങ്കിലും ഗ്രീക്ക് പദങ്ങളുടെ അപഭ്രംശമാകുവാനുള്ള സാധ്യത നിഷേധിക്കാനാവില്ല. അത്തരം വല്ല പദങ്ങളും യേശു പ്രവചിച്ച വ്യക്തിയെകുറിച്ച് കൂടുതൽ വ്യക്തമായ സൂചന നൽകുന്നുണ്ടെങ്കിൽ അത് സ്വീകരിക്കുന്നതുകൊണ്ട് കുഴപ്പമില്ല. കാരണം യേശു ചിലപ്പോൾ ആ പദത്തിന് തുല്യമായ അരമായിക് പദമാകാം ഉപയോഗിച്ചത്; സുവിശേഷ കർത്താവ് മറ്റുള്ളവരിൽനിന്ന് കേട്ട് കാര്യമെഴുതിയപ്പോൾ ഉണ്ടായ ചെറിയ തെറ്റാവാം അതിനെ parakletos എന്നാക്കിയതെന്ന് കരുതുന്നത് അബദ്ധമാണെന്ന് ബൈബിൾ രചനയുടെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കിയവരൊന്നും തന്നെ പറയുകയില്ല.

## പെരിക്ലിറ്റോസ്

ഇനി പരിശോധിക്കേണ്ടത് parakletos ന് ശബ്ദസാമ്യമോ പദസാമ്യമോ ഉള്ള വല്ല വാക്കുകളും യേശു പ്രവചിച്ച വ്യക്തിയെകുറിച്ച് കൂടുതലായ വല്ല അറിവും നൽകുന്നുണ്ടോയെന്നാണ്.

parakletos ന് സമാനമായ ശബ്ദവും ഘടനയുമുള്ള ഒരു പദമാണ് perilqlytos. രണ്ടിൻെറയും ഉച്ചാരണങ്ങൾ തമ്മിൽ കാര്യമായ അന്തരങ്ങളൊന്നും തന്നെയില്ല. അതുകൊണ്ട് തന്നെ യേശു perilqlytos എന്ന പദത്തിന് തുല്യമായ അരമായിക് പദമായിരിക്കും ഉപയോഗിച്ചതെന്നും ഗ്രീക്ക് സംസാരിക്കുന്നവരിൽനിന്ന് ഇത് കേട്ടെഴുതിയ സുവിശേഷ കർത്താവ് parakletos എന്ന് തെറ്റായി മനസ്സിലാക്കി പകർത്തിയതാവാമെന്നും ഊഹിക്കുന്നത് തെറ്റല്ല.

Perilqlytos എന്ന ഗ്രീക്ക് പദത്തിനർഥം 'സ്തുത്യർഹം', 'പുകഴ്ത്തപ്പെട്ടത്' എന്നിങ്ങനെയാണ്. അഹ്മദ് എന്ന അറബി പദത്തിന് തുല്യമാണിത്. മുഹമ്മദ് നബി (ﷺ)യുടെ മറ്റൊരു പേരായിരുന്നു അഹ്മദ് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. (മുഹമ്മദും അഹ്മദും ഒരേ ക്രിയാധാതുവിൽനിന്നുണ്ടായ ഏറെക്കുറെ സമാനാർത്ഥമുള്ള രണ്ട് പദങ്ങളാണ്). യേശുവിൻെറ പ്രവചനത്തിൽ പിന്നീടുണ്ടായ ചെറിയ അപഭ്രംശം ഒഴിവാക്കിയാൽ അദ്ദേഹത്തിൻെറ വാക്കുകൾ ഇങ്ങനെ വായിക്കാം: 'ഞാൻ പോകുന്നത് നിങ്ങളുടെ നന്മക്കാണ്. ഞാൻ പോകുന്നില്ലെങ്കിൽ അഹ്മദ് നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് അയക്കും. അവൻ വരുമ്പോൾ പാപത്തെയും നീതിയെയും ന്യായവിധിയെയും പറ്റി ലോകത്തെ ബോധ്യപ്പെടുത്തും.... സത്യാത്മാവ് (സത്യത്തിൻെറ പ്രവാചകൻ) വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും'.

അതെ! യേശു പ്രവചിച്ച സത്യാത്മാവ് മുഹമ്മദ് നബി (ﷺ)യായിരുന്നു. 'അഹ്മദ്' എന്ന പേരിലാണ് യേശു അദ്ദേഹത്തെ വിളിച്ചത്. മുഹമ്മദ് നബി (ﷺ)യെകുറിച്ച യേശുവിൻെറ പ്രവചനത്തെകുറിച്ച് പറയുന്ന സ്ഥലത്ത് വിശുദ്ധ ഖുർആൻ പ്രയോഗിച്ചിരിക്കുന്നത് 'അഹ്മദ്' എന്ന പദംതന്നെയാണെന്ന വസ്തുതയാണ് ഏറെ അത്ഭുതകരമായിരിക്കുന്നത്. ഗ്രീക്ക് ഭാഷയിൽ അൽപജ്ഞാനം പോലും ഇല്ലാതിരുന്ന മുഹമ്മദി(ﷺ)ൻെറ നാവിലൂടെയാണ് ഖുർആൻ ജനം ശ്രവിക്കുന്നതെന്ന് നാം മനസ്സിലാക്കണം. വരാനിരിക്കുന്ന വ്യക്തിയെകുറിച്ച് യേശു പറഞ്ഞതെന്താണെന്നോ അതിൻെറ ഗ്രീക്ക് ഭാഷാന്തരം എന്താണെന്നോ അറിയാത്ത മുഹമ്മദ് നബി (ﷺ)യിലൂടെ





അവതരിപ്പിക്കപ്പെട്ട ഖുർആനിൽ Periqlytosന് തുല്യമായ അറബി പദം തന്നെ ഉപയോഗിക്കപ്പെട്ടുവെന്നത് കേവല യാദൃഛികതയായി ഗണിക്കാനാവില്ല. ഖുർആൻ സർവജ്ഞാനിയായ അല്ലാഹുവിൽനിന്ന് അവതരിച്ചതാണെന്ന വസ്തുതയാണ് ഇവിടെ അനാവൃതമാകുന്നത്. പ്രസ്തുത ഖുർആൻ സൂക്തം നാം ഒരിക്കൽകൂടി വായിക്കുക: 'മർയമിൻെറ മകൻ ഈസാ പറഞ്ഞ സന്ദർഭവും; ഇസ്രായീൽ സന്തതികളേ, എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ'. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു; ഇത് വ്യക്തമായ ജാലവിദ്യയാകുന്നു' (61:6).

## മറ്റൊരു കാര്യസ്ഥൻ

യോഹന്നാൻെറ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന 'അഹ്മദി'നെ സംബന്ധിച്ച യേശുവചനങ്ങൾ അദ്ദേഹം പറഞ്ഞ അതേ രൂപത്തിൽ തന്നെയാണ് ഉദ്ധരിക്കപ്പെട്ടിരിക്കുന്നത് എന്ന് കരുതുക വയ്യ. കേട്ടവരിൽനിന്ന് കേട്ടെഴുതുമ്പോൾ ഉണ്ടാകാവുന്ന അപഭ്രംശങ്ങൾ വാചകങ്ങളുടെ ശൈലിയിലും ഘടനയിലുമെല്ലാം ഉണ്ടാവുക സ്വാഭാവികമാണ്. ഈ വചനങ്ങളിലെ വിശദീകരിക്കുവാൻ പ്രയാസപ്പെടുന്ന പ്രയോഗങ്ങൾ ഇത്തരം അപഭ്രംശങ്ങൾമൂലം കടന്നുകൂടിയതായിരിക്കാനാണ് സാധ്യത. ഉദാഹരണത്തിന്

parakletos നെകുറിച്ച ഒരു വാക്യം നോക്കൂ: 'ഞാൻ പിതാവിനോട് പ്രാർത്ഥിക്കും. നിങ്ങളോട് കൂടെ എന്നെന്നും ഉണ്ടാകേണ്ടതിന് പിതാവ് മറ്റൊരു parakletos നെ നിങ്ങൾക്ക് തരും' (യോഹന്നാൻ 14:26).

'മറ്റൊരു parakletos' എന്ന പ്രയോഗത്തിൽ പ്രകടമായ ഒരു പൊരുത്തക്കേടുണ്ട്. യേശു ഇത് പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്നർത്ഥം അദ്ദേഹത്തിന് മുമ്പ് പല parakletos കളും വന്നുപോയിട്ടുണ്ട് എന്നും അദ്ദേഹത്തിൻെറ അപേക്ഷയനുസരിച്ചാണ് അടുത്ത parakletos വരികയെന്നുമാണല്ലോ. പക്ഷെ, ബൈബിൾ പുസ്തകങ്ങളിൽ മറ്റെവിടെയും parakletos എന്നോ അതിന് സമാനമായ മറ്റ് പദങ്ങളോ

പ്രയോഗിച്ച് കാണുന്നില്ല. മുമ്പ് ഒരു parakletos വന്നിരുന്നുവെങ്കിൽ അത് ബൈബിളിൽ പ്രയോഗിക്കേണ്ടതായിരുന്നു. ഈ പദം അപ്പോസ്തലന്മാർക്കോ യഹൂദ റബ്ബിമാർക്കോ പരിചയമുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന ഒരു രേഖയും ബൈബിളിലോ മറ്റ് യഹൂദ-ക്രൈസ്തവ സാഹിത്യങ്ങളിലോ ഇല്ല. അതുകൊണ്ടുതന്നെ 'മറ്റൊരു parakletos' എന്ന് യേശു പ്രയോഗിച്ചിരിക്കാനിടയില്ല. ഈ വചനം യേശു ഇങ്ങനെ പറഞ്ഞിരിക്കാനാണ് സാധ്യതയെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്: 'ഞാൻ പിതാവിന്നടുത്ത് പോകും. അവൻ 'അഹ്മദ്' എന്ന മറ്റൊരാളെ നിങ്ങൾക്ക് അയച്ചുതരും. അദ്ദേഹം നിങ്ങളോടൊപ്പം എന്നുമുണ്ടായിരിക്കും'.

പെരിക്ലീറ്റോസിനെകുറിച്ച് പ്രതിപാദിക്കുന്നിടത്ത് യേശു പറയുന്നതായി യോഹന്നാൻ രേഖപ്പെടുത്തുന്ന 'ഞാൻ അയയ്ക്കും' എന്നും മറ്റുമുള്ള ചില പ്രയോഗങ്ങൾ അബദ്ധത്തിൽ കടന്നുകൂടിയതായിരിക്കാനാണ് സാധ്യത. പെരിക്ലീറ്റോസ് പരിശുദ്ധാത്മാവാണെന്ന ക്രൈസ്തവ വീക്ഷണ പ്രകാരവും ഈ പ്രയോഗം ന്യായീകരിക്കുവാൻ കഴിയില്ല. ഒരേസത്തയിലുള്ള രണ്ട് വ്യക്തികളാണ് യേശുവും പരിശുദ്ധാത്മാവുമെന്നാണല്ലോ ക്രൈസ്തവ വിശ്വാസം. രണ്ടുപേർക്കും ഒരേ ശക്തി! ഒരേ സത്ത! പിന്നെയെങ്ങനെയാണ് ഒരാൾ അയക്കുന്നവനും മറ്റൊരാൾ അയക്കപ്പെടുന്നവനുമാവുക? അയക്കുന്നവൻ അയക്കപ്പെടുന്നവനേക്കാൾ ഉന്നതനാവണമെന്നതാണല്ലോ സാമാന്യബുദ്ധി. അപ്പോൾ പെരിക്ലീറ്റോസിനെ അയച്ചവൻ അവനേക്കാൾ ഉന്നതനാവണം. 'അഹ്മദി'നെ അയച്ചത് സർവലോക രക്ഷിതാവാകുന്നു. ഉന്നതരിൽ ഉന്നതൻ മനുഷ്യനിൽ മഹത്വമേറിയവനെ പറഞ്ഞയക്കുന്നതിനെകുറിച്ചാണ് യേശു ദീർഘദർശനം ചെയ്തത്.

## <u>പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടുവോ?</u>

യേശുക്രിസ്തു പ്രവചിച്ചത് മുഹമ്മദി(ﷺ)ൻെറ ആഗമനമാണെന്ന് വ്യക്തമായല്ലോ. ഇനി, യോഹന്നാൻ ഉദ്ധരിക്കുന്ന യേശു വചനങ്ങളിൽ പറയപ്പെട്ടിരിക്കുന്ന parakletos ൻെറ അടയാളങ്ങൾ മുഹമ്മദ് നബി (ﷺ)യിൽ പൂർത്തീകരിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാം.

1. യേശുവിൻെറ ഇഹലോക ജീവിതം കഴിഞ്ഞശേഷമാണ് 'അഹ്മദി'ൻെറ ആഗമനമുണ്ടാവുക (യോഹന്നാൻ 16:7).

ക്രിസ്തുവിന് ശേഷം അഞ്ച് നൂറ്റാണ്ട് കഴിഞ്ഞശേഷമാണ് മുഹമ്മദ്(ﷺ)ആഗതനായത്.

2. അഹ്മദ് പാപത്തെയും നീതിയെയും ന്യായവിധിയെയും പറ്റി ലോകത്തെ ബോധ്യപ്പെടുത്തും' (യോഹന്നാൻ: 16:8).

ദൈവകൽപനകൾക്കെതിര് പ്രവർത്തിക്കുന്നതെല്ലാം പാപമാണ്. എന്നാൽ പാപങ്ങളുടെ മാതാവ് ബഹുദൈവാരാധനയത്രെ. ഈ പാപത്തിനെതിരെ ജനങ്ങളെ ബോധവാന്മാരാക്കുകയാണ് പ്രവാചകന്മാർ ചെയ്തത്. മനുഷ്യമനസ്സുകളിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദുർമൂർത്തികളെ പിഴുതെറിഞ്ഞ് പകരം അവിടെ യഥാർത്ഥ ദൈവത്തോട് മാത്രമുള്ള ആരാധനയെ കുടിയിരുത്തിയാൽ മറ്റ് പാപങ്ങളെല്ലാം അതിൻെറ തുടർച്ചയായി മാഞ്ഞുപൊയ്ക്കൊള്ളുമെന്ന് അറിയാവുന്നവരായിരുന്നു പ്രവാചകന്മാർ. അതുകൊണ്ടുതന്നെ അവർ പ്രധാനമായും പടപൊരുതിയത് ബഹുദൈവാരാധനയെന്ന തിന്മക്കെതിരെയായിരുന്നു. പക്ഷെ, അവരിൽ മിക്കവരും ഒരു പ്രത്യേക സമൂഹത്തിലെക്കോ ജനതയിലെക്കോ മാത്രമായി നിയോഗിക്കപ്പെട്ടവരായിരുന്നു. പാപത്തെക്കുറിച്ച് ലോകരെ മുഴുവൻ ബോധ്യപ്പെടുത്താനായി നിയുക്തനായ പ്രവാചകനാണ് മുഹമ്മദ് (ﷺ). തൻെറ ജീവിതകാലത്തുതന്നെ ലോകത്തിൻെറ വിവിധ ദിക്കുകളിൽ ഏക ദൈവാദർശത്തിൻെറ സന്ദേശമെത്തിക്കുന്നതിനും ബഹുദൈവത്വമെന്ന പാപത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. മാത്രവുമല്ല, മറ്റ് പാപങ്ങളെയും പുണ്യങ്ങളെയും വേർതിരിക്കുന്ന വ്യക്തമായ മാർഗരേഖ നൽകുവാനും അദ്ദേഹത്തിന് സാധിച്ചു. സ്വന്തം ചര്യകൊണ്ടാണ് അദ്ദേഹം ആ മാർഗരേഖ ആവിഷ്കരിച്ചത്. മുഹമ്മദ് നബി (ﷺ)കൽപിച്ചതും ചെയ്തുകാണിച്ചുതന്നതും അനുവദിച്ചതുമായ കാര്യങ്ങളെല്ലാം തിന്മയുമാണെന്നാണ് ഇസ്‌ലാമിക വിശ്വാസം. എല്ലാതരം പാപങ്ങളെകുറിച്ചും ലോകത്തെ ബോധ്യപ്പെടുത്താൻ മുഹമ്മദി(ﷺ)ന് കഴിഞ്ഞുവെന്നർത്ഥം.

എന്താണ് നീതിയെന്നും എന്താണ് അനീതിയെന്നും ലോകത്തെ ബോധ്യപ്പെടുത്തിയതും മുഹമ്മദ് നബി(ﷺ) തന്നെയാണ്. ആൺകോയ്മ നിലനിന്നിരുന്ന ലോകത്തിന് മുമ്പിൽ എഴുന്നേറ്റ് നിന്നുകൊണ്ട് 'സ്ത്രീക്ക് ഉത്തരവാദിത്തങ്ങളുള്ളതുപോലെ അവകാശങ്ങളുമുണ്ട്' എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പെണ്ണിൻെറയും പിശാചിൻെറയും ആത്മാക്കൾ തമ്മിലുള്ള അന്തരത്തെക്കുറിച്ച് ഗവേഷണത്തിലായിരുന്നു അക്കാലത്തെ ബുദ്ധിരാക്ഷസന്മാർ എന്നോർക്കുക. വർണത്തി

ന്റെയും ജാതിയുടെയും പേരിൽ അസ്പൃശ്യത കൽപിക്കപ്പെട്ടിരുന്നവർക്ക് ഉന്നതകുല(?)ത്തിൽ പിറന്നവരോടൊപ്പം സ്ഥാനം നൽകുകയും 'നിങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ധർമനിഷ്ഠയുള്ളവനാകുന്നു അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ഠൻ' എന്ന് പഠിപ്പിക്കുകയും ചെയ്തത് അല്ലാഹുവിന്റെ ദൂതനായ മുഹമ്മദാ(ﷺ)യിരുന്നു. അടിമയും ഉടമയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവന്ന് അവർക്കിടയിൽ മാനവികമായ നീതി നടപ്പാക്കിയതും അദ്ദേഹംതന്നെ! രാജാവിന് ഒരു നിയമവും പ്രജകൾക്ക് മറ്റൊരു നിയമവുമെന്ന അന്ന് നിലനിന്നിരുന്ന വ്യവസ്ഥിതി മാറ്റി രാജാവിനും പ്രജകൾക്കും ഒരേ നിയമമെന്ന തത്വം പ്രയോഗവൽകരിച്ച് നീതിശാസ്ത്രത്തിന്റെ ചരിത്രത്തിലെ അപൂർവ വ്യക്തിത്വങ്ങളിലൊന്നായി മാറിയ ആളാണ് മുഹമ്മദ് (ﷺ). നീതിയെകുറിച്ച് ലോകത്തെ തികച്ചും ബോധ്യപ്പെടുത്തിയവൻ എന്ന് പറയപ്പെടാൻ മുഹമ്മദ് നബി(ﷺ)യെപോലെ അർഹനായ മറ്റൊരാളെ ചരിത്രത്തിൽ കാണാൻ കഴിയില്ല. തീർച്ച!

ലോകത്തെ ന്യായവിധിയെകുറിച്ച് ബോധ്യപ്പെടുത്തിയതും മുഹമ്മദ് നബി (ﷺ)തന്നെയായിരുന്നു. ബൈബിൾ മുഴുവനായി വായിച്ചാലും ന്യായവിധി നാളിനെകുറിച്ച് വ്യക്തമായ ഒരു ചിത്രം നമുക്ക് ലഭിക്കുകയില്ല. സുവിശേഷങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന യേശുവചനങ്ങളിൽ ചിലവ ന്യായവിധിനാളിനെയും സ്വർഗ നരകങ്ങളെയും കുറിച്ച് സൂചനകൾ നൽകുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ ന്യായവിധിനാളിലെ സംഭവവികാസങ്ങളെ കുറിച്ച പ്രതിപാദനങ്ങളോ അവിടെ മോക്ഷം നേടാനാവശ്യമായ കാര്യങ്ങളെ സംബന്ധിച്ച വിശദീകരണങ്ങളോ ഒന്നുംതന്നെ ബൈബിളിലെന്നല്ല, ഒരൊറ്റ മത-വേദഗ്രന്ഥങ്ങളിലുമില്ല. മുഹമ്മദ് നബി(ﷺ)യിലൂടെ ലോകത്തിന് അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആൻ മാത്രമാണ് ഇതിന് അപവാദം. ദൈവത്തിന്റെ ഏകത്വം കഴിഞ്ഞാൽ ഖുർആനിൽ ഏറ്റവുമധികം പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് ന്യായവിധിനാളിനെ കുറിച്ചാണ്. മരണാനന്തരം നടക്കുന്ന പുനരുത്ഥാനത്തെയും അതിനുശേഷമുണ്ടാകുന്ന ന്യായവിധിയെയും നന്മ കൊണ്ട് ജീവിതം വിമലീകരിച്ചവർക്ക് നേടാനിരിക്കുന്ന സ്വർഗീയ ജീവിതത്തെയും തിന്മകൊണ്ട് ജീവിതം വികൃതമാക്കിയവർക്ക് ലഭിക്കാനിരിക്കുന്ന നരകീയ യാതനകളെയും കുറിച്ച വ്യക്തവും യുക്തിപൂർവകവുമായ വിശദീകരണങ്ങളുൾക്കൊള്ളുന്ന ഏകഗ്രന്ഥം വിശുദ്ധ ഖുർആനാണ്. ന്യായവിധിയെ





കുറിച്ച് വിശദീകരിക്കുക മാത്രമല്ല, അതിന്റെ അനിവാര്യതയെ മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാനാകുന്നവിധം സമർത്ഥിക്കുന്നുമുണ്ട് മുഹമ്മദ് നബി (ﷺ)ക്ക് ലഭിച്ച വേദഗ്രന്ഥം. ഈ വസ്തുത യേശു പ്രവചിച്ച 'അഹ്മദ്' അദ്ദേഹം തന്നെയാണെന്ന് വ്യക്തമാക്കുന്നു.

3. അഹ്മദ് ജനങ്ങളെ സകല സത്യത്തിലും വഴിനടത്തും (യോഹന്നാൻ 16:12).

ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പാലിക്കപ്പെടേണ്ട നിയമനിർദേശങ്ങൾ കൊണ്ടുവന്ന വ്യക്തിയാണ് മുഹമ്മദ്(ﷺ). ചെറുതും വലുതുമായ സകല കാര്യങ്ങളും അതിലുണ്ട്. ഒരാൾക്ക് തന്റെ മനുഷ്യത്വത്തിന്റെ ഉദാത്തീകരണം സാധിക്കുവാൻ എന്തൊക്കെ ചെയ്യണമെന്ന ചോദ്യത്തിന് സത്യസന്ധമായി ചരിത്രം പഠിച്ച ഒരാൾക്ക് നൽകാൻ കഴിയുന്ന ഉത്തരം 'മുഹമ്മദി(ﷺ)ന്റെ ജീവിതത്തെ അനുധാവനം ചെയ്യുക' എന്നാണ്. മതത്തിന്റെ വരുതിയിൽപെട്ടതല്ലെന്ന് കരുതപ്പെടുന്ന കാര്യങ്ങളിൽപോലും മുഹമ്മദി(ﷺ)ന്റെ മാർഗദിർദേശം കാണാൻ കഴിയും. നഖം മുറിക്കേണ്ടതുണ്ടോ വേണ്ടയോയെന്ന വളരെ ചെറിയതെന്ന് കരുതപ്പെടുന്ന കാര്യംമുതൽ ഒരു ഭരണാധികാരിയുടെ ജീവിതം എങ്ങനെയാകണമെന്ന കാര്യംവരെ സകല രംഗങ്ങളിലും പാലിക്കപ്പെടേണ്ട വിധിവിലക്കുകൾ പഠിപ്പിച്ച വ്യക്തിയാണ് അദ്ദേഹം. കുറെ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുകയോ തത്വങ്ങൾ പ്രസംഗിക്കുകയോ അല്ല അദ്ദേഹംചെയ്തത്. താൻ പഠിപ്പിച്ച നിയമനിർദേശങ്ങൾ പ്രാവർത്തികമായി ലോകത്തിന് മാതൃകയായ ഒരു സമൂഹത്തെ സൃഷ്ടിക്കുവാൻ സാധിച്ചുവെന്നതാണ് മറ്റ് ചിന്തകന്മാരിൽനിന്നും വിപ്ലവകാരികളിൽനിന്നും മുഹമ്മദി(ﷺ)നെ വ്യതിരിക്തനാക്കുന്ന പ്രധാന കാര്യം. യേശു പ്രവചിച്ചതുപോലെ മുഹമ്മദ്(ﷺ) സകല സത്യത്തിലും ജനങ്ങളെ വഴി നടത്തുകതന്നെ ചെയ്തുവെന്ന് സാരം.

4. ദൈവിക ബോധന പ്രകാരമല്ലാതെ തന്നിഷ്ടത്തിന് അഹ്മദ് ഒന്നും പറയുകയില്ല. (യോഹന്നാൻ 16:13).

പ്രവാചകനെന്ന നിലയിൽ മുഹമ്മദ് നബി (ﷺ)സംസാരിച്ചതെല്ലാം ദൈവിക ബോധന പ്രകാരമായിരുന്നു. വിശുദ്ധ ഖുർആൻ ഇക്കാര്യത്തിന് സാക്ഷ്യം വഹിക്കുന്നത് കാണുക:

'അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നില്ല. അത് അദ്ദേഹ

ത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാണ്. ശക്തിമത്തായ കഴിവുകളുള്ളവനാണ് അത് അദ്ദേഹത്തെ പഠിപ്പിച്ചിരിക്കുന്നത്' (53:3-5).

5. അഹ്മദ് എന്നെന്നും ജനങ്ങളോടൊപ്പമുണ്ടായിരിക്കും (യോഹന്നാൻ 14:16).

ഈ വചനത്തിൽനിന്ന് അഹ്മദ് അനശ്വരനായിരിക്കും എന്ന നിഗമനത്തിലെത്തുന്നത് ശരിയല്ല. ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നത് അഹ്മദ് പഠിപ്പിച്ച കാര്യങ്ങളാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സത്യത്തിൽ മുഹമ്മദ് നബി (ﷺ)യെപോലെ 'എന്നെന്നും ജനങ്ങളോടൊപ്പമുള്ള' ഒരാൾ കഴിഞ്ഞുപോയിട്ടില്ലെന്നതാണ് വാസ്തവം. ലോകത്ത് മറ്റൊരാളുടെയും ജീവിതം അദ്ദേഹത്തിന്റേതുപോലെ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ പ്രവാചകത്വ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങൾ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഓരോ പ്രശ്നങ്ങളിലും മുഹമ്മദ്(ﷺ) എന്ത് നിലപാട് സ്വീകരിച്ചെന്ന് മനസ്സിലാക്കുക തീരെ പ്രയാസമുള്ള കാര്യമല്ല. സുരതം മുതൽ ഭരണംവരെയുള്ള ജീവിതചര്യ രേഖപ്പെടുത്തപ്പെട്ട ഒരാൾ മുഹമ്മദ് നബി(ﷺ)യല്ലാതെ ചരിത്രത്തിലുണ്ടോ? അദ്ദേഹത്തിന്റെ ജീവിതമാകട്ടെ കേവലം കടലാസുകളിലൊതുങ്ങുകയല്ല ചെയ്യുന്നത്. വിശ്വാസികൾ ആ ജീവിതത്തെ അനുധാവനം ചെയ്യുന്നതിനുവേണ്ടി പരമാവധി പരിശ്രമിക്കുന്നു. അങ്ങനെ വിശ്വാസികൾക്കിടയിൽ അദ്ദേഹത്തിന്റെ ചര്യ എന്നെന്നും ജീവിക്കുന്നു. അദ്ദേഹത്തിലൂടെ ലോകത്തിന് ലഭിച്ച വേദഗ്രന്ഥമാകട്ടെ, ഒരു മാറ്റത്തിരുത്തലും കൂടാതെ അവസാന നാളുവരെ നിലനിൽക്കുന്ന ഒരു ഗ്രന്ഥമാണ്. ഇങ്ങനെ ഏത് അർത്ഥത്തിലെടുത്താലും യേശു പറഞ്ഞതുപോലെ 'എന്നെന്നും ജനങ്ങളോടൊപ്പമുള്ള' വ്യക്തിയാണ് മുഹമ്മദ് നബി(ﷺ).

6. യേശു പറഞ്ഞ കാര്യങ്ങളെല്ലാം അഹ്മദ് ജനത്തെ ഓർമപ്പെടുത്തും (യോഹന്നാൻ 14:26).

യേശുവെന്നല്ല, മുൻ പ്രവാചകന്മാർ മുഴുവൻ പറഞ്ഞ കാര്യങ്ങൾ ഓർമിപ്പിച്ചയാളാണ് മുഹമ്മദ് നബി(ﷺ). മോശയുടെയും യേശുവിന്റെയും യഥാർത്ഥ മതത്തിലേക്ക് വരുവാനാണ് മുഹമ്മദ് നബി (ﷺ) അവരുടെ അനുയായികളെന്ന് അവകാശപ്പെട്ടവരോട് ആവശ്യപ്പെട്ടത്. വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും യേശുവിന്റെ





വചനങ്ങൾ ഉദ്ധരിക്കുകയും അത് ഓർമിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. ത്രിയേകത്വം തുടങ്ങിയ സഭയുടെ പിഴച്ച വിശ്വാസങ്ങൾക്കെതിരെ വിരൽചൂണ്ടുമ്പോഴും ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയെന്ന് പഠിപ്പിച്ച യേശുവിന്റെ വചനം ഓർമിക്കുവാനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. യേശു പറഞ്ഞ കാര്യങ്ങൾ ജനങ്ങളെ ഓർമിപ്പിച്ച പ്രവാചകനായ മുഹമ്മദ് നബി(ﷺ)യെ കുറിച്ചു തന്നെയാണ് അദ്ദേഹം പ്രവചിച്ചതെന്ന് സാരം.

7. അഹ്മദ് യേശുവിനെ മഹത്വപ്പെടുത്തും (യോഹ 16:14).

യേശുവിനെ മഹത്വപ്പെടുത്തിയ പ്രവാചകനാണ് മുഹമ്മദ് നബി (ﷺ). യഹൂദ റബ്ബിമാരും പുതിയ നിയമ പുസ്തകങ്ങളുടെ കർത്താക്കളും യേശുവിനെ ശപിക്കപ്പെട്ടവനും നിന്ദ്യനുമാക്കിയപ്പോൾ മുഹമ്മദ് നബി(ﷺ)യും വിശുദ്ധ ഖുർആനുമാണ് അദ്ദേഹത്തെ മഹത്വപ്പെടുത്തി ലോകത്തിന് മുമ്പിൽ അവതരിപ്പിച്ചത്. യേശുവിൽ കുരിശുമരണം ആരോപിക്കുകവഴി അദ്ദേഹത്തിന്റെ അനുയായികളെന്ന് അവകാശപ്പെട്ടവരും എതിരാളികളും അദ്ദേഹത്തെ ശപിക്കപ്പെട്ടവനാക്കി തീർക്കുകയാണുണ്ടായത്. 'മരത്തിൽ തൂക്കിക്കൊല്ലപ്പെടുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്'(ആവർത്തനം 21:23) എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. ഈ ശാപാരോപണത്തിൽ നിന്ന് യേശുവിനെ രക്ഷിച്ചത് വിശുദ്ധ ഖുർആനും മുഹമ്മദ് നബി(ﷺ)യുമായിരുന്നു. നാല് സുവിശേഷങ്ങളും യേശു കുരിശിൽ കിടന്ന് മരിച്ചുവെന്ന് അസന്നിഗ്ദ്ധമായി പറഞ്ഞപ്പോൾ അത് ശരിയല്ലെന്നും തന്റെ ദാസനെ ദൈവം ശപിക്കപ്പെട്ട കുരിശുമരണത്തിൽനിന്നും രക്ഷിച്ചുവെന്നും പറഞ്ഞത് മുഹമ്മദ് നബി(ﷺ)യിലൂടെ അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനാണ് (ഖുർആൻ 4:157,158). അങ്ങനെ യേശുവിനെ മഹത്വപ്പെടുത്തുകയാണ് മുഹമ്മദ് നബി(ﷺ) ചെയ്തത്. മാത്രവുമല്ല, സുവിശേഷങ്ങൾ യേശുവിനെ ക്ഷിപ്രകോപിയും മാതാവിനെ അനാദരിച്ചവനും മദ്യപാനത്തെ പ്രോത്സാഹിപ്പിച്ചവനുമായി അവതരിപ്പിക്കുമ്പോൾ അതിനെതിരായി അദ്ദേഹത്തെ വിനയാന്വിതനും മാതാവിനെ ആദരിച്ചയാളും തിന്മകൾക്കെതിരെ പോരാടിയ വ്യക്തിയുമായി പരിചയപ്പെടുത്തുന്നത് ഖുർആനത്രെ. ഇങ്ങനെ ഏത് അർത്ഥത്തിലെടുത്താലും യേശുവിനെ മഹത്വപ്പെടുത്തിയവൻ മുഹമ്മദ് നബി(ﷺ) തന്നെയാണ്.

8. അഹ്മദ് വരാനിരിക്കുന്ന കാര്യങ്ങൾ പ്രഖ്യാപിക്കും (യോഹന്നാൻ 16:13).

വരാനിരിക്കുന്ന കാര്യങ്ങളെകുറിച്ച് ഒട്ടനവധി പ്രഖ്യാപനങ്ങൾ വിശുദ്ധ ഖുർആനിൽ നമുക്ക് കാണാൻ കഴിയും. ഇതിൽ കൂടുതലും ലോകാവസാനത്തെകുറിച്ച പ്രഖ്യാപനങ്ങളാണ്. ദൈവിക ബോധനത്തിൻെറ അടിസ്ഥാനത്തിലല്ലാതെ ഒരാൾക്ക് പ്രഖ്യാപിക്കുവാൻ കഴിയാത്ത കാര്യങ്ങളാണവ. പൂർത്തീകരിക്കപ്പെടുന്ന പ്രഖ്യാപനങ്ങൾ തന്നെയാണ് അവയെന്ന കാര്യത്തിൽ സംശയമില്ല. ഇതല്ലാതെയും വരാനിരിക്കുന്ന ഒരുപാട് കാര്യങ്ങൾ മുഹമ്മദ് നബി(ﷺ) പ്രവചിച്ചിട്ടുണ്ട്. ആ പ്രവചനങ്ങളിൽ പലതും അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. വരാനിരിക്കുന്ന കാര്യങ്ങൾ പ്രഖ്യാപിക്കുന്നവനാണ് അഹ്മദ് എന്ന യേശുവിൻെറ പ്രവചനവും മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നർത്ഥം.

## <u>മുഹമ്മദ്(ﷺ) തന്നെ</u>

ഇങ്ങനെ എല്ലാ അർത്ഥത്തിലും, വരാനിരിക്കുന്ന പ്രവാചകനെ കുറിച്ച യേശുവിൻെറ പ്രവചനങ്ങൾ മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടതായി കാണാൻ കഴിയുന്നു. മുഹമ്മദ് നബി(ﷺ)യെ സൂചിപ്പിക്കുന്നതിനുവേണ്ടി യേശു periqlytos എന്ന ഗ്രീക്ക് പദത്തിന് തുല്യമായ അറമായിക് പദമായിരിക്കും പ്രയോഗിച്ചതെന്നും അത് അഹ്മദ് എന്ന അറബ് പദത്തിന് തുല്യമാണെന്നും പറഞ്ഞുവല്ലോ. അത്യധികം അത്ഭുതകരമായ സംഗതി, ഈ നാമം മുഹമ്മദ് നബി (ﷺ)യുടെ ആഗമനംവരെ സംരക്ഷിക്കപ്പെട്ടുവെന്നുള്ളതാണ്. മുഹമ്മദ് നബി(ﷺ)ക്ക് അറേബ്യയിൽ ഒരു പേരെന്ന നിലക്ക് തീരെ ഉപയോഗിക്കപ്പെടാതിരുന്ന നാമമാണ് അഹ്മദ്. (മുഹമ്മദ് എന്ന പദത്തിൻെറയും സ്ഥിതിയും ഇതുതന്നെ). ഇതെപോലെതന്നെ ഗ്രീക്ക് ചരിത്രത്തിലൊന്നുംതന്നെ periqlytos എന്നോ parakletos എന്നോ പേരുള്ള ആരെങ്കിലുമുണ്ടായിരുന്നതായി നമുക്ക് കാണാൻ കഴിയുന്നില്ല. ഇതിനർത്ഥമെന്താണ്? യേശു പ്രവചിച്ച 'അഹ്മദ്' എന്ന നാമം ദൈവം സംരക്ഷിച്ചുവെന്നും യഥാർത്ഥ പ്രവാചകൻെറ ആഗമനംവരെ ആ പേര് ആർക്കും നൽകാതെ അവൻ കാത്തുവെന്നുമല്ലാതെ മറ്റൊന്നുമല്ല. യേശു പ്രവചിച്ച അഹ്മദ്, മുഹമ്മദ് നബി





(ﷺ)തന്നെയാണെന്നതിന് ഇനി തെളിവുകളെന്തിനാണ്?

മുൻ പ്രവാചകന്മാർ മുഴുവൻ പ്രവചിച്ച അവസാനത്തെ പ്രവാചകനാണ് മുഹമ്മദ് നബി(ﷺ). ഇഹപര ജീവിത വിജയം ആഗ്രഹിക്കുന്നവർ ആ പ്രവാചകനെ പിൻപറ്റുകയാണ് വേണ്ടത്.

'തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ പിൻപറ്റുന്നവർക്ക് (ദൈവകാരുണ്യമുണ്ടാകുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ അവർ തന്നെയാണ് വിജയികൾ' (7:157).

**കൂടുതൽ പഠിക്കാൻ**

NICHE OF TRUTH

P.B. N0: 1981, Vyttila, Cochin-19.

Tel: 0484 2301275, 2301576, Fax: 0484 2301175

Email:islam@nicheoftruth.org

www.nicheoftruth.org